ലളിത

604

GOVERNMENT HIGH & TRAINING SCHOOL
KOTTAYAM
KERALA STATE

R. Narayana Panicker B. A., L. T.

M. S. 604
428

ലളിത.

R. Narayana Panikkar B. A., L. T.

GOVERNMENT HIGH & TRAINING SCHOOL
KOTTAYAM.
KERALA STATE

PUBLISHER,
T. SUBBIAH REDDIAR,
THE REDDIAR PRESS &
BOOK-DEPOT.
TRIVANDRUM.

Copy-right and all
other rights strictly
reserved by Mrs. K. N. Thankamma.

THIRD EDITION,
1000 COPIES.
1124

Price Re. One.

GOVERNMENT HIGH & TRAINING SCHOOL KOTTAYAM KERALA STATE

അവതാരിക

പ്രസിദ്ധ വംഗസാഹിത്യകാരനായ ശരച്ചന്ദ്രചട്ടോപാദ്ധ്യായന്റെ സാമുദായിക നോവലുകളെല്ലാം മൂലഭാഷയിൽ നിന്നുതന്നെ നേരെ വിവൎത്തനംചെയ്താൽ കൊള്ളാമെന്നുള്ള അതിമോഹത്തിന്റെ ഫലമാണു് ഈ ചെറിയ ഗ്രന്ഥം. ഭാരതഖണ്ഡത്തിലെ ആഖ്യായികാകാരന്മാരുടെ കൂട്ടത്തിൽ ശരൽബാബുവിനുള്ള സ്ഥാനം അത്യുന്നതമാകുന്നു. ചാറൽസ് ഡിക്കൻസ് എന്ന പ്രസിദ്ധകാഥികൻ ആംഗലഭാഷാമുഖേന സാധിച്ച മഹനീയകൃത്യം ശരൽബാബു തന്റെ വംഗഭാഷാഗ്രന്ഥങ്ങൾ വഴിക്കു സാധിച്ചുവെന്നു പറയാം. രണ്ടുപേരും അവലംബിച്ച മാൎഗ്ഗങ്ങൾ രണ്ടാണെന്നേയുള്ളു. ഡിക്കൻസു് സമുദായശരീരത്തെ ബാധിച്ചിരുന്ന രോഗങ്ങളെ ശമിപ്പിക്കുന്നതിനു ഹാസ്യത്തിൽ പൊതിഞ്ഞ കടുതിക്തകങ്ങളായ ഔഷധങ്ങളെ പ്രയോഗിച്ചു. പഞ്ചിൽ കാണുന്ന മാതിരി ചരിത്രത്തിന്റെ അതിചിത്രമാണു് അദ്ദേഹത്തിന്റെ കൃതികളിൽ നാം പ്രായേണ കാണുന്നതു്. ശരൽബാബുവാകട്ടെ ഹിന്ദുസമുദായത്തെ ബാധിച്ചിരുന്ന ന്യൂനതകളെ അകററുന്നതിനു വേണ്ടി നമ്മെ ബംഗാളിലെ കുഗ്രാമങ്ങൾ തൊട്ടു് വലിയവലിയ നഗരങ്ങൾവരെയുള്ള എല്ലാ ദിക്കുകളിലും കൂട്ടിക്കൊണ്ടു ചെന്നു് അനാചാരങ്ങളുടെ കാഠിന്യത്താൽ സങ്കടപ്പെട്ടുഴലുന്ന ജനതയെ കാണിച്ചുതരുന്നു. അദ്ദേഹത്തിന്റെ ചരിത്രചിത്രണം അത്രമാത്രം സജീവമാണു്. അടുത്തകാലത്തു് ഗോവധത്തെ അടിസ്ഥാനപ്പെടുത്തി ഹിന്ദുക്കളും മുസ്ലിമീങ്ങളും തമ്മിൽ കൂടക്കൂടെ നിരൎത്ഥക

ങ്ങളും അനത്ഥകങ്ങളും ആയ കലഹങ്ങൾ ഉണ്ടായിക്കൊണ്ടിരുന്നു. "മഹേശൻ" എന്ന കഥ അതിന്റെ അത്ഥശൂന്യതയെ കാണിപ്പാനായി രചിക്കപ്പെട്ടതാണു്. ആ കഥ വായിച്ചുനോക്കിയാൽ യഥാത്ഥ പശുഹിംസകൻ ഹിന്ദുവോ മഹമ്മദീയനോ എന്നു നമുക്കു നിഷ്പ്രയാസം ഗ്രഹിക്കാം. അതിലെ ഒരു പ്രധാന പാത്രമായ കാശീപുരത്തെ ബ്രാഹ്മണജമീന്ദാർ ആചാരത്തിൽ വലിയ നിഷ്ഠയുള്ള ആളാണു്. പൂജാകമ്മങ്ങളെല്ലാം മുറപ്രകാരം നടത്തും. എന്നാൽ ആ ഗ്രാമത്തിൽതന്നെ ഗഫൂർ എന്ന ഒരു ദരിദ്ര മഹമ്മദീയൻ അമീന എന്ന ബാലികയോടുകൂടി താമസിക്കുന്നു. അവർ വാത്സല്യപൂർവം വളത്തിക്കൊണ്ടു വരുന്ന കാളയാണു് മഹേശൻ. അവർ പട്ടിണികിടന്നും ആ കാളയെ പോററിക്കൊണ്ടിരുന്നതു കണ്ടാൽ എത്ര കഠിനഹൃദയനും കരഞ്ഞുപോകും. അങ്ങനെ ഇരിക്കെ അനാവൃഷ്ടി നിമിത്തം വയലുകളിൽ വയ്ക്കോൽപോലും കിട്ടാതെ ആകുന്നു. അതിനോടുകൂടി ഗഫൂർ ജ്വരബാധിതനായും തീരുന്നു. പാവപ്പെട്ട കാളയെ ഒരു വൃക്ഷത്തിൽ ബന്ധിച്ചിരിക്കുന്നതു കണ്ടിട്ടു്, തക്കരത്നം എന്ന ജമീന്ദാരുടെ കാര്യസ്ഥൻ ചോദിക്കുന്നു:—

"എടോ ഗഫൂർ! ഇന്നലെ ഈ സമയത്തു് കാളയെ ഇവിടെ കെട്ടിയിരുന്നതു കണ്ടു. ഇന്നും ആ നിലയിൽതന്നെ കാണുന്നു. ഇതു ബ്രാഹ്മണജമീന്ദാരുടെ നാടാണു്. ഗോഹത്യ സംഭവിച്ചാൽ യജമാനൻ എന്നെ കൊന്നുകളയും അറിയാമോ?"

സാധു ഗഫൂർ പറയുന്നു:—

"യജമാനനേ ഞാൻ ജ്വരം പിടിപെട്ടു കിടപ്പിലാണു്; മൈതാനത്തിൽ ഓവറി.നിമിത്തം ഒരു പുല്ക്കൊടിപോലും ഇല്ല. അല്പം പുല്ലു് കടംതരണം."

ആ കഠിനഹൃദയൻെറ മറുപടി:—

"നിൻെറ മകൾ ഇന്നു കഞ്ഞിവച്ചില്ലേ—അതിൽ ഒരു ഭാഗം കാളയ്ക്കു കൊടുക്കാഞ്ഞതെന്തു്?"

ആ സാധു കഞ്ഞികുടിച്ചിട്ടു് ദിവസം രണ്ടു കഴിഞ്ഞിരിക്കുന്നു. ബ്രാഹ്മണനു് എന്നിട്ടും അലിവു് ഉണ്ടാകുന്നില്ല. ഒടുവിൽ ഗഫൂർ കാളയുടെ അടുക്കൽചെന്നിട്ടു പറയുന്നു:—

"മഹേശ! നീ എൻെറ മകൻ—ഏഴെട്ടു കൊല്ലമായി ഞങ്ങളെ നീ തന്നെ സംരക്ഷിച്ചുപോരുന്നു. ഇപ്പോൾ നീ വൃദ്ധനായി; നിനക്കു വയറുനിറയെ ആഹാരം തരുന്നതിനു പോലും ഞങ്ങൾക്കു സാധിക്കാതെയിരിക്കുന്നു. എന്നാൽ എനിക്കു് നിന്നോടു് എത്രമാത്രം സ്നേഹമുണ്ടെന്നു് നിനക്കു് അറിയാമല്ലോ."

ഒടുവിൽ ബ്രാഹ്മണജമീന്ദാരുടെ കഠിനമായ പെരുമാററംനിമിത്തം; മഹേശൻ ചത്തുപോകുന്നു. അവസാനരംഗംമാത്രം ഇവിടെ ഉദ്ധരിക്കാം.

"അന്ധകാരമയമായ ഗംഭീരനിശീഥത്തിൽ ഗഫൂർ മകളുടെ കൈക്കുപിടിച്ചുകൊണ്ടു് വീട്ടിൽനിന്നു ബഹിഷ്ക്രമിച്ചു. ഗ്രാമത്തിൽ അയാൾക്കു ഒരു ആത്മീയമിത്രവും ഉണ്ടായിരുന്നില്ല; അതുകൊണ്ടു് ആരോടും യാത്രചോദിക്കേണ്ട ആവശ്യം നേരിട്ടില്ല. അങ്കണം കടന്നു വഴിയരികിൽ ഉള്ള ആ വൃക്ഷത്തിൻെറ ചുവട്ടിൽ എത്തിയപ്പോഴേയ്ക്കും അയാൾ പെട്ടെന്നു നിന്നുപോയി; അയാളുടെ മുഖം നക്ഷത്രശൂന്യമായ ആകാശംപോലെതന്നെ കാളിമ പൂണ്ടു. പൊട്ടിക്കരഞ്ഞുകൊണ്ടു് അയാൾ പറഞ്ഞു:—

'അള്ളാഹ്! എൻെറ മഹേശൻ ചത്തുപോയി. അവനു നടന്നു തീററിതിന്നാൻ കഴിവുണ്ടായിരുന്നിടത്തോളം കാലം ഞാൻ ഇവിടംവിട്ടു പോയില്ല.'

"എന്നെ എത്രവേണമെങ്കിലും ശിക്ഷിച്ചുകൊള്ളുക. എന്നാൽ നീ തന്നിട്ടുള്ള പുല്ലും ജലവും ആരാണോ അവനു കൊടുക്കാതെ തടഞ്ഞുവച്ചിരുന്നതു് അവൻെറ അപരാധത്തെ ഒരിക്കലും ക്ഷമിക്കരുതേ."

ഇവരിൽ ആരാണു് പശുഹിംസകൻ! ഗഫൂരോ ബ്രാഹ്മണജമീന്ദാരോ?

ശരൽബാബു സാമുദായിക ദൂഷ്യങ്ങളെപ്പററി ദീർഘദീർഘങ്ങളായ പ്രസംഗങ്ങൾ ഒന്നും നടത്തുന്നില്ല. ആ ദൂഷ്യങ്ങൾക്കു വശപ്പെട്ടിരിക്കുന്ന ജനതയെ ചിത്രീകരിച്ചു കാണിച്ചുതരുന്നതേയുള്ളു. എന്നാൽ ഹിന്ദുസമുദായത്തെ ബാധിച്ചിട്ടുള്ള ന്യൂനതകളിൽ സർവ്വപ്രധാനമായി അദ്ദേഹം കരുതുന്നതു സ്ത്രീജനങ്ങൾക്കു വരുത്തിവച്ചിട്ടുള്ള അവശതകളാണു്.

ഈ അവശതകളെ വിവരിച്ചു് "നാരീർമൂല്യ" എന്നൊരു വിശിഷ്ടപ്രബന്ധവും അദ്ദേഹം രചിച്ചിരിക്കുന്നു. അതിൽ അദ്ദേഹം ഉന്നയിച്ചിട്ടുള്ള ഓരോ വാദമുഖവും എത്രത്തോളം പരമാൎത്ഥമാണെന്നു് അദ്ദേഹത്തിൻെറ കഥകൾ വായിക്കുന്നവൎക്കു മനസ്സിലാകും. അദ്ദേഹം പറയുന്നു:—

"മണിമാണിക്യങ്ങൾ മഹാൎഘങ്ങളായിരിക്കുന്നു; എന്തുകൊണ്ടു്? അവ ദുഷ്പ്രാപങ്ങളായതുകൊണ്ടുതന്നെ. ഈ കണക്കുവച്ചു നോക്കിയാൽ നാരിയുടെ മൂല്യം അതിതുച്ഛമാണു്. അവൾ പ്രപഞ്ചത്തിൽ സുദുർല്ലഭയല്ലല്ലോ. ജലം നിത്യോപയോഗമുള്ള വസ്തുവാണെങ്കിലും അതിനു ഒരു വിലയും ഇല്ല. എന്നാൽ എപ്പോഴെങ്കിലും ജലത്തിൻെറ അത്യന്താഭാവം സംഭവിക്കുന്നു എന്നുവരട്ടേ. അപ്പോൾ, രാജാധിരാജൻപോലും ഒരുതുള്ളി വെള്ളത്തിനു വേണ്ടി സാമ്രാജ്യത്തിലെ അനൎഘരത്നങ്ങളെ പറിച്ചുകൊടുക്കുന്ന കാൎയ്യത്തിൽ മുമ്പുപിമ്പു നോക്കുകയില്ലെന്നു നമുക്കു മനസ്സി

ലാവും. അതുപോലെതന്നെ എന്നെങ്കിലും സ്ത്രീ എന്നൊരു ജാതി ലോകത്തിൽ ഇല്ലാതെ വന്നുപോയാൽ—ഈശ്വരൻ അങ്ങനെ വരുത്താതിരിക്കട്ടെ—അന്നു് നമുക്കൊക്കെ അറിയാറാകും നാരിയുടെ മഹത്വം എന്താണെന്നു്."

വൈദികകാലംമുതല്ക്കേ സ്ത്രീലോകം പുരുഷന്റെ സ്വാർത്ഥതൽപരതയുടെ ഫലമായി കഠിനമായ അവശതകൾ അനുഭവിച്ചുപോരുന്നു.

"യത്രനാര്യ്സ്തു പൂജ്യന്തേ
രമന്തേ തത്ര ദേവതാഃ
യത്രൈതാസ്തു ന പൂജ്യന്തേ
സർവ്വാസ്തത്രാഫലാഃ ക്രിയാഃ."

ഇത്യാദി സ്മൃതിവാക്യങ്ങളെപ്പോലും ശരൽബാബു സംശയദൃഷ്ട്യാ വീക്ഷിക്കുന്നു. എന്തുകൊണ്ടെന്നാൽ, അതേ സ്മൃതികാരൻതന്നെ ഒന്നുരണ്ടു അദ്ധ്യായങ്ങൾ കഴിഞ്ഞിട്ടു്

"ന സ്ത്രീ സ്വാതന്ത്ര്യമർഹതി" എന്നും
"പ്രജനാർത്ഥം മഹാഭാഗാഃ
പൂജാർഹാ ഗൃഹദീപ്തയഃ
സ്ത്രീയഃ ശ്രിയശ്ച ഗേഹേഷു
ന വിശേഷോ/ത്ര കശ്ചന" എന്നും

വ്യക്തമായി പറഞ്ഞിട്ടുണ്ടല്ലോ. അങ്ങനെ ആയാൽ സ്ത്രീയുടെ പൂജനീയത്വം പുരുഷന്റെ തൃതീയ പുരുഷാർത്ഥസേവനത്തിനും തദ്വാരാ വംശത്തിന്റെ നിലനില്പിനും ഉള്ള "സാധനം" എന്ന നിലയിൽ മാത്രമാണു് നിർഭരമായിരിക്കുന്നതെന്നുവരുന്നു. പൌരസ്ത്യരും പാശ്ചാത്യരും ആയ വിചിന്തകന്മാരുടെ പ്രബന്ധങ്ങളേയും പ്രസംഗങ്ങളേയും പരിശോധിച്ചിട്ടും, സ്ത്രീകളുടെ അവശതകൾക്കെല്ലാം കാരണഭൂതൻ പുരുഷനാണെന്നു് അദ്ദേഹം സമർത്ഥി

ക്കാൻ നോക്കുന്നു. അതുകൊണ്ടു് ശരൽബാബുവിൻെറ കഥകളിലെല്ലാം സ്ത്രീപാത്രങ്ങൾക്കു കൂടുതൽ ഉൽക്കർഷം കല്പിച്ചുകാണുന്നുവെങ്കിൽ അത്ഭുതപ്പെടാനില്ല.

ലളിത ഒരു ചെറുകഥയാണെങ്കിലും ഇതിലും അദ്ദേഹത്തിൻെറ രചനാപാടവവും ചിത്രനിർമ്മാണചാതുരിയും മഹനീയാദർശങ്ങളും തെളിഞ്ഞു കാണ്മാൻ കഴിയും. സ്ത്രീധനവ്യവസ്ഥയുടെ കാർക്കശ്യംനിമിത്തം ഉണ്ടാകുന്ന ദുരിതങ്ങളുടെ ഒരു ഹൃദയസ്പൃക്കായ ചിത്രം നാം ഇതിൽ ദർശിക്കുന്നു. അനേകം സ്ത്രീസന്താനങ്ങളുടെ പിതൃത്വം വഹിക്കുക എന്ന ദൌർഭാഗ്യത്താൽ ശപ്തനായിത്തീർന്ന ഗുരുചരണബാബു—പരമശുദ്ധഹൃദയൻ—അകാലവൃദ്ധനായിത്തീർന്നുപോകുന്നു; എന്നു മാത്രമല്ല വിധർമ്മം അംഗീകരിക്കാൻ നിർബന്ധിതനായിട്ടു് ഗൃഹത്തിനുള്ളിൽ അശാന്തിശിഖപോലും ഉജ്ജ്വലിപ്പിക്കുന്നു. എന്നിട്ടും ദാരിദ്ര്യത്തിൽനിന്നു മോചനം ലഭിക്കുന്നോ? ഇല്ല. അയാൾ രോഗം പിടിപെട്ടുമരണംപ്രാപിക്കുന്നു. അദ്ദേഹത്തിൻെറ വാത്സല്യഭാജനമായ മരുമകൾ, ലളിത--സങ്കടം എന്തെന്നറിയാതെ തുള്ളിച്ചാടി കളിച്ചുകൊണ്ടിരുന്ന നിർദ്ദിഷ്ട ബാലിക—അമ്മാവൻെറ ധർമ്മവിപ്ലവംനിമിത്തം അനുഭവിക്കാൻ ഇടയായ സങ്കടങ്ങൾ വായിക്കുമ്പോൾ ആർക്കും തൊണ്ടയിടറിപ്പോകാതിരിക്കയില്ല.

ശരൽബാബുവിൻെറ ഇതരകൃതികളും കടലാസ്സിൻെറ ദൌർല്ലഭ്യം തീരുമ്പോൾ പ്രസിദ്ധീകരിക്കാമെന്നാണു് എൻെറ പ്രത്യാശ.

തിരുവനന്തപുരം, 6—1—1119.	ആർ. നാരായണപ്പണിക്കർ.

ലളിത

I

മാറിടത്തിൽ ശക്തിബാണം തറച്ച അവസരത്തിൽ ലക്ഷ്മണകുമാരന്റെ മുഖഭാവം തീർച്ചയായും വളരെ മ്ലാനീഭവിച്ചുപോയിരിക്കണം—എന്നാൽ രാവിലെ അന്തഃപുരത്തിൽനിന്ന്, തന്റെ സഹധർമ്മിണി യാതൊരു ക്ലേശവും കൂടാതെ അഞ്ചാമത്തെ കന്യകയെ പ്രസവിച്ചിരിക്കുന്നു എന്നുള്ള വാർത്താശൂലം ശ്രവണപുടത്തിൽ തറച്ചപ്പോൾ, ഗുരുചരണന്റെ മുഖം അതിന്റെ ശതഗുണം മ്ലാനീഭവിച്ചുകാണണം.

ഗുരുചരണൻ 60 ഉറുപ്പിക മാസപ്പടിയുള്ള ഒരു ബേങ്ക് ക്ലാക്കാണ്. അയാളുടെ ശരീരം വാടകവണ്ടിക്കു കെട്ടുന്ന കുതിരയുടേതുപോലെ മെലിഞ്ഞു ദുർബലമായിരിക്കുന്നു; കണ്ണുകളിലും മുഖത്തും അതുപോലെതന്നെ ഒരു മാതിരി നിഷ്കാമനിർവ്വികാരനിർല്ലിപ്തഭാവവും സ്ഫുരിക്കുന്നുണ്ട്. എന്നിട്ടും ഈ ഭയങ്കരമായ ശുഭവാർത്ത കേട്ടമാത്രയിൽ, അയാളുടെ ഹസ്തഗതമായിരുന്ന 'ഹുക്കാ'കൈയിൽതന്നെ ഇരുന്നുപോയി. ഒരുവിധത്തിൽ അയാൾ തന്റെ കീറിപ്പൊളിഞ്ഞ പൈതൃകോപബർഹത്തിൽ ചാരി ഇരുന്നു. ഒരു ദീർഘനിശ്വാസം വിടുന്നതിനുള്ള കെല്പുപോലും അയാൾക്കു ശേഷിച്ചിരുന്നില്ല.

ഈ ശുഭസംവാദവും കൊണ്ടുവന്നതു് അയാളുടെ മൂന്നാമത്തെ കന്യകയും ദശവയസ്കയും ആയ അന്നകാളി ആയിരുന്നു. അവൾ പറഞ്ഞു:—"അച്ഛാ! വന്നു നോക്കുന്നില്ലേ?"

ഗുരുചരണൻ കന്യകയുടെ മുഖത്തേയ്ക്കു് നോക്കി കൊണ്ടു് 'മകളേ! ഒരു ഗ്ലാസ് വെള്ളം കൊണ്ടുവരൂ, കുടിക്കട്ടെ' എന്നുമാത്രം പ്രതിവചിച്ചു.

ബാലിക ജലംകൊണ്ടുവരാനായി അവിടെനിന്നു നിഷ്ക്രമിച്ചു. തത്സമയം, ആദ്യമായി, സൌതീയകമ്മത്തിനു വേണ്ടി വരുന്ന പലമാതിരി ചെലവുകളുടെ കാര്യം അയാളുടെ സ്മൃതിമണ്ഡലത്തിൽ ഉദിച്ചുപൊങ്ങി. അതിനെ തുടന്നു്, നിരവധി ദുശ്ചിന്തകൾ, ആഗ്രഹത്തിരക്കുള്ള ദിവസം തീവണ്ടിസ്റ്റേഷനിൽ വണ്ടിവന്നു നിന്നിട്ടു് അതിലെ കതകുകൾ തുറക്കുന്നമാത്രയിൽ എപ്രകാരം മൂന്നാം ക്ലാസ്സു് യാത്രക്കാർ ഭാണ്ഡങ്ങളും പേറി കേവലം ഭ്രാന്തന്മാരെന്നോണം തിക്കിയും തള്ളിയും, ഉന്തിയും അകത്തു കടക്കുമോ അതുപോലെ, അഹമഹമികയാ അയാളുടെ മസ്തിഷ്കത്തിലേക്കു പ്രവേശിച്ചു.

കഴിഞ്ഞ വഷത്തിൽ രണ്ടാമത്തെ കന്യകയുടെ വൈവാഹികകമ്മത്തിലേക്കു് ബഹുബാജാരിലെ പൈതൃകഗൃഹംപോലും പണയം എഴുതേണ്ടതായ്വന്നതും, ആ വകയിൽ ആറുമാസത്തെ പലിശ ഇനിയും കൊടുത്തുതീക്കേണ്ടിയിരിക്കുന്നതും അയാൾ സ്മരിച്ചു. "ദുർഗ്ഗാപൂജയ്ക്കു് ഇനി ഒരുമാസക്കാലമേ ഉള്ളു; മദ്ധ്യമകന്യകയുടെ വരഗൃഹത്തിലേക്കു് സമ്മാനങ്ങൾ അയച്ചുകൊടുക്കേണ്ടതായും ഇരിക്കുന്നു. ആഫീസിലെ കാര്യമാണെങ്കിൽ, ഇന്നലേവരെ 'ഡെബിററ് ക്രിഡിററ്' (വരവുചെലവു്) കണക്കു വന്നുചേന്നിട്ടില്ല. ഇന്നു പന്ത്രണ്ടു മണിക്കുള്ളിൽ ബിലാത്തിക്കു കണക്കു് അയച്ചേ മതിയാവുതാനും. മുഷിഞ്ഞ വസ്ത്രം ധരിച്ചു കൊണ്ടു് ആരും ആഫീസിൽ കടന്നുപോകരുതേന്നാണു് ഇന്നലെ വലിയ സാധു ആജ്ഞാപിച്ചിരിക്കുന്നതു്. കടന്നുപോയാൽ പ്രായശ്ചിത്തം കൊടുക്കേണ്ടിവരുമെന്നുള്ളതിനു സംശയമേ ഇല്ല. ഒരാഴ്ചവട്ടമാ

യിട്ടു് ധോബിയെപ്പററി ഒന്നും അറിയാനും ഇല്ല. അവൻ എവിടെപ്പോയിത്തുലഞ്ഞോ എന്തോ? ആൎക്കറിയാം. ഈ വീട്ടിൽ ആകെയുള്ളതിൽ പാതി വസ്ത്രങ്ങളും അവന്റെ കൈയിലാണു്. അവൻ അവയൊക്കെ എടുത്തുംകൊണ്ടു് കടന്നുകളഞ്ഞിരിക്കുമോ ആവോ?" ചിന്താവീഥിയിൽ ഇത്രദൂരം ഗമിച്ചു കഴിഞ്ഞപ്പോഴേയ്ക്കു് ഗുരുചരണനു് തലയിണയിൽ ചാരി ഇരിക്കുന്നതുപോലും ദുസ്സഹമായിത്തീൎന്നു. ഹൂക്കാ മാററിവച്ചിട്ടു് അയാൾ കിടപ്പായി. അന്തരാന്തരാ ഇങ്ങനെ പറഞ്ഞു:—"ഭഗവാനേ! ഈ കല്ക്കത്താനഗരത്തിൽ ദിവസേന എത്രയോ 'ആളുകൾ കുതിരവണ്ടി കേറിയും മററും അപമൃത്യു പ്രാപിച്ചുകൊണ്ടിരിക്കുന്നു. നിന്റെ ദൃഷ്ടിയിൽ അവരെല്ലാം എന്നെക്കാൾ അപരാധികളാണോ? ഹേ ദയാമയ! നിന്റെ കൃപയാൽ ഒരു ഭാരിച്ച മോട്ടാർവണ്ടി എന്റെ മാറിടത്തിൽ കേറിയെങ്കിൽ, ഹാ! എത്ര നന്നായിരുന്നു!"

അന്നകാളി ജലവും കൊണ്ടു വന്നിട്ടു് പറഞ്ഞു:—

"അച്ഛാ! എണീല്ക്കു—വെള്ളമിതാ!"

ഗുരുചരണൻ എണീററു് ആ വെള്ളമെല്ലാം ഒരു നൊടിക്കുള്ളിൽ കുടിച്ചു തീൎത്തിട്ടു് ഒരു ഏമ്പക്കവും വിട്ടുകൊണ്ടു് "പോ മകളേ! ഗ്ലാസ്സു കൊണ്ടുപോ!" എന്നു മാത്രം പറഞ്ഞു

അവൾ പോയതിനുശേഷം അയാൾ പിന്നെയും കിടന്നു.

ലളിത മുറിക്കുള്ളിൽ വന്നിട്ടു് പറഞ്ഞു:—"മാമാജി! ഞാൻ ചായ കൊണ്ടുവന്നിരിക്കുന്നു—എണീല്ക്കു."

'ചായ, എന്ന പേരു കേട്ട മാത്രയിൽതന്നെ അയാൾ എണീററിരുന്നു. ലളിതയുടെ മുഖത്തേക്കു് ഒന്നു നോക്കിയപ്പോഴേക്കും അയാളുടെ പകുതിവിശപ്പും പമ്പ കടന്നു.

പറഞ്ഞു:—"രാത്രി മുഴുവനും ഉറങ്ങാതിരുന്നു—ഇല്ലേ? കുഞ്ഞേ! വാ! എൻെറ അടുത്തുവന്നു് അല്പം ഇരിക്കൂ."

ലളിത ലജ്ജിതയായി. അവൾ ചിരിച്ചുംകൊണ്ടു് അയാളുടെ അടുത്തു ചെന്നിരുന്നിട്ടു് മന്ദസ്വരത്തിൽ പറഞ്ഞു:—"മാമജി! ഞാൻ രാത്രിയിൽ അധികമൊന്നും ഉണന്നിരുന്നില്ല."

ജീർണ്ണശീർണ്ണശരീരനും ഗുരുഭാരഗ്രസ്തനും അകാലവൃദ്ധനും ആയ ഈ മാതുലൻെറ ഹൃദയത്തിലെ നിഗൂഢവ്യഥയെ അവളെക്കാൾ കൂടുതലായി ഈ ഗൃഹത്തിലുള്ള മററാരും അറിഞ്ഞിരുന്നില്ല.

ഗുരു:—അതല്ല! നീ വാ; എൻെറ അടുത്തു വാ.

ലളിത അടുത്തു ചെന്നു് ഇരുന്ന മാത്രയിൽ ഗുരുചരണൻ പെട്ടെന്നു് അവളുടെ ശിരസ്സിൽ കൈ വച്ചുകൊണ്ടു പറഞ്ഞു:—"ഈ പൊന്നു മരുമകളെ രാജവധുവാക്കാൻ കഴിഞ്ഞെങ്കിൽ ഹാ! ഞാൻഎത്രകൃതാർത്ഥനാകുമെന്നോ!"

ലളിത തലകുനിച്ചുകൊണ്ടു് ചായ പകൻറു കൊടുത്തു തുടങ്ങി. ഗുരുചരണൻ തുടൎന്നു:—"എൻെറ മരുമകൾ ഈ ഭാഗ്യദോഷിയായ അമ്മാവൻെറ വീട്ടിൽവന്നു് രാപകൽ ഇങ്ങനെ വീട്ടുപണിയെടുത്തുകൊണ്ടിരിക്കുന്നതു് എന്തിനു്?

ലളിത തല ആട്ടിക്കൊണ്ടു പറഞ്ഞു:—"ഞാൻ രാപകൽ ജോലി ചെയ്യുന്നോ? അമ്മാവാ! എല്ലാവരും ജോലി ചെയ്യുന്നു. അക്കൂട്ടത്തിൽ ഞാനും വല്ലതും ഒക്കെ ചെയ്തു കൊടുക്കുന്നു"

ഗുരുചരണൻ ഈ സമയം അല്പമൊന്നു ചിരിച്ചു ചായ കുടിച്ചുതീൎത്തിട്ടു പറഞ്ഞു. 'ശരി! ലളിതേ! ഇന്നു പാചകത്തിനു ആരു്?"

ലളിത:—(മുഖം വിയൎത്തിട്ടു്) "അമ്മാവാ! അതിനെന്തുവിഷമം? ഞാൻ പാകംചെയ്യും."

ഗുരു:—(ആശ്ചര്യപൂർവ്വം) നീയ്യോ? നീ എങ്ങനെ പാകംചെയ്യും? നീ പാചകവിദ്യ പഠിച്ചിട്ടുണ്ടോ?

ലളിത:—അമ്മാവാ! അതൊക്കെ അമ്മയുടെ അടുക്കൽനിന്നു ഞാൻ പഠിച്ചിട്ടുണ്ട്.

ഗുരു:—(ഗ്ലാസ്സ് നിലത്തുവച്ചിട്ട്) "വാസ്തവമോ?"

ലളിത:—അതേ! വാസ്തവംതന്നെ. അമ്മ എന്നെ നല്ലപോലെ പരിശീലിപ്പിച്ചിരുന്നു. ഞാൻതന്നെ ചിലപ്പോഴൊക്കെ പാചകംചെയ്തിട്ടുമുണ്ട്.

എന്നു പറഞ്ഞിട്ട് അവൾ വീണ്ടും തലകുനിച്ചുകളഞ്ഞു. ഗുരുചരണൻ ആ നമിതശിരസ്സിൽ കൈവച്ചിട്ട് ഹൃദയപൂർവ്വം ആശീർവദിച്ചു. അയാളുടെ ഒരു ചിന്താഭാരം പെട്ടെന്ന് അസ്തമിച്ചതുപോലെ തോന്നി.

ഗുരുചരണന്റെ ഗൃഹം തെരുവീഥിയിലാണ്. ചായകുടികഴിഞ്ഞു് ജനാലയിൽക്കൂടി വെളിയിലേക്ക് ഒന്നുനോക്കിയമാത്രയിൽ അയാൾവിളിച്ചുപറഞ്ഞു:—"അല്ല—നമ്മുടെ ശേഖരനല്ലെ അതു്?"

ഇതിനിടയ്ക്കു് ദീർഘകായനും ബലിഷ്ഠനും ആയ ഒരു സുന്ദരയുവാവു് അകത്തു പ്രവേശിച്ചുകഴിഞ്ഞു.

ഗുരു:—"ഇരിക്കൂ. ചിററമ്മയുടെ ഇന്നത്തെ രാവിലത്തെ വേലയെപ്പററി ഒരുപക്ഷേ കേട്ടിരിക്കും—അല്ലേ?

ശേഖരൻ:—(സസ്മിതം) വേലയെന്തു്? പിന്നെയും പെണ്ണിനെത്തന്നെ പ്രസവിച്ചിരിക്കാം—അല്ലേ?

ഗുരുചരണൻ ദീർഘനിശ്വാസപൂർവ്വം പറഞ്ഞു. "അവൾക്കു അതിനേ അറിഞ്ഞുകൂടു."

ശേഖ:—ചിററപ്പൻ അങ്ങനെ പറയരുതു്. ചിററമ്മ കേട്ടാൽ ദുഃഖിക്കും. ഭഗവാൻ തരുന്നതിനെ പ്രേമപൂർവ്വം സ്വീകരിക്കതന്നെ വേണം.

ക്ഷണനേരം മൌനമവലംബിച്ചശേഷം ഗുരുചരണൻ പറഞ്ഞു:—"പ്രേമപൂർവ്വം സ്വീകരിക്കണമെന്ന് എനിക്കും അറിയാം. എന്നാൽ ഭഗവാൻ വലിയ അന്യായമാണ് ചെയ്യുന്നത്. ഞാൻ ദരിദ്രൻ എനിക്കു ഇത്ര വലിയ കുടുംബമെന്തിനു? പാക്കാനുള്ള വീടുപോലും നിങ്ങളുടെ അച്ഛന്റെ പണയംഎഴുതിയിരിക്കയാണ് അതിലൊന്നിനും എനിക്കു സങ്കടമില്ല. എന്നാൽ ആലോചിച്ചു നോക്കൂ മകനേ!—നമ്മുടെ ലളിത ഇരിക്കുന്നു. അവൾക്കു അമ്മയില്ല. അച്ഛനില്ല. ഒരു കനകപ്രതിമ! രാജമന്ദിരത്തിൽപോലും അവൾ ശോഭിക്കാതിരിക്കയില്ല. അവളെ വിശ്വാസപൂർവ്വം ഞാൻ ആരുടെകൈയിൽ ഏല്പിക്കേണ്ടു! പറയൂ. രാജമകുടത്തിൽ വിളങ്ങുന്ന കോഹിനൂറിനും എന്റെ ഈ മരുമകളുടെ വിലവരികയില്ല. പക്ഷേ ഇതു് ആരറിയുന്നു? കൈയിൽ കാശില്ലാത്തതുകൊണ്ടു് ഈ മാതിരി രത്നത്തിനേയും കല്യാണംകഴിച്ചുകൊടുപ്പാൻ കഴിയാതെ വന്നിരിക്കുന്ന കാലമാണിതു്. വയസ്സു പതിമ്മൂന്നു കഴിഞ്ഞു. വല്ലതും ഒരു വിവാഹാലോചന ചെയ്തുവയ്ക്കാൻ പതിമ്മൂന്നു പൈസപോലും ഇല്ലതാനും."

ഗുരുചരണന്റെ നേത്രങ്ങളിൽ കണ്ണുനീർ നിറഞ്ഞു. ശേഖരൻ മിണ്ടാതെ ഇരുന്നു.

ഗുരു:—ശേഖരനാഥ! നോക്കൂ മകനേ! നിന്റെ സ്നേഹിതന്മാരുടെ കൂട്ടത്തിൽ ആർക്കെങ്കിലും ഈ കന്യകയെ കൊടുപ്പാൻ കഴിയുമോ എന്നു നോക്കു്. പണത്തെ വലിയ കാര്യമായി ഗണിക്കാത്ത ധാരാളം യുവാക്കന്മാർ ഇപ്പോൾ ഉണ്ടെന്നു കേൾക്കുന്നു. അങ്ങനെയുള്ള ആരെയെങ്കിലും കണ്ടുപിടിച്ചു കൊണ്ടുവരുന്ന പക്ഷം—ഞാൻ പരമാർത്ഥം പറയുന്നു—നീ ഒരു രാജാവായിത്തീരട്ടേഎന്നു ഞാൻ ആശീർവ്വദിക്കാം. എന്തുപറയട്ടേ—നിന്റെഅച്ഛൻ എന്നെ ഒരു അനുജനുതുല്യം സ്നേഹിക്കുന്നു.

ശേഖരൻ:—(തലകുലുക്കിക്കൊണ്ടു്) ശരി! ഞാൻ അന്വേഷിക്കാം.

ഗുരു:—മകനേ മറന്നു പോകരുതു്—ശ്രദ്ധയിരിക്കണം. ലളിത എട്ടു വയസ്സുമുതല്ക്കേ നിൻെറ അടുക്കൽ നിന്നുതന്നെ എഴുത്തും വായനയും പഠിച്ചുകൊണ്ടിരിക്കുന്നു അവൾ എത്ര ബുദ്ധിമതിയും ശാന്തചിത്തയും ആണെന്നു നിനക്കുതന്നെ അറിയാമല്ലൊ. ഇന്നു മുതല്ക്കു് ഈ വീട്ടിൽ പാചകജോലിയും വിളമ്പും, എന്നുവേണ്ട സകല ജോലികളും, അവളാണു് നടത്തുന്നതു്. അതിലും അവൾക്കു സാമൎത്ഥ്യം കുറവില്ല.

ഈ സമയം ലളിത നേത്രങ്ങൾ അല്പം ഉയൎത്തി ഒന്നു നോക്കീട്ടു് വീണ്ടും കുനിഞ്ഞിരുന്നുകളഞ്ഞു. അവളുടെ ഓഷ്ഠാധരങ്ങളുടെ ഇരു പാൎശ്വങ്ങളും അല്പം വികസിച്ചു. ഗുരുചരണൻ ദീൎഘമായി ഒന്നു നിശ്വസിച്ചിട്ടു പറഞ്ഞു:— "ഇവളുടെ അച്ഛൻ ജോലിചെയ്തു നിത്യവൃത്തിക്കുള്ള വകയൊക്കെ ഉണ്ടാക്കിക്കൊണ്ടിരുന്നു. എന്നാൽ എല്ലാം ദാനംചെയ്തുതീൎത്തു. ഇവൾക്കു് ഒരു പൈ പോലും വച്ചിരുന്നില്ല."

ശേഖരൻ മൌനമവലംബിച്ചു. ഗുരുചരണൻ തുടൎന്നു:—"എന്നാൽ ഒന്നും സമ്പാദിച്ചു വച്ചിരുന്നില്ലെന്നും പറയാവുന്നതല്ല. അദ്ദേഹം എത്ര എത്ര സാധുക്കളുടെ ദുഃഖനിവൃത്തി വരുത്തിയിരിക്കും. ആ പുണ്യത്തിൻെറ ഫലം ഒക്കെ മകൾക്കു വിട്ടുകൊടുത്തിരിക്കണം. അല്ലെങ്കിൽ പിന്നെ ഈ മാതിരി ഒരു ബാലിക ഇത്ര വലിയ അന്നപൂൎണ്ണേശ്വരിയായിത്തീരുമായിരുന്നോ? ഞാൻ പറയുന്നതു സത്യമല്ലേ? ശേഖര! നിനക്കെന്തുതോന്നുന്നു?"

ശേഖരൻ ചിരിച്ചു; മറുപടി ഒന്നും പറഞ്ഞില്ല. ആ യുവാവു് എണീല്ക്കാൻ ഭാവിച്ചപ്പോൾ ഗുരുചരണൻ

ചോദിച്ചു:—"ഇത്ര രാവിലെ എങ്ങോട്ടാണു് പുറപ്പെട്ടിരിക്കുന്നതു്?"

ശേഖരൻ:—ബാരിസ്റ്ററുടെവീട്ടിലേക്കു്. ഒരുകേസ്സുണ്ടു്.

അയാൾ എണീററു. ഗുരുചരണൻ ഒന്നുകൂടി അയാളെ ഓർമ്മപ്പെടുത്തി. "മകനേ ഓർമ്മയുണ്ടായിരിക്കണം. ലളിത കാഴ്ചയിൽ അല്പം ഇരുണ്ട നിറമുള്ളവളെങ്കിലും ഈ മാതിരി കണ്ണുകളും ഈ മാതിരി മുഖവും, ഈ മാതിരി പുഞ്ചിരിയും ഇത്രമാത്രം ദയാമമതാദികളും ലോകമൊട്ടുക്ക തേടിയാലും ഒരിടത്തും കണ്ടുകിട്ടുകയില്ല"

ശേഖരൻ തലകുലുക്കി ചിരിച്ചുകൊണ്ടു പുറത്തേക്ക പോയി.

ഈ യുവാവിന്നു് ഇരുപത്തഞ്ചോ ഇരുപത്താറോ വയസ്സു കാണണം. എം. ഏ. പരീക്ഷ പാസ്സായതിനു ശേഷവും കുറേക്കാലംകൂടി പഠിച്ചുകൊണ്ടിരുന്നു. കഴിഞ്ഞവർഷത്തിൽ അറേറാണ്ണിയായി. അദ്ദേഹത്തിൻെറ പിതാവായ നവീനചന്ദ്രൻ ഗുളവ്യവസായത്തിൽഏർപ്പെട്ടു ലക്ഷപ്രഭുവായിത്തീൎന്ന ഒരാളാണു്. അല്പകാലമായിട്ടു് അതിൽ നിന്നൊക്കെ വിരമിച്ചിട്ടു് വീട്ടിൽ ഇരുന്നു വ്യാപാരം നടത്തിക്കൊണ്ടിരിക്കയാകുന്നു മൂത്തമകനായഅബിനാശചന്ദ്രൻ വക്കീലാണു്; ശേഖരൻ അറേറാണ്ണിയും ആയി അദ്ദേഹത്തിൻെറ മൂന്നുനിലക്കെട്ടിടം നഗരത്തിൽ ഉള്ള മററെല്ലാ ഗൃഹങ്ങളെക്കാളും ഉയരം കൂടിയതാണു്. ഗുരുചരണൻെറ ഗൃഹം അദ്ദേഹത്തിൻെറ ഗൃഹത്തോടു തൊട്ടിരിക്കുന്നതിനാൽ, ആ രണ്ടു വീട്ടുകാൎക്കും തമ്മിൽ വലിയ മൈത്രീബന്ധം ഉണ്ടായതിൽ അത്ഭുതപ്പെടുവാനില്ല. ഇരുഗൃഹങ്ങളിലെയും സ്ത്രീജനങ്ങൾ അങ്ങോട്ടും ഇങ്ങോട്ടും പോകയും വരികയും ചെയ്തു കൊണ്ടിരിക്കുന്നു.

II

കുറേക്കാലമായി ശ്യാമബാജാറിലെ ഒരു ധനികന്റെ ഗൃഹത്തിൽവന്നു് ശേഖരന്റെ വിവാഹാലോചന നടന്നുകൊണ്ടിരുന്നു. ആ വീട്ടുകാർ ശേഖരനെ കാണാൻ വന്നിരുന്നു. അടുത്ത മാഘമാസത്തിലുള്ള ഒരു ശുഭദിനം നോക്കി വിവാഹം നടത്തിയാൽ കൊള്ളാമെന്നുള്ള ആഗ്രഹം അവർ അന്നുതന്നെ പ്രദർശിപ്പിക്കയും ചെയ്തു. എന്നാൽ ശേഖരന്റെ അമ്മ ആ അഭിപ്രായത്തെ അംഗീകരിക്കാതെ, മകൻതന്നെ കുട്ടിയെക്കണ്ടു് തൃപ്തിപ്പെട്ടതിനു ശേഷം വിവാഹം തീർച്ചപ്പെടുത്തിക്കൊള്ളാമെന്നു മേഹരിയോടു പറഞ്ഞയച്ചു.

നവീനചന്ദ്രന്റെ ദൃഷ്ടി പണത്തിൽ മാത്രമായിരുന്നു. അദ്ദേഹം ഈ സംശയാത്മകമായ വാക്കിനാൽ അപ്രസന്നനായിട്ടു് തന്റെ പത്നിയോടു് ഇങ്ങനെ പറഞ്ഞു:— ഇതെന്തൊരസംബന്ധമാണു്? കുട്ടിക്കു തരക്കേടൊന്നുമില്ല. വാക്കുകൊടുപ്പു നടക്കട്ടേ. ആശീർവാദം ചെയ്യുന്ന അന്നു് കുട്ടിയെ നല്ലപോലെ കണ്ടുകൊള്ളാമല്ലോ.”

എന്നിട്ടും ഗൃഹനായികയ്ക്കു സമ്മതമായില്ല—വിവാഹക്കരാറു നടത്തുന്നതുമില്ല. നവീനചന്ദ്രൻ അന്നു് ദേഷ്യപ്പെട്ടു് ഉച്ചഭക്ഷണത്തിനുപോലും അമാന്തിച്ചു. ഊണു കഴിച്ചതിനുശേഷം പതിവിനു വിപരീതമായി വെളിയിലുള്ള ബൈഠക്ഖാനയിൽ ചെന്നാണു് വിശ്രമിച്ചതും.

ശേഖരനാഥൻ പ്രകൃത്യാ അല്പം സുഖലോലുപനാണു്. മൂന്നാമത്തെ നിലയിൽ അദ്ദേഹം ഇരിക്കുന്ന മുറി വളരെ ഭംഗിയായി സജ്ജീകരിച്ചിരിക്കും. അഞ്ചാറു ദിവസങ്ങൾ കഴിഞ്ഞു്, ഒരുദിവസം ഉച്ചതിരിഞ്ഞു്, അദ്ദേഹം നിലക്കണ്ണാടിയുടെ മുമ്പിൽ നിന്നുകൊണ്ടു പെണ്ണു കാണാൻ പോകുന്നതിനു വേണ്ട ഒരുക്കങ്ങൾ ചെയ്തു

കൊണ്ടിരിക്കേ, ലളിത അകത്തു പ്രവേശിച്ചു. അവൾ തുഷ്ണീംഭാവേന കുറേനേരം നോക്കിക്കൊണ്ടിരുന്നശേഷം ചോദിച്ചു:—

"വധുവിനെ കാണാനുള്ള ഒരുക്കമാണോ?"

ശേഖരൻ തിരിഞ്ഞു നോക്കിക്കൊണ്ടു പറഞ്ഞു:—

"വന്നോ! നന്നായി! വധുവിനു എന്റെ പേരിൽ തുഷ്ടി ജനിക്കത്തക്കവണ്ണം എന്നെ വേണ്ടപോലെ ഒരുക്കി വിടുക."

ലളിത ചിരിച്ചുകൊണ്ടു പറഞ്ഞു:—"ശേഖരച്ചേട്ടാ, എനിക്കിപ്പോൾ സമയമില്ല. ഞാൻ പണം വാങ്ങാൻ വന്നതാണു്."

ഇത്രയും പറഞ്ഞിട്ടു് അവൾ മെത്തയുടെ കീഴിൽനിന്നു താക്കോൽക്കൂട്ടം എടുത്തു ഡ്രായർ തുറന്നു് എത്രതാനും ഉറുപ്പിക എണ്ണി ചേലാഗ്രത്തിൽ കെട്ടിയശേഷം ചിന്താഗ്രസ്തയെന്നപോലെ പതുക്കെ പറഞ്ഞു:—"പണം ആവശ്യംപോലെ വാങ്ങിക്കൊണ്ടുപോകുന്നുണ്ടു്—പക്ഷേ ഈ കടമൊക്കെ എങ്ങനെ തീക്കും?"

ശേഖരൻ ഒരു പാൎശ്വത്തിലെ മുടി കോതി വെടുപ്പാക്കിക്കൊണ്ടു് അവളുടെനേക്കു തിരിഞ്ഞിട്ടു് പറഞ്ഞു:— "അതൊക്കെ തീൎന്നുകൊള്ളും—തീൎന്നുകൊണ്ടല്ലേ ഇരിക്കുന്നതു്?

ലളിതയ്ക്കു് അൎത്ഥം മനസ്സിലായില്ല—അവൾ മിഴിച്ചു കൊണ്ടുനിന്നു.

ശേഖരൻ:—എന്താണു് മിഴിച്ചുകൊണ്ടുനില്ക്കുന്നതു്—മനസ്സിലായില്ലേ?

"ഇല്ല."

"അല്പംകൂടി വളരട്ടെ. അപ്പോൾ മനസ്സിലാകും" എന്നുപറഞ്ഞിട്ടു് ശേഖരൻ ചെറിപ്പുംധരിച്ചുകൊണ്ടു വെളിയിലേക്കു പോയി.

രാത്രിയായി. ശേഖരൻ തിരിച്ചു വന്നു് ഒരു കോച്ചിന്മേൽ ചെന്നുകിടന്നു. ആ സമയം അമ്മ മുറിക്കുള്ളിൽ പ്രവേശിക്കയാൽ അദ്ദേഹം പെട്ടെന്നു് എഴുനീററിരുന്നു. അമ്മ ഒരു സോഫയിൽ ഇരുന്നിട്ടു പറഞ്ഞു:—"കുട്ടിയെ കണ്ടോ എങ്ങനെ ഇരിക്കുന്നു?"

ശേഖ.—വളരെ നന്നു്.

ശേഖരൻെറ അമ്മയുടെ പേരു് ഭുവനേശ്വരി എന്നായിരുന്നു. അമ്പതു വയസ്സു പ്രായം വരും. എന്നാൽ കാഴ്ചയിൽ മുപ്പത്തിഅഞ്ചോ മുപ്പത്തിആറോ-അതിൽക്കൂടുതൽ തോന്നിക്കുമായിരുന്നില്ല. ആ സുന്ദരമായ ആവരണത്തിനുള്ളിൽ ഒളിഞ്ഞിരുന്ന മാതൃഹൃദയമോ? അതിലും നവീനം-അതിലും കോമളം ആയിരുന്നു. നാട്ടുംപുറത്തു ജനിച്ചു വളൎന്നവളെങ്കിലും, നഗരത്തിലും അവരുടെ ശോഭയ്ക്കു തെല്ലുപോലും കുറവുണ്ടായിരുന്നില്ല. നഗരത്തിലെ ചഞ്ചലതയും സജീവതയും ആചാരവ്യവഹാരവും ഒക്കെ അവർ നിഷ്പ്രയാസം അംഗീകരിച്ചെങ്കിലും, ജന്മഭൂമിയിലെ നിബിഡനിസ്തബ്ധതയെയും മാധുൎയ്യത്തേയും കൈവെടിഞ്ഞുമില്ല. അമ്മ എത്രമാത്രം ശേഖരൻെറ ഗർവ്വപാത്രമായിരുന്നു എന്നുള്ള സംഗതി അവർ അറിഞ്ഞിരുന്നോ എന്നു സന്ദിഗ്ദ്ധമാണു്. ജഗദീശ്വരൻ അനന്യസാധാരണമായ ആരോഗ്യം, രൂപസമ്പത്തു്, ഐശ്വൎയ്യം, ബുദ്ധി എന്നിങ്ങനെ അനേകം വസ്തുക്കൾ ഈ യുവാവിനു നൽകീട്ടുണ്ടു്. എന്നാൽ ഈ ജനനിയുടെ സന്താനമായി ജനിക്കുന്നതിനു തനിക്കു ലഭിച്ച മഹാഭാഗ്യത്തെയാണു് അദ്ദേഹം ഇവ എല്ലാററിനെയുംകാൾ ഉപരിയായി ഗണിച്ചതു്.

അമ്മ:—'വളരെ നന്നു്' എന്നു പറഞ്ഞു മിണ്ടാതിരുന്നുകളഞ്ഞതെന്തുകൊണ്ടു്?

ശേഖരൻ സസ്മിതം കീഴ്പോട്ടു നോക്കിക്കൊണ്ടു് പറഞ്ഞു:—"അമ്മ ചോദിച്ചതിനു മറുപടി പറഞ്ഞു."

അമ്മ ചിരിച്ചു. ചോദിച്ചതിന്നു മറുപടി എവിടെ? നിറം എങ്ങനെ? വെളുത്താണോ? ആരെപ്പോലിരിക്കുന്നു? നിന്റെ ലളിതയെപ്പോലെയാണോ?

ശേഖരൻ തലപൊക്കീട്ടു പറഞ്ഞു:—ലളിത കറുത്തതല്ലയോ? അവളെക്കാറം വെളുപ്പുണ്ടു്.

"കണ്ണും മുഖവും ഒക്കെ എങ്ങനെ ഇരിക്കുന്നു?"

"ചീത്തയല്ല."

"ബാബുജിയോടു പറയട്ടെ."

ശേഖരൻ മൌനം പൂണ്ടു.

ഭുവനേശ്വരി ക്ഷണനേരം മകന്റെ മുഖത്തേയ്ക്കു നോക്കിക്കൊണ്ടിരുന്നശേഷം പെട്ടെന്നു ചോദിച്ചു:—

"കുട്ടിക്കു് എഴുത്തും വായനയും അറിയാമോ?"

"അമ്മേ! അതൊന്നും ഞാൻ ചോദിച്ചില്ല."

അമ്മ അത്യാശ്ചര്യപൂർവ്വം പറഞ്ഞു:—"എന്തുകൊണ്ടു ചോദിച്ചില്ല? ഇക്കാലത്തു് നിങ്ങളെപ്പോലുള്ളവർക്കെല്ലാം സർവ്വപ്രധാനമായിരിക്കുന്ന കാര്യമേതോ അതിനെപ്പററി ഒന്നും ചോദിച്ചില്ലെന്നോ?"

ശേഖരൻ ചിരിച്ചുകൊണ്ടു പറഞ്ഞു:—"ഇല്ല—എനിക്കു ഓർമ്മവന്നില്ല."

മകന്റെ വാക്കു കേട്ടപ്പോറം വലിയവിസ്മയം തോന്നുകയാൽ, കുറേനേരം മുഖത്തുതന്നെ ദൃഷ്ടി ഉറപ്പിച്ചു നോക്കിയശേഷം, അവർ ചിരിച്ചുകൊണ്ടു പറഞ്ഞു:—"നിനക്കു് അവളെ കല്യാണം കഴിപ്പാൻ ഇഷ്ടമില്ലെന്നു് എനിക്കു മനസ്സിലായി."

ശേഖരനു ചിലതൊക്കെ പറയാനുണ്ടായിരുന്നു; എന്നാൽ തത്സമയം ലളിത വന്നുചേർന്നതുകൊണ്ടു് മൌനമവലംബിച്ചുകളഞ്ഞു. ലളിത പതുക്കെ ഭുവനേശ്വരിയുടെ പിന്നിൽ വന്നു നിലകൊണ്ടു. അവർ വാമഹസ്തത്താൽ

അവളെ മുന്നിലേക്ക ആകർഷിച്ചിട്ട പറഞ്ഞു:—"എന്താണ് മകളേ?"

"അമ്മേ! ലളിത മൃദുസ്വരത്തിൽ പറഞ്ഞു:—"ഒന്നുമില്ല."

ലളിത മുമ്പൊക്കെ ഭുവനേശ്വരിയെ 'ചെറിയമ്മ' എന്നാണു വിളിച്ചു വന്നിരുന്നത്. എന്നാൽ "ലളിതേ ഞാൻ നിൻെറ ചെറിയമ്മയല്ല—അമ്മയാണു്" എന്നു പറഞ്ഞു' അവർ വിലക്കിയ അന്നുമുതല്ക്കു് അവൾ 'അമ്മ' എന്നേ വിളിക്കാറുണ്ടായിരുന്നുള്ളു. ഭുവനേശ്വരി അവളെ മാറോടു ചേർത്തു പിടിച്ചുകൊണ്ടു വാത്സല്യപൂർവം പറഞ്ഞു:—

"ഒന്നുമില്ലേ? പക്ഷേ എന്നെ കാണ്മാനായി മാത്രം വന്നതായിരിക്കാം."

ലളിത മിണ്ടിയില്ല.

ശേഖരൻ പറഞ്ഞു:—"കാണാൻ വന്നതാണെങ്കിൽ അടുക്കള ജോലിയൊക്കെ പിന്നെ എപ്പോഴാണു്?"

ഭുവ—അടുക്കള ജോലിയോ? എന്തിനു്?

ശേഖരൻ ആശ്ചര്യപൂർവം ചോദിച്ചു:—"അമ്മേ അവരുടെ വീട്ടിൽ പാചകജോലിക്കു് വേറെ ആരുണ്ടു്? ലളിതയാണു് അവിടുത്തെ ആവക ജോലിയൊക്കെ നടത്തുന്നതെന്നു് അവളുടെ അമ്മാവൻ അന്നൊരിക്കൽ എന്നോടു പറഞ്ഞു."

അമ്മ ചിരിക്കാൻ തുടങ്ങി. അവർ പറഞ്ഞു:—

അവളുടെ അമ്മാവനു ബുദ്ധിഭ്രമമുണ്ടോ? വായിൽ തോന്നിയതു കോതയ്ക്കു പാട്ടെന്നമട്ടിൽ പറഞ്ഞു—അത്രേയുള്ളു. ഇവൾക്ക ഇനിയും കല്യാണമായിട്ടില്ല; ഇവൾ പാചകം ചെയ്യുയോ? ഞാൻ നമ്മുടെ മിസ്രാണിയെ അയച്ചുകൊടുത്തിട്ടുണ്ടു്; അവൾ പാകം ചെയ്തു കൊടുക്കും. ഇവിടുത്തെ പാചകജോലി എല്ലാം മൂത്ത വധു തന്നെ

യാണു് ചെയ്യുന്നതു്. ഈയിടയൊക്കെ ഇവൾക്കു ഉച്ച യ്ക്കുള്ള ഊണും ഇവിടെത്തന്നെ."

തന്റെ മാതാവു് ഈ ദുഃഖിതജനങ്ങളുടെ ഗുരുഭാരത്തെ സ്വയമേവ കൈയേററിരിക്കുന്നു എന്നു കണ്ടിട്ടു് ശേഖരൻ സന്തോഷിച്ചു.

മാസം ഒന്നുകഴിഞ്ഞു. ഒരുദിവസം സന്ധ്യയ്ക്കു ശേഖരൻ തന്റെ മുറിയിലുള്ള കോച്ചിന്മേൻ ചാരിക്കിടന്നുകൊണ്ടു് ഒരു ഇംഗ്ലീഷ് നോവൽ വായിക്കാൻ തുടങ്ങി. കഥ വളരെ രസകരമായി തോന്നി. ഇതിന്നിടയ്ക്കു ലളിത മുറിയ്ക്കുള്ളിൽകടന്നു. മെത്തയുടെ കീഴിൽനിന്നു താക്കോൽക്കൂട്ടം എടുത്തിട്ടു് ഡ്രായർ തുറക്കുന്ന ശബ്ദം കേട്ടു് ശേഖരൻ പുസ്തകത്തിൽ നിന്നു കണ്ണെടുക്കാതെ തന്നെ ചോദിച്ചു:—"എന്താണു്?"

ലളിത പറഞ്ഞു.—"ഞാൻ കുറെപണം എടുക്കുന്നു."

"ശരി" എന്നുപറഞ്ഞിട്ടു് അദ്ദേഹം വായന തുടൎന്നു. ലളിത ചേലാഞ്ചലത്തിൽ പണം കെട്ടിയിട്ടു പതുക്കെ എണീററു. ആഭരണം അണിഞ്ഞുകൊണ്ടാണു് അവൾ ഇന്നു വന്നിരിക്കുന്നതു്. ശേഖരൻ തന്നെ ഒന്നു നോക്കണമെന്നു അവൾക്കു ആഗ്രഹമുണ്ടായിരുന്നു. അവൾ പറഞ്ഞു:—"ശേഖരദയിയാ! ഞാൻ പത്തുറുപ്പികഎടുക്കുന്നു." ശേഖരൻ ആകട്ടെ 'ശരി' എന്നുപറഞ്ഞതല്ലാതെ അങ്ങോട്ടുനോക്കിയതേ ഇല്ല. ഗത്യന്തരമില്ലാതെ അവൾ അദ്ദേഹത്തിന്റെ ശ്രദ്ധയെ ആകർഷിപ്പാൻ വേണ്ടി അതുമിതുമൊക്കെ ചെയ്തുനോക്കി; ഒടുവിൽ ഒരുഫലവും ഉണ്ടാകായ്കയാൽ മന്ദമന്ദം വെളിയിലേക്കു പോന്നു. എന്നാൽ വെളിയിലേക്കുപോന്നിട്ടും, കുറച്ചുദൂരമേപോകാൻ കഴിഞ്ഞുള്ളു; വീണ്ടും വാതുക്കലേക്കുതന്നെ തിരിച്ചുവന്നു. ഇന്നു് അവൾ മററുള്ളവരോടുകൂടി നാടകം കാണ്മാൻ

പോകുന്നതിനിശ്ചയിച്ചിരിക്കയാണ്. എന്നാൽ ശേഖരന്റെ അനുവാദംകൂടാതെ ഒരിടത്തും പോകാൻ തനിക്കു സാധിക്കയില്ലെന്നും അവൾക്കറിയാം. അങ്ങനെയാണ് വേണ്ടതെന്ന് അവളോടു ആരും പറഞ്ഞിട്ടില്ല; അതിന്റെ ആവശ്യമെന്താണെന്നുള്ള പ്രശ്നം അവളുടെ മനസ്സിൽ ഇതേവരെ ഉദിച്ചിട്ടുമില്ല. സ്വാഭാവിക സഹജബുദ്ധിയാണ് ഈ വിഷയത്തിൽ അവൾക്കു ശിക്ഷണം നൽകിയതു്. മററുള്ളവർക്ക് എന്തുവേണമെങ്കിലുംചെയ്യാം; എവിടെവേണമെങ്കിലും പോകാനും സാധിക്കും; എന്നാൽ ലളിതയ്ക്കു് ശേഖരന്റെ അനുമതി കൂടാതെ അതിനൊന്നിനും സാധിക്കയില്ല. അതുകൊണ്ടു് അവൾ, വാതലിന്റെ മറവിൽ നിന്നുകൊണ്ടു തന്നെ പതുക്കെ പറഞ്ഞു:—
"ഞങ്ങളൊക്കെ നാടകംകാണാൻപുറപ്പെട്ടിരിക്കയാണു്."

അവളുടെ മൃദുകണ്ഠസ്വരം ശേഖരന്റെ കാതുവരെ എത്തായ്കയാൽ അദ്ദേഹം മറുപടി ഒന്നും പറഞ്ഞില്ല. ലളിത വീണ്ടും കുറെക്കൂടി ഉച്ചത്തിൽ പറഞ്ഞു:—

"എല്ലാവരും എനിക്കുവേണ്ടി കാത്തു നില്ക്കുന്നു."

ഇപ്പോൾ ശേഖരൻ കേട്ടു; പുസ്തകം നിലത്തുവച്ചിട്ടു ചോദിച്ചു;—"എന്താണ്?"

ലളിത പരുഷസ്വരത്തിൽ പറഞ്ഞു:—"ഇത്രയും ആയിട്ടും കേട്ടില്ലേ? ഞങ്ങളെല്ലാം നാടകം കാണ്മാൻ പോകുന്നു."

ശേഖരൻ:—"ഞങ്ങൾ എന്നുവച്ചാൽ ആരെല്ലാം?"

"അമ്മ, അന്നകാളി, ചാരുബാലയുടെ അനുജൻ, അവന്റെ മാമൻ........

"മാമൻ ആരു്?"

'ഗിരീൻബാബു എന്നാണു പേരു്. മുംഗേറിൽനിന്നു വന്നിട്ടു് അഞ്ചു ദിവസമേ ആയിട്ടുള്ളു. ബി. ഏ-യ്ക്കുപഠിക്കുന്നു. നല്ല ആളാണു്."

"ഭേഷ്", ഉത്തരം പേരും കാര്യവും വീര്യവും എന്നു എല്ലാം നാലഞ്ചു ദിവസങ്ങൾക്കുള്ളിൽ പരിചയമായിരിക്കുന്നു. പക്ഷേ ചീട്ടുകളി പൊടിപൂരമായി നടക്കുന്നുണ്ടായിരിക്കാം. അല്ലേ!"

ശേഖരൻെറ വാക്കുകളുടെ സ്വരം കേട്ടിട്ടു് ലളിത ഭയപ്പെട്ടു. ഇങ്ങനെ ഒരു ചോദ്യം ഉണ്ടാകുമെന്നുപോലും അവൾ ആലോചിച്ചിരുന്നില്ല. അവൾ മൌനം പൂണ്ടു.

ശേഖരൻ:—"അവിടെ ഏതാനും ദിവസമായിട്ടു് ചീട്ടുകളി നടന്നുകൊണ്ടിരിക്കയല്ലേ?"

ലളിത മൃദുസ്വരത്തിൽ പറഞ്ഞു:—'ചാരു പറഞ്ഞിരുന്നു?"

"ചാരു പറഞ്ഞിരുന്നോ? എന്തു പറഞ്ഞിരുന്നു?" ഇത്രയും പറഞ്ഞിട്ടു ശേഖരൻ മുഖം ഉയർത്തി.

"അല്ല, ഉടുത്തൊരുങ്ങി വന്നിരിക്കയാണോ? ശരി! ശരി! പൊയ്ക്കൊള്ളണം."

ലളിത പോയില്ല. അവൾ മിണ്ടാതെ നിന്നു.

അടുത്ത വീട്ടിലെ ചാരുബാല അവളുടെ സമവയസ്കയും കൂട്ടുകാരിയും ആണ്. അവരെല്ലാം ബ്രാഹ്മസമാജത്തിൽ പെട്ടവരും ആകുന്നു. ശേഖരനു ഗിരീന്ദ്രനെ ഒഴിച്ചു ബാക്കി എല്ലാവരെയും അറിയാം. അയാൾ അഞ്ചാറു വർഷങ്ങൾക്കുമുമ്പിൽ ഇവിടെവന്നിരുന്നു. ബാങ്കിപ്പൂർനഗരത്തിൽ പഠിച്ചുകൊണ്ടിരുന്നതിനാൽ ഈയിടയ്ക്കൊക്കെ അയാൾക്കു കല്ക്കത്തായിൽ വരേണ്ട ആവശ്യം ഒന്നുമില്ലായിരുന്നു-അതുകൊണ്ടു വന്നതുമില്ല. അതിനാൽ ശേഖരനു് അയാളുമായി പരിചയിക്കാൻ ഇടവരാഞ്ഞതാണു്. ലളിത പിന്നെയും നില്ക്കുന്നതുകണ്ടിട്ടു് അദ്ദേഹം പറഞ്ഞു:—"ഈ കള്ളത്തരം എന്തിനു്? പോവരുതേ?"

അദ്ദേഹം വീണ്ടും പുസ്തകം കൈയിൽ എടുത്തു.

അഞ്ചുമിനിട്ടുനേരം മിണ്ടാതെ നിന്നശേഷം ലളിത "പോകട്ടെ?" എന്നു പതുക്കെ ചോദിച്ചു.

"പോകാൻ പറഞ്ഞില്ലേ ലളിതേ?"

ശേഖരൻെറ അപ്രസന്നഭാവം കണ്ടപ്പോൾ, ലളിതയ്ക്കു നാടകം കാണ്മാനുള്ള ആഗ്രഹമേ നശിച്ചു; പക്ഷെ പോകാതിരിക്കാൻ ഒരു നിവൃത്തിയും ഇല്ലായിരുന്നു. എന്തുകൊണ്ടെന്നാൽ, പകുതി ചെലവു് അവളും പകുതി ചാരുവിൻെറ മാമനും വഹിച്ചുകൊള്ളാമെന്നു വാക്കുപറഞ്ഞുപോയി.

ചാരുവിൻെറ വീട്ടുകാർ ലളിതയ്ക്കുവേണ്ടി കാത്തിരുന്നു വിഷമിച്ചു. ഒടുക്കം അവരുടെ ക്ഷമ അസ്തമിക്കും എന്ന മട്ടുവരെ എത്തി. എന്നിട്ടും ശേഖരൻെറ പൂർണ്ണാനുവാദംകൂടാതെ പോകുന്നതിനുള്ള ധൈര്യം അവൾക്കുണ്ടായില്ല. മൂന്നുനാലു മിനിട്ടു് മിണ്ടാതെ നിന്നശേഷം അവൾ പറഞ്ഞു. "ഇന്നത്തേക്കുമാത്രം എന്നെ പോകാൻ അനുവദിക്കണം."

ശേഖരൻ പുസ്തകത്തെ ഒരു വശത്തേയ്ക്കു വലിച്ചെറിഞ്ഞിട്ടു് ശാസനരൂപത്തിൽ പറഞ്ഞു:—"ലളിതേ! എന്തിനുമടിക്കുന്നു? പോകാൻ ഉറച്ചുവെങ്കിൽ പോകരുതോ? നന്മയും തിന്മയും തിരിച്ചറിയത്തക്ക പ്രായം ആയല്ലോ നിനക്കു."

ലളിത ഒന്നു ഞെട്ടി. ശേഖരൻെറ രൌദ്രഭാവം അവൾക്കു സുപരിചിതമായിരുന്നു; എന്നാൽ രണ്ടു മൂന്നു കൊല്ലങ്ങൾക്കിടയിൽ ഇങ്ങനെ ഒരു രൌദ്രം അവൾ കണ്ടിട്ടേ ഇല്ല. അവിടെ തൻെറ മിത്രമണ്ഡലി തനിക്കുവേണ്ടി കാത്തുനില്ക്കുന്നു; താനും ഉടുത്തൊരുങ്ങിക്കഴിഞ്ഞു. പണം എടുക്കാൻവന്നതിനിടയ്ക്കു് ഇതാ ഒരു മഹാവിഘ്നം പിണഞ്ഞിരിക്കുന്നു — ഇതിൽനിന്നു് എന്തു മോചനം? ഇനി അവരോടു് എന്തുപറയും?

എവിടെ എങ്കിലും പോകുകയോ വരികയോ ചെയ്യുന്നതിന്ന് ശേഖരൻ അവൾക്ക പരിപൂൎണ്ണസ്വാതന്ത്ര്യം അനുവദിച്ചിരുന്നു. ഒരിക്കലും ഒരു തടസ്സവും പറഞ്ഞിട്ടുമില്ല. ആ ബലംകൊണ്ടാണ് അവൾ ഉടുത്തൊരുങ്ങി പുറപ്പെട്ടതു്. സ്വാതന്ത്ര്യത്തിന്നു ഉടവുതട്ടിയതിൽ അവൾക്കു തെല്ലുപോലും കുണ്ഠിതമുണ്ടായില്ല; എന്നാൽ എന്തുകാരണത്താലാണോ ഇങ്ങനെ സംഭവിച്ചതു് ആ കാരണം ഈ പതിമ്മൂന്നു വയസ്സിന്നിടയ്ക്കു് മുമ്പു് ഒരിക്കലും അനുഭവിച്ചിട്ടില്ലാത്ത ഒരു ഹൃദയവേദന ജനിപ്പിക്കത്തക്കവണ്ണം അത്രയ്ക്കു ലജ്ജാസ്പദമായി അവൾക്കു തോന്നി. അഭിമാനത്താൽ പരിഭ്രതയായിട്ട് സബാഷ്പനേത്രങ്ങളോടുകൂടി അഞ്ചുനിമിഷത്തോളം മിണ്ടാതെ നിന്നശേഷം അവൾ പതുക്കെ കണ്ണുനീർ തുടച്ചുകളഞ്ഞു അനന്തരം അവിടെനിന്നു പോന്നിട്ട് മഹരിയെപറഞ്ഞയച്ച് അന്നകാളിയെ വിളിപ്പിച്ചു. അവളുടെ കൈയിൽ പത്തുറുപ്പിക കൊടുത്തിട്ട പറഞ്ഞു:—"കാളി! ഇന്നു് നിങ്ങൾ പോകുക; എനിക്കു സുഖമില്ല. എനിക്ക് വരാൻ സാധിക്കയില്ലെന്നു ചാരുവിനോടു് പറയണം."

കാളി:—ചേച്ചിക്കു സുഖക്കേടോ?

"നല്ല തലവേദന. മനംമറിക്കുന്നു. തീരെ സുഖമില്ല." എന്നുപറഞ്ഞിട്ടു് അവൾ ഒരു പാ വിരിച്ച് ഒരുവശത്തോട്ടു ചരിഞ്ഞുകിടന്നു. അതിനു ശേഷം ചാരു വന്നു് പലവിധത്തിൽ പ്രേരിപ്പിച്ചുനോക്കി—നിർബന്ധിച്ചു—മാമിയെക്കൊണ്ടു ശുപാൎശയും ചെയ്യിച്ചു. ഒരുവിധത്തിലും പ്രയോജനപ്പെട്ടില്ല.

അന്നകാളി കൈയിൽ പത്തുറുപ്പികയും പിടിച്ചു കൊണ്ടുപോകാൻ ധൃതിപ്പെട്ടിരിക്കയായിരുന്നു. ഈ കുഴപ്പംനിമിത്തം പോകാൻ സാധിക്കാതെ വന്നേക്കുമോ എന്നു അവൾക്ക് പേടിയായി. അതുകൊണ്ടു് ചാരുവിനെ

ആകലെ വിളിച്ച് ഉറുപ്പിക കാണിച്ചുകൊണ്ട് അവാം പറഞ്ഞു:—"ചേച്ചിക്കു സുഖമില്ല, ചാരു! ചേച്ചി വന്നില്ലെങ്കിൽ എന്ത്? പണം എന്നെ ഏല്പിച്ചിട്ടുണ്ട്. ഇതാ നോക്കു! പോകാം—നമുക്കു പോകാം."

ചാരുവിനു മനസ്സിലായി. അന്നകാളിക്ക് പ്രായംകുറവാണെങ്കിലും, ബുദ്ധിക്ക് ഒരു കുറവും ഉണ്ടായിരുന്നില്ല. അവാം സന്തുഷ്ടയായിട്ടു ചാരുവിനേയും വിളിച്ചുകൊണ്ട് അവിടെനിന്നു നടകൊണ്ടു.

III

ചാരുബാലയുടെ അമ്മയായ മനോരമയ്ക്കു ചീട്ടുകളിയെക്കവിഞ്ഞ് മറെറാരു പ്രിയവസ്തുവും ഈ ലോകത്തിൽ ഉണ്ടായിരുന്നില്ല. എന്നാൽ കളിയിൽ എത്ര താൽപര്യം ഉണ്ടായിരുന്നോ അത്രത്തോളം ചാതുര്യം ഇല്ലായിരുന്നെങ്കിലും ലളിതയെ കിട്ടിയപ്പോൾ, അവൾക്ക് ഈ കുറവു പരിഹരിക്കപ്പെട്ടു. ലളിതയ്ക്കു കളിയിൽ ബഹുവിരുതായിരുന്നു. മനോരമയുടെ മാതുലപുത്രനായ ഗിരീന്ദ്രൻ വന്നതിനുശേഷം പതിവായി ഉച്ചയ്ക്കു ചീട്ടുകളിയുടെ കോലാഹലംകൊണ്ടു ആ ഗൃഹം മുഖരിതമായിരുന്നു. ഗിരീന്ദ്രൻ ഒരു പുരുഷൻ—പോരെങ്കിൽ കളിയിൽ ബഹുചതുരനും. ഈ നിലയിൽ മനോരമയ്ക്കു ലളിതയുടെ സാഹായ്യം അനപേക്ഷണീയമായിരുന്നു.

നാടകം കാണാൻ പോയതിൻെറ പിറെറന്നാൾ ലളിത മനോരമയുടെഗൃഹത്തിൽചെല്ലാതിരുന്നതുകൊണ്ടു അവർ അവൾക്കുവേണ്ടി ആളയച്ചു. ലളിത തത്സമയം ഒരു വലിയ കാപ്പിബുക്കിൽ ഏതോ ഇംഗ്ലീഷുപുസ്തകത്തിൽനിന്നു പകർത്തി എഴുതിക്കൊണ്ടിരിക്കയായിരുന്നു. അവൾ പോയതുമില്ല.

അവളുടെ കൂട്ടുകാരി വന്നു വിളിച്ചു; എന്നിട്ടും ഫലിച്ചില്ല. ഒടുവിൽ മനോരമതന്നെ വന്നു കാപ്പിപുസ്തകം വലിച്ചു ദൂരെത്തെറിഞ്ഞിട്ടു പറഞ്ഞു:—"എണീററു വാ! നീ വലുതായിട്ടു് മജിസ്ട്രേട്ടുദ്യോഗവും മററും വഹിപ്പാൻ പോകുന്നില്ല. ചീട്ടുകളിച്ചേ മതിയാവൂ—നടക്കു്."

ലളിത വലിയ ധമ്മസങ്കടത്തിലായി. ഒടുവിൽ ശുഷ്കകണ്ഠത്തിൽ പറഞ്ഞു:—"ഞാൻ ഇന്നു് ഏതായാലും വരുന്നില്ല; നാളെ വരാം." മനോരമ ഒരുവിധത്തിലും സമ്മതിച്ചില്ല. ഒടുവിൽ 'മാമി'യേക്കൊണ്ടു ശുപാശ്ശചെയ്യിച്ചു് അവളെയുംകൊണ്ടു് അവിടെനിന്നു പോയി. ഇങ്ങനെ ഇന്നും ഗിരീന്ദ്രൻെറ എതിർപക്ഷത്തു് അവൾക്കു കളിക്കേണ്ടതായി വന്നുകൂടി. എന്നാൽ കളി തീരുംവരെ അവൾ നിരുത്സാഹിനിയായിത്തന്നെഇരുന്നു. കളി തീന്നുടനെ അവൾ എണീററു പോകാൻഭാവിച്ചപ്പോൾ ഗിരീന്ദ്രൻ പറഞ്ഞു:—"ഇന്നലെ രാത്രി നിങ്ങൾ പണം അയച്ചതല്ലാതെ നാടകംകാൺമാൻ വന്നില്ലല്ലോ. നാളെ പോകുന്നോ?"

ലളിത തലആട്ടിക്കൊണ്ടു മൃദുസ്വരത്തിൽ പറഞ്ഞു "ഇല്ല എനിക്കു തീരെ സുഖം ഇല്ല."

ഗിരീന്ദ്രൻ ചിരിച്ചുകൊണ്ടു പറഞ്ഞു:—"ഇപ്പോൾ സുഖക്കേടൊന്നുമില്ലല്ലോ. നാളെ പോകതന്നെ വേണം."

"ഇല്ല ഇല്ല; നാളെ എനിക്കു സൌകയ്യം കിട്ടുകയില്ല." എന്നു പറഞ്ഞിട്ടു ലളിത വേഗത്തിൽ നടന്നു. ഇന്നു ശേഖരനെക്കുറിച്ചുള്ള ഭയംകൊണ്ടു മാത്രമല്ല, അവളുടെ മനസ്സു് കളിയിൽ പതിയാതിരുന്നതു്. അവൾക്കു വലുതായ ലജ്ജയും ഉണ്ടായിരുന്നു.

ശേഖരൻെറ വീട്ടിലെന്നപോലെ ഈ വീട്ടിലും അവൾ ബാല്യം മുതല്ക്കേ വരികയും പോകയും ചെയ്തുവന്നിരുന്നു. സ്വന്ത വീട്ടുകാരോടെന്നപോലെ തന്നെ അവിടെ

യുള്ള എല്ലാവരോടും അവൾ പെരുമാറുകയും പതിവായി രുന്നു. അതിനാൽ ചാരുവിൻെറ മാമൻെറ മുമ്പിലും അവൾക്കു യാതൊരു സങ്കോചവും ഉണ്ടായിരുന്നില്ല. എന്നാൽ ഇന്നു ഗിരീന്ദ്രൻെറ മുമ്പിൽ ഇരുന്നു കളി ആരംഭിച്ചതുമുതൽ അവസാനിക്കും വരെ അയാൾ തന്നെ പ്രീതിപൂർവ്വകം കടാക്ഷിച്ചുകൊണ്ടിരുന്നതായി അവൾ മനസ്സിലാക്കി. പുരുഷൻെറ പ്രീതിപൂർവ്വകമായ നോട്ടം വലിയ ലജ്ജയ്ക്കു ആസ്പദമാണെന്നുള്ള സംഗതി അവൾ ഇതിന്നു മുമ്പ് ഒരിക്കലും ധരിച്ചിരുന്നില്ല.

വീട്ടിൽ അല്പനേരം മുഖം കാണിച്ചതിന്നു ശേഷം അവൾ വേഗത്തിൽ ശേഖരൻെറ ഗൃഹത്തിലേക്കു തിരിച്ചു; അവിടെ ചെന്നഉടനെതന്നെ അദ്ദേഹത്തിൻെറ മുറിയിൽ പ്രവേശിച്ചു തൻെറ ജോലിയിൽ ഏർപ്പെടുകയും ചെയ്തു. ബാല്യം മുതല്ക്കേ ഈ മുറിയെ സംബന്ധിച്ച ജോലികളെല്ലാം ചെയ്തു വന്നിരുന്നതു് അവളായിരുന്നു. പുസ്തകങ്ങളെല്ലാം യഥാസ്ഥാനം അടുക്കിവയ്ക്കുക, മേശ തുടച്ചു അലങ്കരിക്കുക, മഷിക്കുപ്പി, പേന, കടലാസ്സ് ഇവയെല്ലാം ശുചിയാക്കുക ഈ മാതിരി ജോലികൾ ചെയ്തു തീർമാതെ അവൾ മറെറാന്നിനും പ്രവേശിക്ക പതിവില്ല. ആറേഴു ദിവസമായിട്ടു് ശ്രദ്ധക്കുറവു നിമിത്തം ഇതൊന്നും ചെയ്യാതെയാണിരുന്നതു്. അതുകൊണ്ടു് ഇന്നു ശേഖരൻ വരും മുമ്പു് എല്ലാം ശരിപ്പെടുത്തി വയ്ക്കുന്നതിന്നു അവൾ ഉറച്ചു.

ലളിത ഭുവനേശ്വരിയെ അമ്മ എന്നാണു് വിളിക്കാറുള്ളതെന്നു മുമ്പു പ്രസ്താവിച്ചുവല്ലോ. സമയം കിട്ടുമ്പോഴൊക്കെ അവൾ അവരുടെഅടുക്കൽ പോകപതിവാണു്. അവൾ അവിടെയുള്ളവരിൽ ആരെയും അന്യരെന്ന ഭാവത്തിൽ ഗണിക്കാറുമില്ല. അതുകൊണ്ടു് അവരും അവളെ ആ വീട്ടിലെ ഒരു ബാലിക എന്ന നിലയിൽ തന്നെ വിചാരിച്ചുപോന്നു. അച്ഛനമ്മമാരുടെ ദേഹവിയോഗം

നിമിത്തം അമ്മായിയുടെ ഗൃഹത്തിൽ വാസമുറപ്പിച്ചിട്ട് ഏഴെട്ടുകൊല്ലമായി. അന്നുമുതല്ലേ ഒരു കൊച്ചനുജത്തിയുടെ മട്ടിൽ അവൾ ശേഖരൻെറ അടുത്തു പെരുമാറുകയും അദ്ദേഹത്തിൻെറ അടുക്കൽനിന്നു എഴുത്തുംവായനയും അഭ്യസിക്കയും ചെയ്തുവന്നു.

അവൾ ശേഖരൻെറ സ്നേഹപാത്രമാണെന്നുള്ള സംഗതി എല്ലാവരും ധരിച്ചിരുന്നു. എന്നാൽ ആ സ്നേഹം ഇപ്പോൾ എത്രദൂരം എത്തിയിരിക്കുന്നു എന്നു ലളിത ഉൾപ്പെടെ ആർക്കും തന്നെ അറിയായിരുന്നില്ല. ബാല്യാൽപ്രഭൃതി ഒരേരീതിയിൽതന്നെ അവൾ ശേഖരൻെറ അന്യൂനമായ സ്നേഹത്തിന്നു പാത്രമായിരിക്കുന്നതും എല്ലാരുംകണ്ടുകൊണ്ടിരിക്കുന്നതിൽ അദ്ദേഹത്തിൻെറ പ്രത്യേകാചരണങ്ങൾ ഒന്നും അവരുടെ ദൃഷ്ടിയിൽ പെട്ടതുമില്ല. അതുകൊണ്ടു് ഇവൾ ഒരിക്കൽ ഈ ഗൃഹത്തിലെ വധുവിൻെറ പദവിയിൽ പ്രതിഷ്ഠിതയായേക്കുമോ എന്നുള്ള സംഭാവനപോലും ആരുടെയും—ലളിതയുടെ വീട്ടുകാരുടെയാകട്ടെ ഭുവനേശ്വരിയുടെ ആകട്ടെ,—മനസ്സിൽ അങ്കുരിച്ചില്ല.

ജോലി ഒക്കെ ഒതുക്കീട്ടു ശേഖരൻ വരുംമുമ്പേതന്നെ അവിടെ നിന്നു് കടക്കണമെന്നായിരുന്നു ലളിതയുടെ വിചാരം; എന്നാൽ അന്യമനസ്കആയിരുന്നതുനിമിത്തം നാഴികമണിയുടെ അടുക്കൽ അവളുടെ ധ്യാനം എത്തിയില്ല. പെട്ടെന്നു വാതലിന്നു വെളിയിൽ ചെരുപ്പിൻെറ ശബ്ദം കേട്ടു അവൾ മുഖം ഉയർത്തി നോക്കിയപ്പോഴേക്കും അദ്ദേഹം വാതുക്കൽ എത്തിക്കഴിഞ്ഞു.

ശേഖരൻ മുറിക്കുള്ളിൽ പ്രവേശിച്ച മാത്രയിൽ പറഞ്ഞു:—"ആ വന്നോ? ഇന്നലെ കളികഴിഞ്ഞു് തിരിച്ചു വന്നപ്പോൾ രാത്രി എത്രമണിയായി?"

ലളിത മറുപടി ഒന്നും പറഞ്ഞില്ല.

ശേഖരൻ കുഷൻവച്ചുപിടിപ്പിച്ച ഒരു ചാരുകസാല യിൽ ചെന്നു കിടന്നിട്ടു വീണ്ടും ചോദിച്ചു:—

"എപ്പോഴം തിരിച്ചുവന്നു? മൂന്നുമണിക്കോ? എന്താ മുഖത്തുനിന്നു വാക്കൊന്നും പുറപ്പെടാത്തതു്"

ലളിത പിന്നെയും മിണ്ടാതെ നിലകൊണ്ടു.

ശേഖരൻ പ്രസന്നനായിട്ടു പറഞ്ഞു:—"അമ്മ വിളിക്കുന്നു! അങ്ങോട്ടു ചെല്ലുക."

ഭുവനേശ്വരി കലവറപ്പുരയുടെ മുമ്പിൽ ലഘുഭക്ഷണം ഒരുക്കിക്കൊണ്ടിരുന്നു. ലളിത അടുത്തുചെന്നിട്ട് "അമ്മേ എന്നെ വിളിച്ചോ?" എന്നു ചോദിച്ചു.

"പിന്നില്ലേ?" എന്നു പറഞ്ഞിട്ട് അവർ ലളിതയുടെ മുഖത്തേക്കു നോക്കി; അനന്തരം പറഞ്ഞു:—

"എന്താണു് നിന്റെ മുഖം വാടിയിരിക്കുന്നതു് ലളിതേ? ഇതേവരെ ആഹാരമൊന്നും കഴിച്ചില്ലേ?"

ലളിത തല ആട്ടി.

ഭുവനേശ്വരി:—"ശരി—നീ നിന്റെ ചേട്ടനു പലഹാരം കൊണ്ടുചെന്നുകൊടുത്തിട്ട് എന്റെ അടുക്കൽ വാ."

ലളിത താലവുംവഹിച്ചുകൊണ്ടു മുകളിലത്തെ നിലയിലേക്കു ചെന്നു. ശേഖരൻ ഇപ്പോഴും കണ്ണടച്ച് അതേപടി കിടക്കുന്നതു് അവൾ കണ്ടു. ആഫീസിലെ ഉടുപ്പും ചട്ടയും അഴിച്ചു മാററീട്ടില്ല. മുഖം കഴുകുകപോലും ചെയ്തിട്ടില്ല. അടുത്തുചെന്നിട്ട് അവൾ പതുക്കെ പറഞ്ഞു:—"പാലും പലഹാരവും കൊണ്ടുവന്നിരിക്കുന്നു."

ശേഖരൻ തിരിഞ്ഞുനോക്കുകപോലും ചെയ്യാതെ "എവിടെഎങ്കിലും വച്ചേക്കുക" എന്നുമാത്രം പറഞ്ഞു. ലളിത താലം നിലത്തുവയ്ക്കാതെ, അതും കൈയിൽ വച്ചുകൊണ്ടു് മിണ്ടാതെനിന്നു

ലളിത പോയില്ലെന്നു നോക്കാതെതന്നെ ശേഖരൻ ഗ്രഹിച്ചു. രണ്ടുമൂന്നു നിമിഷങ്ങൾക്കുശേഷം അദ്ദേഹം

പറഞ്ഞു:—"ലളിതേ! ഇങ്ങനെ എത്രനേരം നില്ക്കും? എനിക്ക് ഇനിയും അല്പം താമസമുണ്ട്. അവിടെവച്ചിട്ട് പൊയ്ക്കൊള്ളുക."

ലളിതയുടെ ഉള്ളിൽ കോപം നിറഞ്ഞു. അതിനെ ഒരുവിധം അടക്കിക്കൊണ്ട് അവൾ മൃദുസ്വരത്തിൽ പറഞ്ഞു:—

"എത്ര താമസിച്ചാലും വേണ്ടില്ല! എനിക്ക താഴെ വിശേഷിച്ച ജോലി ഒന്നും ഇല്ല."

ശേഖരൻ കണ്ണുതുറന്നു ചിരിച്ചുകൊണ്ടുപറഞ്ഞു:— "കൊള്ളാം! മുഖത്തുനിന്നു വാക്ക് പുറപ്പെട്ടോ! താഴെ ജോലി ഒന്നുമില്ലെങ്കിൽ വീട്ടിൽ കാണും; വീട്ടിലും ജോലി ഇല്ലെങ്കിൽ അയലത്തെ വീട്ടിൽ കാണും. നിവൃത്തായിട്ട് ഒരു വീട്ടും ഇല്ലയോ ലളിതേ?"

"അതേ! ഇല്ല" എന്നു പറഞ്ഞിട്ട് കോപപൂർവം താലത്തെ ചട്ടെന്ന് മേശപ്പുറത്തുവച്ചിട്ട് അവൾ വെളി യിലേക്ക ഇറങ്ങിപ്പോയി.

"സന്ധ്യയ്ക്ക് ഒരിക്കൽക്കൂടി വരണേ" എന്നു ശേഖ രൻ വിളിച്ചുപറഞ്ഞു.

"ഇരുപതുവട്ടം കേറാനും ഇറങ്ങാനും എനിക്ക സാധി ക്കയില്ല" എന്നുപറഞ്ഞിട്ട് ലളിത അവിടെനിന്നുകടന്നു.

താഴെച്ചെന്നപ്പോൾ, അമ്മ പറഞ്ഞു:—"ചേട്ടന് പാലും പലഹാരവും കൊണ്ടുചെന്നു കൊടുത്തു; മുഖംകഴു കാൻ വെള്ളം കൊടുക്കാൻമാത്രം മറന്നുപോയി."

"അമ്മേ! എനിക്ക വിശക്കുന്നു; ഇപ്പോൾ എനിക്ക പോകാൻ വയ്യ; വേറെ ആരുടെ എങ്കിലും കൈയിൽ കൊടുത്തയക്കണം." എന്നുപറഞ്ഞിട്ട് അവൾ ഇരുന്നു.

അവളുടെ വരണ്ട മുഖത്തുനോക്കി ചിരിച്ചുംകൊണ്ട് അവർ പറഞ്ഞു:—"ശരി! എന്നാൽ നീ ഉണ്ണാൻ ഇരിക്ക; മഹരിയുടെ കൈയിൽ കൊടുത്തയക്കാം."

ലളിത ഒന്നും മറുപടി പറയാതെ ആഹാരം കഴിപ്പാൻ ഇരുന്നു. അവൾ നാടകം കാണാൻ പോയില്ല; എന്നിട്ടും ശേഖരൻ അവളെ പരിഹസിച്ചു. ഇതായിരുന്നു അവളുടെ കോപഹേതു. നാലഞ്ചുദിവസത്തേക്ക് അവൾ ശേഖരൻെറ മുമ്പിൽ പോയതേ ഇല്ല. അദ്ദേഹം ആഫീസിൽനിന്നു വരുംമുമ്പു തന്നെ മുറിയിലെ ജോലി ഒക്കെ ഒതുക്കീട്ടു കടന്നുകളക പതിവായി. ശേഖരൻ തനിക്കുപററിയ പ്രമാദത്തെ ഗ്രഹിച്ചിട്ടു് രണ്ടുദിവസം അവളെ വിളിപ്പിച്ചു; എന്നിട്ടും അവൾ പോയില്ല.

IV

ഈ നഗരാംശത്തിൽ അത്യന്തവൃദ്ധയായ ഒരു പിച്ചക്കാരി പിച്ചതേടാൻ വരിക പതിവായിരുന്നു. അവളുടെ പേരിൽ ലളിതയ്ക്കു വലിയ കനിവും തോന്നിയിരുന്നു. അവൾ വന്നാലുടനെ ഒരു ഉരുപ്പിക എടുത്തു കൊടുത്തുവന്നു. ഉരുപ്പിക കൈയിൽ കിട്ടിയാലുടനെ വൃദ്ധ അസംഭാവ്യവും അപൂർവ്വവുമായ ആശീർവാദങ്ങൾ നൽകും. അതു കേൾക്കുന്നതിൽ ലളിതയ്ക്കു ബഹുകൌതുകവും ഉണ്ടായിരുന്നു. ലളിത കഴിഞ്ഞജന്മത്തിൽ തൻെറ അമ്മയായിരുന്നെന്നും ഈ വാസ്തവം അവളെ കണ്ടഉടനെതന്നെ താൻ മനസ്സിലാക്കിയെന്നും അവൾ ലളിതയെ ധരിപ്പിച്ചിരുന്നു ആ വൃദ്ധ ഇന്നു രാവിലെയും വാതുക്കൽ എത്തീട്ടു് "എൻെറ അമ്മ എവിടെ?" എന്നു വിളിച്ചുചോദിച്ചു

ഇന്നു തൻെറ വൃദ്ധസന്താനത്തിൻെറ വിളികേട്ടപ്പോൾ ലളിതയ്ക്കു അല്പം സംഭ്രമം നേരിട്ടു. ശേഖരൻ ഇപ്പൊഴും സ്വന്തമുറിയിൽതന്നെ ഇരിക്കയായിരുന്നു. പിന്നെ ഉരുപ്പിക എടുക്കുന്നതെങ്ങനെ? അങ്ങോട്ടും ഇങ്ങോട്ടും നോക്കീട്ടു് അവൾ നേരെ അമ്മായിയുടെ അടുക്കൽ

ചെന്നു. തത്സമയം മാമി മഹരിയോടു കലശൽ കൂട്ടീട്ടു് മുഖവും വീർപ്പിച്ചുകൊണ്ടു പാചകജോലി നോക്കുകയായിരുന്നു. അതുകൊണ്ടു് അവരോടു പണം ചോദിപ്പാനും അവൾക്കു കഴിഞ്ഞില്ല. തിരിച്ചുവന്നപ്പോൾ, യാചകി വാതിലിൻെറ ഒരുഭാഗത്തു വട്ടിയും വച്ചുകൊണ്ടു സുഖമായി ഇരിക്കുന്നതാണു് കണ്ടതു്. ഇതിനുമുമ്പു് ഒരിക്കലും ലളിത അവളെ നിരാശപ്പെടുത്തീട്ടില്ല. ആ സ്ഥിതിക്കു് ഇന്നു വെറുംകൈയോടു് അയക്കുന്നതിൽ അവൾക്കു വലുതായ കുണ്ഠിതം തോന്നി.

പിച്ചക്കാരി വീണ്ടും വിളിച്ചു. അന്നകാളി ഓടിവന്നു സമാചാരം അറിയിച്ചു—"ചേച്ചീ, നിങ്ങളുടെ ആ വൃദ്ധയായ മകൾ വന്നിരിക്കുന്നു."

ലളിത പറഞ്ഞു:—"കാളീ! നീ എൻെറ കൊച്ചനുജത്തി അല്ലയോ? എനിക്കുവേണ്ടി ഒരുകാര്യം ചെയ്യുതരുമോ? എനിക്കു വലിയ ജോലിത്തിരക്കാണു്. ഓടിച്ചെന്നു ശേഖരച്ചേട്ടൻെറ പക്കൽനിന്നു ഒരു ഉറുപ്പിക വാങ്ങിക്കൊണ്ടുവാ."

കാളി ഓടിപ്പോയി അരനിമിഷത്തിനുള്ളിൽ "ഇതാ ഉറുപ്പിക" എന്നു പറഞ്ഞുകൊണ്ടു തിരിച്ചു വരികയും ചെയ്തു.

ലളിത ചോദിച്ചു:—"ശേഖരച്ചേട്ടൻ എന്തുപറഞ്ഞു?"

"ഒന്നും പറഞ്ഞില്ല. 'വലിയ കോട്ടിൻെറ ചേപ്പിൽനിന്നു് ഒരു ഉറുപ്പിക എടുത്തോളൂ' എന്നുമാത്രം പറഞ്ഞു. ഞാൻ എടുത്തോണ്ടു പോരികയുംചെയ്തു"

"പിന്നെ ഒന്നും പറഞ്ഞില്ലേ?"

"ഇല്ല—പിന്നെ ഒന്നുംമിണ്ടിയില്ല" എന്നുപറഞ്ഞിട്ടു് അന്നകാളി തലകുലുക്കിക്കൊണ്ടു കളിക്കാനായി അവിടെ നിന്നു പാഞ്ഞു.

ലളിത പിച്ചക്കാരിക്കു് യഥാപൂർവ്വം ദാനം ചെയ്തു; എന്നാൽ അവളിൽനിന്നു പതിവുപോലുള്ള വാക്യങ്ങൾ പുറപ്പെട്ടില്ല. അന്നു അവൾക്കു അസുഖകരമായി.

ഏതാനും ദിവസമായിട്ടു ചാരുവിൻെറ വീട്ടിൽ ചീട്ടുകളി തകൃതിയിൽ നടന്നുകൊണ്ടിരിക്കയാണു്. ഇന്നു് ഉച്ചയ്ക്കു ലളിത അവിടെപോയില്ല. തലവേദനയാണെന്നു പറഞ്ഞു ഒഴിഞ്ഞുകളഞ്ഞു. ഇന്നു വാസ്തവത്തിൽ അവളുടെ മനസ്സിനു തീരെ സുഖമുണ്ടായിരുന്നില്ല. സന്ധ്യ ആയപ്പോൾ കാളിയെ വിളിച്ചു ചോദിച്ചു:—"കാളീ നീ പഠിക്കാൻ ശേഖരച്ചേട്ടൻെറ അടുക്കൽ പോകാറുണ്ടോ?"

കാളി തലകുലുക്കിക്കൊണ്ടു് "ഉണ്ടു്! പോകാറുണ്ടു്" എന്നു മറുപടി പറഞ്ഞു.

"എന്നെപ്പററി ശേഖരച്ചേട്ടൻ ഒന്നും ചോദിക്കാറില്ല?"

"ഇല്ല—ഉവ്വ്, ഉവ്വ്, മിനിഞ്ഞാന്നു ചോദിച്ചു നിങ്ങൾ എന്നും ഉച്ചയ്ക്കു 'ചീട്ടുകളിക്കു പോകാറുണ്ടോ' എന്നു്"

ലളിത ഉദ്വിഗ്നയായിട്ടു ചോദിച്ചു:—'നീ എന്തു പറഞ്ഞു?'

കാളി മറുപടി പറഞ്ഞു:—"നിങ്ങൾ എന്നും ഉച്ചയ്ക്കു ചാരുചേച്ചിയുടെ അവിടെ ചീട്ടുകളിക്കാൻ പോകാറുണ്ടെന്നു ഞാൻ പറഞ്ഞു. 'ആരെല്ലാമാണു് കളിക്കാർ' എന്നു ചേട്ടൻ ചോദിച്ചു. നിങ്ങളും ചാരുചേച്ചിയുടെ അമ്മയും, ചാരുചേച്ചിയും അവരുടെ മാമനും ആണെന്നു ഞാൻ മറുപടിയും പറഞ്ഞു. ചേച്ചി, ആരാണു് നല്ലപോലെ കളിക്കുന്നതു? നിങ്ങളോ? ചാരുചേച്ചിയുടെ മാമനോ? ചേച്ചിയുടെ കളിയാണു് നല്ലതെന്നു ചാരുവിൻെറ അമ്മ പറഞ്ഞു. വാസ്തവമല്ലേ?"

ലളിത അവളുടെ ചോദ്യത്തിനു മറുപടി പറയാതെ നീരസഭാവത്തിൽ പറഞ്ഞു: "നീ ഇതൊക്കെ എന്തിനു

പറഞ്ഞു. നാക്കിനെ അല്പം അടക്കിനിത്തണ്ടേ? ഞാൻ നിനക്കിനി ഒരുവക തരികയില്ല" എന്നു പറഞ്ഞു കോപഭാവത്തിൽ അവരം അവിടെനിന്നുപോയി.

കാളി സ്തംഭിച്ചു നിന്നുപോയി. ലളിതയുടെ ഈ ആകസ്മികപരിവത്തനത്തിൻെറ അത്ഥമൊന്നും അവൾക്കു മനസ്സിലായില്ല.

മനോരമയുടെ അവിടെ രണ്ടു ദിവസമായിട്ടു° ചീട്ടുകളി നിത്തിവച്ചിരിക്കയാണു°. ലളിത പോകുന്നേഇല്ല ലളിതയെ കണ്ട മാത്രയിൽതന്നെ ഗിരീന്ദ്രനു° അവളിൽ അഭിനിവേശം ജനിച്ചുകഴിഞ്ഞു. ഈ സംഗതിയിൽ മനോരമയ്ക്കു നേരത്തെ സംശയം തോന്നാതിരുന്നില്ല. ഇപ്പോരം ആ സന്ദേഹം ദൃഢവിശ്വാസമായി മാറി.

രണ്ടുദിവസമായിട്ടു° ഗിരീന്ദ്രൻ അല്പം ഉൽസുകനെന്നപോലെയും അന്യമനസ്കനെപ്പോലെയും കാണപ്പെടുന്നു. സായംകാലസവാരിക്കു പോകാറേ ഇല്ലാതായി. വീട്ടിൽ തന്നെ അങ്ങുമിങ്ങും ചുററിക്കറങ്ങിക്കൊണ്ടിരിക്കുന്നതേയുള്ളു. ഇന്നു ഉച്ചയായപ്പോരം അയാരം മനോരമയോടു° ചോദിച്ചു:—"ചേച്ചീ! ഇന്നും കളി നടക്കയില്ലേ?"

മനോരമ പറഞ്ഞു:—"എങ്ങനെ കളിക്കും ഗിരീൻ? കളിക്കാൻ ആരം തികയുകയില്ലല്ലോ? അല്ലെങ്കിൽ വരു നമുക്കു മൂന്നുപേക്കു കളിക്കാം."

ഗിരീന്ദ്രൻ നിരുത്സാഹഭാവത്തിൽ പറഞ്ഞു:—"മൂന്നുപേരുടെ കളി എന്തൊരു കളി? ലളിതയെ വിളിച്ചു വരുത്തരുതോ? ചേച്ചീ!"

"അവരം വരികയില്ല."

ഗിരീന്ദ്രൻ വിഷണ്ണഭാവത്തിൽ ചോദിച്ചു:—"എന്തുകൊണ്ടു വരില്ല? വീട്ടുകാർ വിലക്കിയിരിക്കുമോ ചേച്ചീ?"

"ഇല്ല ഇല്ല—അവളുടെ വീട്ടുകാർ അങ്ങനെഉള്ളവരല്ല. അവരം സ്വയമേവ നിശ്ചയിച്ചതാണു°."

ഗിരീന്ദ്രൻ പെട്ടെന്നു പ്രസന്നഭാവത്തിൽ പറഞ്ഞു:- "അങ്ങനെയാണെങ്കിൽ ചേച്ചിതന്നെ ചെന്നുവിളിച്ചു നോക്കണം. അവൾ വരാതിരിക്കയില്ല."

ഇത്രയും പറഞ്ഞപ്പോഴേയ്ക്കും അയാൾ അത്യന്തം ലജ്ജാഭിഭൂതനായി.

മനോരമ ചിരിച്ചു. "ശരി, ഞാൻ തന്നെ പോകാം" എന്നു പറഞ്ഞിട്ട് അവൾ പോയി. അല്പനേരത്തിനുള്ളിൽ അവളെയും കൂട്ടിക്കൊണ്ടു വരികയും ചെയ്തു.

രണ്ടു ദിവസമായി കളി നടക്കാതിരുന്നതുകൊണ്ട് ഇന്നു വളരെ തിടുക്കത്തിൽ കളി ആരംഭിച്ചു. ലളിതയുടെ ഭാഗം തന്നെ പതിവുപോലെ ജയിച്ചുകൊണ്ടും ഇരുന്നു.

രണ്ടുമണിക്കുശേഷം കാളി ഓടി വന്നു "ചേച്ചീ! ശേഖരച്ചേട്ടൻ വിളിക്കുന്നു—വേഗം വരൂ" എന്നുപറഞ്ഞു. ലളിതയുടെ മുഖം വിവർണ്ണമായി. അവൾ കളി നിർത്തീട്ടു ചോദിച്ചു:—"ശേഖരച്ചേട്ടൻ ഇന്നു ആഫീസിൽ പോയില്ലേ?"

"എനിക്കറിയാമോ? ഇനിപോകുമായിരിക്കും" എന്നു പറഞ്ഞിട്ടു കാളി അവിടെനിന്നു പോയി.

ലളിത ചീട്ടു താഴെവെച്ചിട്ട് മനോരമയുടെ മുഖത്തേക്കുനോക്കി സങ്കോചപൂർവം പറഞ്ഞു:—"അമ്മേ! ഞാൻ പോകുന്നു."

മനോരമ കുണ്ഠിതഭാവേന പറഞ്ഞു:—"അതെങ്ങനെ?—രണ്ടുകളികൂടി കളിച്ചിട്ടു പോകാം."

ലളിത എണീററിട്ട് "അതു ഒക്കുകില്ല. അദ്ദേഹം ദേഷ്യപ്പെടും" എന്ന് പറഞ്ഞുകൊണ്ടു് അതിവേഗം നടന്നു.

ഗിരീന്ദ്രൻ ചോദിച്ചു:—"ശേഖരച്ചേട്ടൻ ആരാണു ചേച്ചീ?"

മനോരമ:—"മുമ്പിൽ കാണുന്ന മൂന്നുനിലക്കെട്ടിടത്തിൽ പാൎക്കുന്ന ആളാണു്."

"ആ വീട്ടിലെ നവീനബാബു അവളുടെ ബന്ധുവായിരിക്കാം."

മനോരമ മകളുടെ മുഖത്തേയ്ക്കു നോക്കിക്കൊണ്ടു് സസ്മിതം പറഞ്ഞു:—

"ബന്ധുവാകുന്നതെങ്ങനെ? ലളിത പാൎക്കുന്ന വീടു പോലും ആ കിഴവച്ഛാൎക്കു പണയം ആണു്."

ഗിരീന്ദ്രൻ ആശ്ചൎയ്യപൂൎവ്വം നോക്കിക്കൊണ്ടിരുന്നു.

മനോരമ കഥ തുടൎന്നു:—"കഴിഞ്ഞവൎഷം പണത്തിനു ഞെരുക്കമുണ്ടാവുകയാൽ ഗുരുചരണബാബുവിനു മദ്ധ്യകന്യകയുടെ കല്യാണം നടത്താൻ നിവൃത്തിയില്ലാതെ വന്നു. ഒടുവിൽ പലിശയ്ക്കു വീടു നവീനബാബുവിനു പണയമെഴുതിക്കൊടുത്തു പണം വാങ്ങി. ആ കടം ഇതേവരെ വീടിയിട്ടില്ല. ഒടുവിൽ വീടു നവീനബാബുവിൻെറ കൈയിലാകും. ഗുരുചരണബാബുവിൻെറ ഗൃഹം പൊളിച്ചുകളഞ്ഞിട്ടു അവിടെ തൻെറ ഇളയമകനായ ശേഖരനു ഒരു വലിയ ഗൃഹം പണിയിച്ചു കൊടുക്കണമെന്നാണു് കിഴവൻെറ മനോരഥം. അപ്പോൾ ഇരുപുത്രന്മാരുടെയും വീടുകൾ അടുത്തടുത്തു ഇരിക്കുമല്ലോ. ആഗ്രഹംതെററല്ല."

ഈ ചരിത്രം കേട്ടപ്പോൾ വല്ലതായ ദുഃഖം ഉണ്ടാവുകയാൽ ഗിരീന്ദ്രൻ ചോദിച്ചു:—"ചേച്ചീ! ഗുരുചരണബാബുവിനു് ഇനിയും കുട്ടികളില്ലേ? അവരുടെ കല്യാണം എങ്ങനെ നടക്കും?"

"ഇനിയും കന്യകകളുണ്ടു്—പോരെങ്കിൽ ലളിതയും ഇരിക്കുന്നു. അവൾക്കു് അച്ഛനമ്മമാരേ ഇല്ല. ഇക്കൊല്ലം തന്നെ കല്യാണം നടത്തേണ്ടതായും ഇരിക്കുന്നു. അവരുടെക്കൂട്ടത്തിൽ സഹായിപ്പാൻ ആരും ഇല്ല. ജാതിഭ്രഷ്ട

വിധിക്കാൻമാത്രം എല്ലാരുമുണ്ടു്. ഇതിലൊക്കെ എത്രയൊ ഭേദമാണു് നമ്മുടെ സ്ഥിതി ഗിരീന്ദ്രാ." ഗിരീന്ദ്രൻ ഒന്നും മിണ്ടിയില്ല,

മനോരമ പറഞ്ഞുതുടങ്ങി:—"ഇന്നു് ലളിതയുടെ കാര്യംപറഞ്ഞു പറഞ്ഞു് അവളുടെ അമ്മായി എന്റെ മുമ്പിൽവച്ചു് കരയാൻതുടങ്ങി. എങ്ങനെ ഇവളുടെ വിവാഹം നടക്കും? ഒരു നിവൃത്തിയും ഇല്ല. ആ ഒരു ചിന്തയാൽ ഗുരുചരണന്നു് ആഹാരത്തിനുപോലും രുചിയില്ലാതെ ആയി. ഗിരീന്ദ്രാ, ഈ പെൺകുട്ടിയെ, സ്ത്രീധനം ഒന്നുംഇല്ലാതെ കല്യാണംകഴിക്കാൻ തയ്യാറുള്ളവനായി മുംഗേറിലുള്ള നിന്റെ കൂട്ടുകാരിൽ ആരും ഇല്ലേ? ഇങ്ങനെ ഒരുനല്ല പെൺകുട്ടിയെ കിട്ടുന്നതു് എന്തൊരു ഭാഗ്യമാണു്!"

ഗിരീന്ദ്രൻ മ്ലാനമായ സ്വരത്തോടുകൂടി പറഞ്ഞു:—"സ്നേഹിതന്മാരെ എവിടെ കിട്ടുന്നു? ചേച്ചീ! പണംകൊടുത്തു സഹായിപ്പാൻ വല്ലവരേയും കണ്ടേയ്ക്കാം."

ഗിരീന്ദ്രന്റെ അച്ഛൻ ഡാക്ടർപണിയിൽ ഇരുന്നു് ഒട്ടവളരെ പണവും വസ്തുവകകളും സമ്പാദിച്ചുവച്ചിട്ടാണു് മരിച്ചതു്. ഇപ്പോൾ അവയെല്ലാം ഉടമസ്ഥൻ ഗിരീന്ദ്രൻതന്നെ.

മനോരമ പറഞ്ഞു:-"നീ പണം കടംകൊടുക്കുമോ?"

"കടം എന്തിനു? ചേച്ചീ! വീട്ടാൻ അവക്കു സാധിക്കുമെങ്കിൽ അങ്ങനെ ആകട്ടെ—അല്ലെങ്കിൽ വേണ്ട."

മനോരമ അത്ഭുതസ്തമിതയായിട്ടു് പറഞ്ഞു:—പണം കൊടുക്കുന്നതുകൊണ്ടു നിനക്കുള്ള ലാഭം? അവർ നമ്മുടെ ബന്ധുക്കളല്ല—സമാജത്തിൽപ്പെട്ടവരുമല്ല ആ നിലയിൽ ആരെങ്കിലും പണംകൊടുക്കുമോ?"

ഗിരീന്ദ്രൻ തന്റെ സോദരിയുടെ മുഖത്തു നോക്കിക്കൊണ്ടു് ചിരിക്കാൻ തുടങ്ങി. അനന്തരം പറഞ്ഞു:—

"നമ്മുടെ സമാജത്തിലെ അംഗമല്ലെങ്കിൽ എന്തു്? നമ്മുടെ ദേശത്തിലുള്ളവരാണല്ലോ. അവരുടെ കൈയിൽ ഒന്നുമില്ല; എൻെറ കൈയിൽ നിറയെ പണം ഉണ്ടുതാനും. നിങ്ങൾ ഒന്നു ചോദിച്ചറിയണം ചേച്ചീ. വാങ്ങാൻ ഒരുക്കമുള്ളപക്ഷം ഞാൻ എത്ര പണം വേണമെങ്കിലും കൊടുക്കാം. ലളിത അവൾക്കു് ആരുമല്ല; നമുക്കും ആരുമല്ല. അവളുടെ വിവാഹത്തിനുള്ള സകല ചെലവും ഞാൻ വഹിച്ചുകൊള്ളാം."

അയാളുടെ വാക്കുകേട്ടപ്പോൾ, മനോരമയ്ക്കു വലിയ സന്തോഷമൊന്നും ഉണ്ടായില്ല. വിശേഷിച്ചു് ലാഭമൊന്നുമില്ലാതെ ഒരുവൻ ഈ സംഗതിയിൽ ഇത്രവളരെ പണം ചെലവിടാൻ തയ്യാറാവുകയോ? ഒരു പ്രൗഢസ്ത്രീയും പ്രസന്നചിത്തതയാ ഈ സമാരംഭത്തെ അഭിനന്ദിക്കയില്ല.

ചാരു ഇതേവരെ മിണ്ടാതെ കേട്ടുകൊണ്ടിരുന്നതേയുള്ളു. അവൾ അത്യന്തം പ്രസന്നയായി. ആനന്ദത്തിൽ തുള്ളിച്ചാടിക്കൊണ്ടു് അവൾ പറഞ്ഞു:—"അതേ അമ്മേ! കൊടുക്കട്ടേ. ഞാൻതന്നെ ചെന്നു് അങ്ങേതിലേ അമ്മയോടു ചോദിക്കാം" അവളുടെ അമ്മ തടഞ്ഞിട്ടു് പറഞ്ഞു:—"ഛീ! നീ മിണ്ടാതിരി ചാരു! കുട്ടികൾ ഇങ്ങനെയുള്ള കാര്യങ്ങളിൽ തലയിടരുതു്. പറയണമെന്നുണ്ടെങ്കിൽ ഞാൻ പറയാം."

ഗിരീന്ദ്രൻ പറഞ്ഞു:—"അതേ, ചേച്ചീ! നിങ്ങൾ തന്നെ ചോദിക്കൂ. മിനിഞ്ഞാന്നു് വഴിയിൽവച്ചു ഞാൻ ഗുരുചരണബാബുവിനെ കണ്ടുമുട്ടി. കുറേനേരം സംസാരിച്ചതിൽ നിന്നു് അദ്ദേഹം ഒരു ശുദ്ധഹൃദയനാണെന്നു് എനിക്കു മനസ്സിലായി. ചേച്ചീ നിങ്ങൾക്കു് എന്തുതോന്നുന്നു?"

മനോരമ:—അതു് എനിക്കും അറിയാം. എല്ലാവരും അങ്ങനെതന്നെയാണു് പറയുന്നതു്. ഇങ്ങനെയുള്ള ഒരു

വൻ വീടും കൂടും വിട്ടു വഴിയാധാരമായിത്തീരാൻ പോകുന്നതിലാണു് എനിക്കു അധികം സങ്കടം. നീ ഇപ്പോഴും കണ്ടില്ലേ ഇതിൻെറ തെളിവു്? ശേഖരബാബു വിളിച്ചു; ഉടൻതന്നെ ലളിത കളിനിർത്തി എണീററുകഴിഞ്ഞു. വീടു മാത്രമല്ല വീട്ടുകാർപോലും അവൾക്കു പണയപ്പെട്ടിരിക്കും പോലെയാണു നില. നവീനചന്ദ്രൻെറ വലയിൽ കുടുങ്ങിപ്പോയവരാരെങ്കിലും രക്ഷപ്പെടുമെന്നുള്ള വിശ്വാസം ആൎക്കും ഇല്ല."

ഗിരീന്ദ്രൻ:—അങ്ങനെ ആണെങ്കിൽ ചേച്ചി അവരോടു ചോദിക്കണേ.

മനോരമ:—"ചോദിക്കാം. പണം കൊടുത്തു അവരെ സഹായിക്കാമെന്നുണ്ടെങ്കിൽ നല്ലതുതന്നെ." എന്നു പറഞ്ഞിട്ടു അവൾചിരിച്ചു. അനന്തരം പറഞ്ഞു:—"ആകട്ടെ നീ എന്തിനാണു് ഇക്കാൎയ്യത്തിൽ തലയിടുന്നതു്? ഗിരീന്ദ്രാ!"

ഗിരീന്ദ്രൻ:—തലയിടുകയാണോ? ദുഃഖിതാവസ്ഥയിൽ ഇരിക്കുന്ന ഒരുവനെ മറെറാരുവൻ സഹായിക്കേണ്ടതല്ലേ?

ഇത്രയും പറഞ്ഞിട്ടു് അയാൾ ലജ്ജിതഭാവേന വെളിയിലേക്കുപോയി. എന്നാൽ വാതുക്കൽ എത്തിയ ശേഷം തിരിച്ചു വന്നിട്ടു വീണ്ടും ഇരുന്നു.

ചേച്ചി പറഞ്ഞു:—പിന്നെയും ഇരുന്നതെന്തു്?

ഗിരീന്ദ്രൻ ചിരിച്ചുകൊണ്ടു പറഞ്ഞു:—"ഈ കരച്ചിലും പിഴിച്ചിലുമൊക്കെകള്ളമായിരിക്കയില്ലേ ചേച്ചീ!"

മനോരമ വിസ്മയഭാവത്തിൽ ചോദിച്ചു:—"എന്തുകൊണ്ടു്?"

ഗിരീന്ദ്രൻ:—ലളിത ഈ കഷ്ടതയ്ക്കിടയിലും പണം ചെലവാക്കുന്ന രീതി കണ്ടാൽ അവൾ ലേശംപോലും ദുഃഖിതയാണെന്നു ആൎക്കും തോന്നുകയില്ല. അന്നു ഞങ്ങ

ളെല്ലാം നാടകം കാണാൻപോയ അവസരത്തിൽ അവരം വന്നില്ല; എന്നിട്ടും പത്തുറപ്പിക സഹോദരിയുടെ കൈയിൽ കൊടുത്തയച്ചില്ലേ? ചാരുവിനോടു ചോദിക്കൂ. എന്തൊരു ചെലവു്? പ്രതിമാസം പത്തമ്പതു ഉറുപ്പികയിൽ കുറയാതെ അവരംതന്നെ ചെലവാക്കുന്നുണ്ടു്.

മനോരമയ്ക്കു വിശ്വാസം വന്നില്ല.

ചാരു പറഞ്ഞു:—"വാസ്തവമാണമ്മേ! ശേഖരബാബുവിനോടു വാങ്ങിച്ചാണു അവരം ചെലവിടുന്നതു്. ഇതു് ഇന്നും ഇന്നലെയും തുടങ്ങിയതല്ല. ബാല്യംമുതല്ക്കേ അവരം ശേഖരഭയ്യായുടെ അലമാര തുറന്നു യഥേഷ്ടം പണം എടുത്തുവരുന്നു. ആരും ഒന്നും പറയാറില്ല.

മനോരമ മകളുടെ മുഖത്തേക്കു നോക്കിക്കൊണ്ടു സന്ദിഗ്ദ്ധഭാവേന ചോദിച്ചു:—"പണം എടുക്കുന്നതു് ശേഖരബാബുവിനു് അറിയാമോ?—"

ചാരു തലകുലുക്കി. "അറിയാം. അദ്ദേഹത്തിന്റെ മുമ്പിൽവച്ചുതന്നെയാണു് മേശ തുറക്കാറുള്ളതു്. കഴിഞ്ഞ മാസത്തിൽ അന്നകാളിയുടെ ഗുഡിയാ (പാവ) വിവാഹത്തിനു പണം ആരാണു കൊടുത്തതു്? എല്ലാം ലളിത തന്നെ."

മനോരമഅല്പംആലോചിച്ചതിനുശേഷം പറഞ്ഞു: "ആക്കറിയാം? എന്നാൽ ഒരുകാര്യം തീർച്ചയാണു്. മക്കളാരും കിഴവനെപ്പോലെ ലുബ്ധരല്ല. അവരിലെല്ലാം അമ്മയുടെ പ്രകൃതി നിഴലിച്ചിട്ടുണ്ടു്. അതുകൊണ്ടാണു് അവർക്കിത്രദയാധർമ്മാദികരം കാണുന്നതു്. അതിനുംപുറമേ ലളിതയും ഒരു നല്ല പെണ്ണാണു്. ബാല്യംമുതല്ക്കേ എന്നും അവനോടുക്രീഡിക്കാണാം—ചേട്ട ചേട്ട എന്നു വിളിച്ചുകൊണ്ടു്. അതിനാൽ അവർക്കെല്ലാം അവളോടു് ഒരു പ്രത്യേക മമത തോന്നിയതു അത്ഭുതമല്ല. ആകട്ടെ ചാരു! നീ അവിടെ കൂടക്കൂടെ പോകാറുണ്ടല്ലോ. അടുത്ത മാസ

ത്തിൽ ശേഖരൻെറ കല്യാണം നടക്കാൻപോകുന്നു എന്നു കേട്ടല്ലോ. വാസ്തവമാണോ? നിനക്കു് അറിയാമല്ലോ. പെൺവീട്ടിൽനിന്നു കിഴവനു് ഒട്ടുവളരെ പണം കിട്ടു മെന്നും കേട്ടു."

ചാരു:—അതേ അമ്മേ! അടുത്തമാസത്തിൽ കല്യാണംനടക്കും. എല്ലാം തീച്ചപ്പെടുത്തിക്കഴിഞ്ഞു.

V

ഏതുപ്രായക്കാരനും യാതൊരുസങ്കോചവുംകൂടാതെ സംഭാഷണംചെയ്യാവുന്ന കൂട്ടത്തിൽ ഒരുവനായിരുന്നു ഗുരുചരണൻ. രണ്ടുദിവസത്തെ സംഭാഷണമാത്രത്താൽ ഗിരീന്ദ്രനോടു് അദ്ദേഹത്തിനുവലിയ സ്നേഹമായി. അദ്ദേഹത്തിൻെറ മനസ്സിനു് ലേശംപോലും ദൃഢതയുണ്ടായിരുന്നില്ല. ആരോടെങ്കിലും തക്കത്തിൽ ഏപ്പെട്ടു് തോററുപോയി എന്നുവന്നാലും, അതുകൊണ്ടു് അദ്ദേഹത്തിനു ലേശം അസന്തോഷവും ഉണ്ടാകാറില്ല.

അദ്ദേഹം ഗിരീന്ദ്രനെ വൈകുന്നേരത്തു ചായയ്ക്കു ക്ഷണിച്ചിരുന്നു. ആഫീസിൽനിന്നു തിരിച്ചു വന്നപ്പോഴേക്കും സന്ധ്യ ആകാറായി. വീട്ടിൽവന്ന വേഗത്തിൽ കൈയും മുഖവും കഴുകീട്ടു പറഞ്ഞു:—"ലളിതേ, ചായ തയാറായോ? കാളീ, നീചെന്നു് നമ്മുടെ ഗിരീൻമാമനെ വേഗം വിളിച്ചുകൊണ്ടുവാ" അനന്തരം രണ്ടുപേരും ചായ കുടിച്ചുകൊണ്ടു വാദപ്രതിവാദത്തിൽ ഏപ്പെട്ടു.

ലളിത ചിലപ്പൊഴൊക്കെ അമ്മാവൻെറ പിന്നിൽ മിണ്ടാതെ ഇരുന്നു് വാദംകേൾക്കാറുണ്ടായിരുന്നു. അപ്പോഴെല്ലാം ഗിരീന്ദ്രൻെറ യുക്തികൾ ശതഗുണം പ്രബലമാകാറുണ്ടായിരുന്നു ചിലപ്പോൾ ആധുനികസമുദായാ

ചാരങ്ങൾക്കെതിരായിട്ടായിരിക്കും അയാളുടെ വാദഗതി. സമുദായത്തിൻെറ ഹൃദയഹീനത, അസംഗതമായ ഉപദ്രവങ്ങൾ, അത്യാചാരങ്ങൾ—എന്നിങ്ങനെ എല്ലാ സംഗതികളെ സംബന്ധിച്ചും അവർ തർക്കിച്ചുവന്നു.

അയാളുടെ വാദമുഖങ്ങളോടു ഗുരുചരണൻെറ ഉൽപീഡിതവും അശാന്തവും ആയ ഹൃദയം യോജിക്കതന്നെ ചെയ്തു. അദ്ദേഹം പറഞ്ഞു:—"ഗിരിൻ! അതു വാസ്തവം തന്നെ. തൻെറ കുട്ടികളെ യഥാകാലം നല്ലദിക്കിൽ കല്യാണംകഴിച്ചുകൊടുക്കണമെന്നുള്ള ഇച്ഛ ആൎക്കാണില്ലാത്തതു്? എന്നാൽ എങ്ങനെ കൊടുക്കും? 'കുട്ടിക്കു പ്രായമായി—കല്യാണം കഴിച്ചുകൊടുക്കു' എന്നു സമുദായം വിധിക്കുന്നു; എന്നാൽ അതിനുള്ള ചെലവോ? അതിനു ശക്തിയുമില്ല. ഗിരീന്ദ്ര! എൻെറ സ്ഥിതിതന്നെ നോക്കൂ. വീടുപോലും പണയത്തിലായി. ഒന്നുരണ്ടു ദിവസംകൂടികഴിഞ്ഞാൽ, കുഞ്ഞുകുട്ടികളേയുംകൊണ്ടു പെരുവഴിയിൽ ഇറങ്ങാതെ തരമില്ല. ഈ നിലയിൽ 'വരൂ—ഞങ്ങളുടെ വീട്ടിൽ വന്നു പാൎത്തുകൊള്ളുക' എന്നുപറയാൻ സമുദായം ഒരുങ്ങുമോ? അതില്ലതാനും."

ഗിരീന്ദ്രൻ മിണ്ടിയില്ല. ഗുരുചരണൻ തുടൎന്നു:—"ഇതെല്ലാം പരമാൎത്ഥമാണു്. ഇങ്ങനെയുള്ള സമുദായത്തിൽ ഇരിക്കുന്നതിനേക്കാൾ ജാതി പോകുന്നതാണു് ഭേദം. വയറു നിറഞ്ഞാലും, നിറഞ്ഞില്ലെങ്കിലും, സമാധാനമായിട്ടിരിക്കാമല്ലോ. ദുഃഖിതൻെറ ദുഃഖം അറിയാത്ത—വിപന്നനു ശക്തിനൽകാത്ത—സമുദായം എന്നെപ്പോലുള്ള ദരിദ്രന്മാൎക്കു പററിയതല്ല; വലിയ സമ്പന്നന്മാൎക്കു മാത്രമുള്ളതാണു്. ശരി, അവരൊക്കെ സമുദായത്തിൽ ഇരുന്നുകൊള്ളട്ടേ. ഞങ്ങൾക്കാൎക്കും അതിൻെറ ആവശ്യമില്ല." ഇത്രയും പറഞ്ഞിട്ടു ഗുരുചരണൻ മൌനം അവലംബിച്ചു.

ഈ യുക്തികളെ ലളിത സശ്രദ്ധം കേട്ടുകൊണ്ടിരുന്നു; എന്നുമാത്രമല്ല, രാത്രി പായിൽ ചെന്നു കിടന്നതിനു ശേഷവും ഉറക്കംവരുംവരെ അവയെപ്പററി ചിന്തിച്ചുകൊണ്ടേഇരുന്നു. ഓരോ വാക്കും അവളുടെ ഹൃദയത്തിൽ ഗാംഭീരതാപൂർവം മുദ്രിതമായി. "ഗിരീൻബാബു പറയുന്നതു് വാസ്തവത്തിൽ ന്യായസംഗതമായിരിക്കുന്നു" എന്നു അവൾ മനസാ സമ്മതിച്ചു.

അമ്മാവനോടു് അവൾക്കു് അളവററ സ്നേഹമുണ്ടായിരുന്നതിനാൽ, അദ്ദേഹത്തിൻെറ പക്ഷംപിടിച്ച ഗിരീന്ദ്രൻ വാദിച്ചതെല്ലാം അഭ്രാന്തസത്യമായി അവൾക്കുതോന്നി. നിർവിരോധിയും ദുഃഖിതനുമായ അമ്മാവൻ തനിക്കുവേണ്ടി എത്ര ഉദ്വിഗ്നനായിരിക്കുന്നു! ആഹാരത്തിനുപോലും രുചിയില്ലാത്തവനായി എന്തെല്ലാം ക്ലേശങ്ങൾ അനുഭവിക്കുന്നു! എന്നിട്ടും അമ്മാവൻെറ ജാതി പോകുമെന്നോ? നാളെ തൻെറ വിവാഹം നടന്നതിനുശേഷം, മററന്നാൾ വിധവയായി വീട്ടിൽ തിരിച്ചുവന്നാൽ ജാതി പോകയില്ലതാനും. ഇവയ്ക്കുതമ്മിൽ എന്തു വ്യത്യാസം? ഗിരീന്ദ്രോദിതവും അവളുടെ ഭാവാതുരമായ ഹൃദയത്തിൽ ഗുഞ്ജിതമായിരുന്നതുമായ ഈ മാതിരി വാദമുഖങ്ങളുടെ പ്രതിധ്വനിയെ ഒരുവിധം തള്ളിഅകററീട്ടു്, അവൾ അയാളെപ്പററി ചിന്തിച്ചുചിന്തിച്ചു് പതുക്കെ നിദ്രയിൽ ആണ്ടു.

അമ്മാവൻെറ പക്ഷംപിടിച്ചു്, അദ്ദേഹത്തിൻെറ ദുഃഖത്തിൽ സഹതപിച്ചു്, ഗിരീന്ദ്രൻ പറഞ്ഞതിനോടൊക്കെ യോജിക്കയല്ലാതെ ലളിതയ്ക്കു ഗത്യന്തരമുണ്ടായിരുന്നില്ല. അവൾക്കു തന്മൂലം ഗിരീന്ദ്രനിൽ ആന്തരികമായ ശ്രദ്ധയും വൎദ്ധിച്ചു. ക്രമേണ ഗുരുചരണനെപ്പോലെ അവളും ചായകുടിക്കുന്ന സമയത്തെ പ്രതീക്ഷിക്കാനും തുടങ്ങി

ആദ്യമൊക്കെ ഗിരീന്ദ്രൻ ലളിതയെ ഉത്തരഭാരതത്തിലെ രീതിയനുസരിച്ചു് 'താങ്കൾ' എന്നാണു് അഭിസംബോധന ചെയ്തുവന്നതു്. ഗുരുചരണൻ ഒരു ദിവസം പറഞ്ഞു:— "താങ്കൾ എന്നു എന്തിനു വിളിക്കുന്നു? നിങ്ങൾ എന്നു വിളിച്ചാൽ മതിയല്ലോ." അന്നുമുതല്ക്കു് അയാൾ 'നിങ്ങൾ' എന്ന പദം ഉപയോഗിച്ചു തുടങ്ങി.

"ലളിതേ, നിങ്ങൾ ചായ കുടിക്കുന്നില്ലേ?" എന്നു അയാൾ ചോദിച്ചു. ലളിത മുഖംകുനിച്ചു് 'ഇല്ല' എന്ന അർത്ഥത്തിൽ തലകുലുക്കിയപ്പോൾ ഗുരുചരണൻ പറഞ്ഞു:-"അവളുടെ ശേഖരച്ചേട്ടൻ വിലക്കിയിരിക്കയാണു്. പെൺകുട്ടികൾ ചായ കുടിക്കുന്നതു് ശരിയല്ലെന്നാണു് അയാളുടെ അഭിപ്രായം."

കാരണം കേട്ടപ്പോൾ, ഗിരീന്ദ്രൻ അപ്രസന്നനായി. ലളിതയ്ക്കു് അതു മനസ്സിലാകാതിരുന്നുമില്ല:

ഇന്നു ശനിയാഴ്ചയാണു്. പതിവിനെ അപേക്ഷിച്ചു ഇന്നത്തെ ചായകുടി അല്പം ദീർഘിച്ചുപോയി. ഗുരുചരണനു് അല്പം ഉത്സാഹക്കുറവും കണ്ടു. ഇടയ്ക്കിടയ്ക്കു് അദ്ദേഹം അന്യമനസ്കനായും കാണപ്പെട്ടു.

ഗിരീന്ദ്രൻ ഈ വസ്തുത നിഷ്പ്രയാസം ഗ്രഹിച്ചിട്ടു പറഞ്ഞു:—"ഇന്നു് താങ്കൾക്കു് സുഖമില്ലാത്തതുപോലെ തോന്നുന്നല്ലോ."

ഗുരുചരണൻ ഹുക്കാ താഴത്തു വച്ചിട്ടു് പറഞ്ഞു:— "ഒന്നുമില്ല—സുഖക്കേടൊന്നുമില്ല."

ഗിരീന്ദ്രൻ സങ്കോചപൂർവ്വം ചോദിച്ചു:—"ആഫീസിൽ എന്തെങ്കിലും—"

ഇല്ല—"അതൊന്നുമില്ല" എന്നു പറഞ്ഞിട്ടു ഗുരുചരണൻ അല്പം ആശ്ചര്യപൂർവ്വം ഗിരീന്ദ്രന്റെ മുഖത്തേയ്ക്കു നോക്കി. തന്റെ ഹൃദയത്തിലെ ഉദ്വേഗം വെളിക്കായ

പ്പോയെന്നു് ആ സരളപ്രകൃതിയായ മനുഷ്യനു മനസ്സിലാക്കാൻ കഴിഞ്ഞില്ല.

ലളിത ആദ്യമൊക്കെ മൌനമവലംബിക്കയായിരുന്നു പതിവു്. എന്നാൽ ഇപ്പോഴാകട്ടേ ഇടയ്ക്കിടയ്ക്കു് ഒന്നു രണ്ടു വാക്കു പറഞ്ഞുതുടങ്ങി. അവൾ പറഞ്ഞു:—"അതേ അമ്മാവാ! ഇന്നു അമ്മാവൻെറമനസ്സിനു് എന്തോ സുഖമില്ലായ്മ കാണുന്നു."

ഗുരുചരണൻ ചിരിച്ചുകൊണ്ടു് എണീററു. അനന്തരംപറഞ്ഞു:—"അതേ വാസ്തവംതന്നെ; നീ പറഞ്ഞതു ശരിയാണു്. എൻെറ മനസ്സിന്നു് ഇന്നു തീരെ സുഖമില്ല."

ലളിതയും, ഗിരീന്ദ്രനും അദ്ദേഹത്തിൻെറ മുഖത്തേക്കു നോക്കിക്കൊണ്ടിരുന്നു.

ഗുരുചരണൻ പറഞ്ഞു:—"നവീനഭയ്യ എല്ലാം അറിഞ്ഞിരുന്നിട്ടും ഇന്നു വഴിയിൽവച്ചു് എന്നോടു കുറെ കടുത്തുസംസാരിച്ചു. പക്ഷേ അദ്ദേഹത്തിനെ കുററപ്പെടുത്താനുമില്ല. ആറുമാസമായിട്ടു് ഒരു പൈസപോലും പലിശവകയിൽ കൊടുത്തിട്ടില്ല; പിന്നെയല്ലേ മുതലിൻെറ കാര്യം!"

കാര്യം മനസ്സിലായി. ലളിത പെട്ടെന്നു് എണീററു. അദൂരദർശിയായ മാതുലൻ വീട്ടിലെ രഹസ്യങ്ങളെ എല്ലാം അന്യൻെറ മുമ്പിൽവച്ചു പറഞ്ഞുകളയും എന്നു ശങ്കിച്ചു അവൾ തടഞ്ഞുകൊണ്ടു പറഞ്ഞു:—"അമ്മാവ! അതിനെപ്പററി ഒന്നും വിചാരിക്കേണ്ട—അല്പ സമയത്തിനുള്ളിൽ എല്ലാം ശരിയായിക്കൊള്ളും." എന്നിട്ടും, ഗുരുചരണൻ അവിടെനിന്നു പോയില്ല. അദ്ദേഹം വിഷാദമലിനമായ പുഞ്ചിരിയോടുകൂടി പറഞ്ഞു തുടങ്ങി:—"കുറെ കഴിയുമ്പോൾ എല്ലാം ശരിയാകുമോ? വാസ്തവം ഇതാണു് ഗിരിൻ! ഈ വൃദ്ധനായ അമ്മാവൻ ഒരു ചിന്തയുംകൂടാതെ സുഖമായിരിക്കണമെന്നാണു് എൻെറ മരുമകളുടെ

ആഗ്രഹം. എന്നാൽ വെളിയിലുള്ളവരുടെ മനോരഥം അതല്ല. ലളിതേ, അവക്കെല്ലാം നിൻെറ അമ്മാവനെ ദുഃഖിതനായി കാണാനാണ് മോഹം."

ഗിരീന്ദ്രൻ:—നവീനബാബു എന്താണു പറഞ്ഞത്?

ഗിരീന്ദ്രൻ എല്ലാ സംഗതികളും അറിഞ്ഞുകഴിഞ്ഞിരിക്കുന്നു എന്നുള്ളത് ലളിത ധരിച്ചിരുന്നില്ല. അതിനാൽ ഈ ചോദ്യം അയാളുടെ അസംഗതമായ കുതൂഹലത്തിൻെറ ഫലമാണെന്നു വിചാരിച്ച് അവൾ കോപപൂർവം എണീററു.

ഗുരുചരണൻ എല്ലാം തുറന്നു പറഞ്ഞു:—"നവീനറായിയുടെ ഭാര്യ വളരെക്കാലമായി അജീർണ്ണം ബാധിച്ചു കിടപ്പിലാണ്. ഇപ്പോൾ രോഗം അല്പം വർദ്ധിച്ചിരിക്കുന്നതിനാൽ, സ്ഥലം മാറിത്താമസിക്കണമെന്നു ചികിത്സകന്മാർ ഉപദേശിച്ചിരിക്കുന്നു. അതിനു പണത്തിൻെറ ആവശ്യമുണ്ടത്രേ. അതിനാൽ മുഴുവൻ പലിശയും മുതലിൽ കുറച്ചുഭാഗവും ഇപ്പോൾ കൊടുത്തേ മതിയാവൂ എന്നു അദ്ദേഹം ആവശ്യപ്പെടുന്നു."

ഗിരീന്ദ്രൻ കുറച്ചുനേരം മിണ്ടാതിരുന്നിട്ട് ഒടുവിൽ പറഞ്ഞു:—"ഒരു സംഗതി കുറേനാളായി പറയണമെന്നു ഞാൻവിചാരിച്ചുകൊണ്ടിരിക്കുന്നു—എന്നാൽ ഇതേവരെ പറയാൻ സാധിച്ചില്ല. രുഷിയുകയില്ലെങ്കിൽ ഇപ്പോൾ പറയാം."

ഗുരുചരണൻ ചിരിച്ചുകൊണ്ടു പറഞ്ഞു:—"എന്നോടേതുകാര്യവും പറയുന്നതിൽ ആക്കും ഒരു സങ്കോചവും വേണ്ട. എന്താണ് സംഗതി ഗിരീൻ?"

ഗിരീ:—"നവീനബാബു വലിയ പലിശ വാങ്ങുന്നു എന്നു് ചേച്ചിപറഞ്ഞു ഞാൻ അറിഞ്ഞു. എൻെറ കൈയിൽ ധാരാളം പണമുണ്ടു്. ആവശ്യം അധികമൊന്നുമില്ലതാനും. നവീനബാബുവിനു പണത്തിനു് ആവശ്യം

നേരിട്ടിരിക്കുന്നതിനാൽ വേണമെങ്കിൽ താങ്കൾക്കു കൊട്ടു തീക്കാൻ കഴിയും.”

ലളിതയും ഗുരുചരണനും ആശ്ചര്യത്താൽ ചകിതരെന്നോണം അയാളെ നോക്കിക്കൊണ്ടിരിക്കുന്നു. ഗിരീന്ദ്രൻ അത്യന്തസങ്കോചത്തോടുകൂടി പറഞ്ഞുതുടങ്ങി:—

“എനിക്കു് ഇപ്പോൾ പണത്തിൻെറ ആവശ്യമൊന്നുമില്ല. താങ്കൾക്കു് എപ്പോഴാണോ ആവശ്യം അപ്പോൾ തരാൻതയ്യാറുണ്ടു്. അവരുടെ ആവശ്യം നിറവേറുകയും ചെയ്യും. എന്നാൽ—”

ഗുരുചരണൻ പതുക്കെ ചോദിച്ചു:—പണമെല്ലാം നിങ്ങൾ തരാമെന്നോ?”

ഗിരീന്ദ്രൻ മുഖം കുനിച്ചുകൊണ്ടു പറഞ്ഞു:-“അതേ! ഇപ്പോൾതന്നെ അവരുടെ ഇടപാടു തീരട്ടെ.”

ഗുരുചരണനു് മറുപടിയായി വല്ലതും പറഞ്ഞാൽ കൊള്ളാമെന്നുണ്ടായിരുന്നു. എന്നാൽ അതിനിടയ്ക്കു അന്നകാളി ഓടി വന്നു പറഞ്ഞു:—“ചേച്ചീ! ചേച്ചീ!-വേഗം, വരൂ. ശേഖരച്ചേട്ടൻ പറഞ്ഞു വേഗം ഉടുത്തു ഒരുങ്ങുന്നതിനു്. നാടകം കാണ്മാൻ പോകുന്നു.” ഇത്രയും പറഞ്ഞിട്ടു് അവൾ വന്നതുപോലെതന്നെ ഓടിപ്പോയി. അവളുടെ വ്യഗ്രത കണ്ടു ഗുരുചരണനു ചിരിവന്നു ലളിത അനങ്ങിയതേ ഇല്ല.

അന്നകാളി അടുത്ത നിമിഷത്തിൽ തിരിച്ചുവന്നിട്ടു് പറഞ്ഞു:—“എവിടെ? ഇനിയും ചേച്ചി എണീററില്ലേ? ഞങ്ങളെല്ലാം ചേച്ചിക്കുവേണ്ടി കാത്തിരിക്കയാണു്.”

എന്നിട്ടും ലളിത എണീല്ക്കുന്ന ലക്ഷണമൊന്നുംകണ്ടില്ല. അവൾക്കു് സർവസാനംവരെ കേൾക്കണമെന്നു ഇച്ഛയുണ്ടായിരുന്നു. എന്നാൽ ഗുരുചരണൻ കാളിയുടെ മുഖത്തേയ്ക്കു നോക്കി പുഞ്ചിരി തൂകിക്കൊണ്ടു്, ലളിതയുടെ

ശിരസ്സിൽ കൈവച്ചിട്ട് "നീ പോ മകളേ—താമസിക്കേ ണ്ട! നിനക്കുവേണ്ടി അവരൊക്കെ കാത്തുനില്ക്കയാണു്" എന്നു പറഞ്ഞു.

ഒടുവിൽ ലളിതയ്ക്കു് എണ്ണീല്ക്കാതെ നിവൃത്തിയി ല്ലാതെയായി. എന്നാൽ പോകുംമുമ്പ് ഗിരീന്ദ്രന്റെനേക്കു കൃതജ്ഞതാദൃഷ്ടി പതിപ്പിക്കാതിരുന്നില്ല. അതു് ഗിരീ ന്ദ്രനും കണ്ടു.

പത്തുമിനിട്ടിനുള്ളിൽ വസ്ത്രംധരിച്ചു തയ്യാറായിട്ടു് വെററില കൊണ്ടുചെന്നു കൊടുക്കാൻ എന്ന വ്യാജേന അവൾ ഒരിക്കൽക്കൂടി ഗിരീന്ദ്രാദികൾ ഇരുന്ന മുറിയിൽ പ്രവേശിച്ചു.

ഗിരീന്ദ്രൻ പോയിക്കഴിഞ്ഞു. ഗുരുചരണൻ സോഫ യിൽ ചാരി കിടന്നിരുന്നു. അദ്ദേഹത്തിന്റെ മീലിതനേ ത്രങ്ങളുടെ പാൎശ്വങ്ങളിൽനിന്നു് അശ്രുക്കൾ പ്രവഹിച്ചു കൊണ്ടിരുന്നു. ഇതു് ആനന്ദാശ്രുക്കളാണെന്നു ലളിതയ്ക്കു മനസ്സിലായി: അതിനാൽ ആ ധ്യാനത്തിനു വിഘ്നംവരു ത്തുന്നതിനു മുതിരാതെ അവൾ നിശ്ശബ്ദം അവിടെനിന്നു തിരിച്ചുപോന്നു.

അല്പസമയത്തിനുള്ളിൽ അവൾ ശേഖരന്റെ വീട്ടിൽ എത്തി. അപ്പോൾ അവളുടെ നേത്രങ്ങളിലും കണ്ണീർ ഒഴുകിക്കൊണ്ടിരുന്നു. കാളി അവിടെ ഉണ്ടായിരുന്നില്ല. അവൾ നേരത്തേതന്നെ വണ്ടിയിൽ കയറി ഇരുന്നുകഴി ഞ്ഞു. ശേഖരൻ മാത്രം തന്റെ മുറിയിൽ അവളെ പ്രതീ ക്ഷിച്ചുംകൊണ്ടു നിന്നിരുന്നു. ലളിത വന്നുചേൎന്ന ഉടനെ അദ്ദേഹം മുഖംഉയൎത്തി അവളുടെ അശ്രുപൂൎണ്ണമായ നേത്ര ങ്ങളിലേക്കു നോക്കി.

എട്ടുപത്തു ദിവസമായിട്ടു് ലളിതയെ കാണായ്കയാൽ അദ്ദേഹം മുഷിഞ്ഞിരിക്കയായിരുന്നു. എന്നാൽ ആ നരീ

സമെല്ലാം ഇപ്പോൾ മറന്നു. ഉദ്വിഗ്നമനസ്സോടുകൂടി അദ്ദേഹം ചോദിച്ചു:—"ഇതെന്തു്? നീ കരയുന്നോ?"

ലളിത തല താഴ്ത്തിക്കൊണ്ടു നിഷേധഭാവത്തിൽ ശക്തിപൂർവ്വം തല ആട്ടി.

ഏതാനും ദിവസമായിട്ടു ലളിതയെ തീരെ കാണാതിരുന്നതുകൊണ്ടു ശേഖരൻെറ മനസ്സിൽ ഒരുമാതിരി പരിവർത്തനം വന്നുകഴിഞ്ഞിരുന്നു. അതിനാൽ അദ്ദേഹം വേഗത്തിൽ അടുത്തുചെന്നിട്ടു് ഇരുകൈകളാലും ലളിതയുടെ മുഖത്തെ ഉയർത്തിപ്പിടിച്ചുകൊണ്ടു പറഞ്ഞു:—

"വാസ്തവത്തിൽ നീ കരഞ്ഞുകൊണ്ടാണിരുന്നതു്? എന്തു സംഭവിച്ചു?"

ലളിതയുടെ ആത്മനിയന്ത്രണശക്തി നിശ്ശേഷം നശിച്ചു. അവൾ അവിടെത്തന്നെ ഇരുന്നിട്ടു് മുഖംമറച്ചുകൊണ്ടു പൊട്ടിക്കരഞ്ഞുപോയി.

VI

നവീനറായി പലിശയും പണവും എണ്ണി എടുത്തശേഷം പ്രമാണം തിരിയെക്കൊടുത്തിട്ടു പറഞ്ഞു:—"ഒടുവിൽ പണം ആരുതന്നു പറയരുതോ."

ഗുരുചരണൻ നമ്രതാപൂർവ്വം പറഞ്ഞു:—"അതുമാത്രം ചോദിക്കരുതു ചേട്ടാ. ആരോടും മിണ്ടിപ്പോകരുതെന്നു പറഞ്ഞിട്ടാണു് തന്നതു്"

പണം തിരിച്ചുകിട്ടിയതിൽ നവീനബാബു ലേശം സന്തുഷ്ടനായില്ല. അതല്ലായിരുന്നു അദ്ദേഹത്തിൻെറ മനോഗതം. പഴയ കെട്ടിടം പൊളിച്ചു തൽസ്ഥാനത്തു പുതിയമാതിരി ഒരു വീടു പണിയിക്കണമെന്നായിരുന്നു അദ്ദേഹം ഉദ്ദേശിച്ചിരുന്നതു്. അദ്ദേഹം പറഞ്ഞു. "അതു അങ്ങനെതന്നെ വരും അനിയ! നിങ്ങളുടെ ദോഷമല്ല;

എന്റെ ദോഷംതന്നെ. പണം തിരിയെ ചോദിച്ചതു് വലിയ തെററായിപ്പോയി—കലികാലമല്ലേ!"

ഗുരുചരണൻ അത്യന്തം വ്യഥിതചിത്തനായിട്ടു് പറഞ്ഞു:—"എന്താണു് ചേട്ടൻ ഇങ്ങനെ പറയുന്നതു്? അവിടുത്തെ പണക്കടം വീട്ടിക്കഴിഞ്ഞു; എന്നാൽ കാരുണ്യക്കടം ഈ ജന്മത്തിൽ വീട്ടാൻ സാധിക്കുമോ?"

നവീനൻ ചിരിച്ചു. അദ്ദേഹം ലോകസ്വഭാവം നല്ലപോലെ ഗ്രഹിച്ചിട്ടുള്ളവനാണു്. പറയുന്നതൊക്കെ വിശ്വസിക്കുന്നവനാണെങ്കിൽ ഗുളവ്യവസായത്തിൽ ഇത്രയും പണം സമ്പാദിക്കാൻ കഴിയുമായിരുന്നോ? അദ്ദേഹം പറഞ്ഞു:—"ആ വിചാരം ഉണ്ടായിരുന്നെങ്കിൽ, ഇങ്ങനെ പണം മുഴുവനും തരികയില്ലായിരുന്നല്ലോ. ഒരിക്കൽ പണം വാങ്ങിച്ചതു നിങ്ങൾക്കുവേണ്ടിയായിരുന്നില്ല—സഹോദരീപതിക്കുവേണ്ടി ആയിരുന്നു. ആകട്ടെ എന്തു പലിശയ്ക്കാണു വീട്ടു പണയം എഴുതിയതു്?"

ഗുരുചരണൻ തല ആട്ടിക്കൊണ്ടു പറഞ്ഞു—"പണയം എഴുതീട്ടില്ല—പലിശയുടെ കാര്യവും ഒന്നും സംസാരിച്ചിട്ടില്ല."

നവീനബാബുവിനു വിശ്വാസം വന്നില്ല. "എന്തു പറയുന്നു? അങ്ങനെയോ?"

"അതെ—അങ്ങനെതന്നെ. വളരെ നല്ലപയ്യനാണു്. വലിയ ദയാലു."

"പയ്യനോ? എന്തുപയ്യൻ?"

ഗുരുചരണൻ ഈ പ്രശ്നത്തിനു് ഒരു മറുപടിയും പറഞ്ഞില്ല. മിണ്ടാതെ ഇരുന്നതേയുള്ളു. ഇത്രയും പറഞ്ഞതു തന്നെ ഉചിതമായില്ലെന്നു അദ്ദേഹത്തിനുതോന്നി.

നവീനൻ അദ്ദേഹത്തിന്റെ മനോഭാവം ഗ്രഹിച്ചിട്ടു പുഞ്ചിരിതൂകിക്കൊണ്ടു പറഞ്ഞു:—"പറയരുതെന്നു വിലക്കീട്ടുണ്ടെങ്കിൽ പറയേണ്ട കാര്യമില്ല. ഞാൻ ഈ ലോക

ത്തിൽ ഒട്ടുവളരെയൊക്കെ കണ്ടിട്ടും കേട്ടിട്ടും ഉണ്ടു്. അതു കൊണ്ടു സൂക്ഷിച്ചിരുന്നുകൊള്ളണമെന്നു ഞാൻ ഉപദേശിക്കുന്നു. അയാൾ ആരായിരുന്നാലും വേണ്ടില്ല. ഈ നന്മയൊക്കെ ചെയ്തു ചെയ്തു് ഒടുവിൽ വലയിൽ ചാടിക്കാതിരുന്നാൽ കൊള്ളാം.''

ഗുരുചരണൻ ഈ വാക്കിനു മറുപടി ഒന്നും പറഞ്ഞില്ല; പ്രമാണപത്രവും കൈയിൽ എടുത്തുംകൊണ്ടു് അദ്ദേഹം നേരെ വീട്ടിലേക്കു നടന്നു.

പ്രായേണ എല്ലാ ആണ്ടിലും ഇക്കാലമൊക്കെയും ഭുവനേശ്വരി പശ്ചിമപ്രാന്തങ്ങളിൽ സഞ്ചരിക്ക പതിവായിരുന്നു. അജീർണ്ണത്തിൻെറ ഉപദ്രവത്തിനു് അതുകൊണ്ടു് അല്പം ശമനമുണ്ടാകാറുണ്ടു്. നവീനൻ സ്വാസ്ഥലാഭത്തിനുവേണ്ടി ഗുരുചരണനോടു പറഞ്ഞിടത്തോളമൊന്നും വലിയ സുഖക്കേടു് അവൾക്കുണ്ടായിരുന്നില്ലതാനും. എന്തായിരുന്നാലും യാത്രയ്ക്കുള്ള ഒരുക്കങ്ങൾ മുറയ്ക്കു തുടങ്ങി.

അന്നു വൈകുന്നേരം സന്ധ്യാസമയത്തു് ഒരു തോൽപ്പെട്ടിയിൽ ആവശ്യമുള്ള സാമാനങ്ങളെല്ലാൊക്കെ ശേഖരൻ ഒരുക്കി വെച്ചുകൊണ്ടിരിക്കയായിരുന്നു. അന്നകാളി മുറിക്കുള്ളിൽ വന്നിട്ടുപറഞ്ഞു:—ശേഖരച്ചേട്ടാ! നിങ്ങളെല്ലാക്കെ നാളെപ്പോകുന്നോ?''

ശേഖരൻ സൂട്ടുകേസിൽനിന്നു മുഖം ഉയർത്തിക്കൊണ്ടു പറഞ്ഞു:—"കാളി! നീ നിൻെറ ചേച്ചിയെ അയക്കും. അവൾക്കു കൊണ്ടുപോകാനുള്ളതൊക്കെ ഇപ്പോഴെ അയച്ചേക്കാം."

ലളിത ആണ്ടുതോറും അമ്മയോടുകൂടി പോകാറുണ്ടായിരുന്നു. അതുകൊണ്ടു് ഈയാണ്ടിലും പോകുമെന്നു് ശേഖരൻ വിചാരിച്ചു.

കാളി പറഞ്ഞു:—"ചേച്ചി വരുന്നില്ല.''

"എന്തുകൊണ്ടു വരുന്നില്ല?"

"എങ്ങനെ വരും? മാഘഫാല്ഗുനമാസങ്ങളിൽ കല്യാണം നടക്കാൻ പൊകുന്നു. ബാബുജി വരനെഅന്വേഷിച്ചുകൊണ്ടിരിക്കയാണു്."

ശേഖരൻ വിഷണ്ണഭാവത്തിൽ നിന്നിമേഷദൃഷ്ടിയാൽ അവളെ നോക്കിക്കൊണ്ടു നിന്നുപോയി.

കാളി വീട്ടിൽ കേട്ടതൊക്കെ ഉത്സാഹപൂർവം പറഞ്ഞു തുടങ്ങി. എത്ര പണം വേണമെങ്കിലും ഞാൻകൊടുക്കാം. വരൻ നന്നായിരിക്കണം" എന്നു ഗിരിൻബാബു പറഞ്ഞു. "ബാബുജി ഇന്നു് ആഫീസിൽ പോകുന്നില്ല. ആഹാരം കഴിച്ചാലുടനെ വരനെ അന്വേഷിപ്പാൻ പോകയാണു്. ഗിരീൻബാബുവുംകൂടെ പോകുന്നുണ്ടു്."

ശേഖരൻ മിണ്ടാതെ കേട്ടുകൊണ്ടിരുന്നു. ലളിത വരാതിരിക്കാനുള്ള കാരണം അദ്ദേഹത്തിനു മനസ്സിലായി.

കാളി പറഞ്ഞു തുടങ്ങി:—"ഗിരീൻബാബു വളരെ നല്ല മനുഷ്യനാണു്. മൂത്തചേച്ചിയുടെ കല്യാണച്ചെലവിനു ബാബുജി വീടു പണയമെഴുതിയിരുന്നല്ലോ. രണ്ടു മൂന്നുമാസത്തിനുള്ളിൽ ഞങ്ങളൊക്കെ വഴിയാധാരമായിപ്പോകുമെന്നു് ബാബുജി കൂടക്കൂടെ പറയാറുണ്ടായിരുന്നു. അതുകേട്ട ഗിരീൻബാബു പണമെല്ലാം കൊടുത്തുതീർത്തു. ഇന്നലെയാണു് ഇവിടത്തെ ബാബുജിക്കു പണം കൊടുത്തു പ്രമാണം തിരിച്ചു വാങ്ങിയതു്. ഇനി നമുക്കാർക്കും പേടിക്കാനില്ലെന്നു ചേച്ചി പറഞ്ഞു ശരിയല്ലേശേഖരച്ചേട്ടാ?"

ശേഖരനു് ഒരക്ഷരം മിണ്ടാനുള്ള ശക്തി ശേഷിച്ചിരുന്നില്ല. അദ്ദേഹം തുറിച്ചുനോക്കിക്കൊണ്ടേ ഇരുന്നു.

കാളി ചോദിച്ചു:—"ശേഖരച്ചേട്ടാ! എന്താണു് ആലോചിച്ചുകൊണ്ടിരിക്കുന്നതു്?"

ഇതിനോടുകൂടി ശേഖരൻെറ ധ്യാനത്തിനു ഭംഗം നേരിട്ടു. അദ്ദേഹം പെട്ടെന്നു് എണീററിട്ടു പറഞ്ഞു:—

"ഒന്നുമില്ല. കാളി! ചേച്ചിയെ വേഗം ഇങ്ങോട്ടു പറഞ്ഞയയ്ക്കു്. ഞാൻ വിളിക്കുന്നു എന്നു പറയൂ. ഓടിപ്പോ."

കാളി ഓടിപ്പോയി.

ശേഖരൻ തുറന്നിരുന്ന സൂട്ട്കേസിൽ ദത്തദൃഷ്ടിയായി മിണ്ടാതെയിരുന്നു. എന്തെല്ലാം ആവശ്യമുണ്ടു്? എന്താവശ്യമില്ല? എല്ലാം അദ്ദേഹത്തിൻെറ ദൃഷ്ടിയിൽ ഏകാകാരമായിത്തീൻ്നു.

ലളിത വിളികേട്ടു മുകളിലേക്കു കേറിച്ചെന്നു. ജനാലയിൽക്കൂടെ നോക്കിയപ്പോൾ അവളുടെ ശേഖരച്ചേട്ടൻ കീഴോട്ടു നോക്കിക്കൊണ്ടു തറയിൽത്തന്നെ ഇരിക്കുന്നതു് അവൾ കണ്ടു. ഇങ്ങനെ ഒരു ഭാവം അദ്ദേഹത്തിൻെറ മുഖത്തു് മുമ്പെങ്ങും അവൾ കണ്ടിട്ടേ ഇല്ല. ലളിത ആശ്ചര്യത്തോടും ഭയത്തോടും അടുത്തുചെന്നപ്പോൾ "വരൂ" എന്നുപറഞ്ഞിട്ടു് അദ്ദേഹം എണീററു. ലളിത മൃദുലസ്വരത്തിൽ "എന്നെ വിളിച്ചോ?" എന്നു ചോദിച്ചു.

"ഉം" എന്നു പറഞ്ഞിട്ടു ശേഖരൻ ക്ഷണനേരം മിണ്ടാതെ ഇരുന്നു. ഒടുവിൽ പറഞ്ഞു:—

"നാളെ രാവിലത്തെ വണ്ടിക്കു് അമ്മയോടുകൂടി പശ്ചിമപ്രാന്തങ്ങളിലേക്കു പോകുന്നു. ഇക്കുറി തിരിച്ചു വരാൻ കുറേ താമസം നേരിട്ടേക്കും. നിൻെറ ചെലവിനു ആവശ്യമുള്ള പണം ആ അലമാരിയിൽ ഉണ്ടു്."

ഓരോ കുറിയും ലളിതകൂടെ പോകാറുണ്ടായിരുന്നു. ആ അവസരങ്ങളിലെല്ലാം എത്ര ഉത്സാഹമായിട്ടായിരുന്നു അവൾ സാധനങ്ങൾ ഒരുക്കി വയ്ക്കാറുണ്ടായിരുന്നതു്! ഇക്കുറി ആ ജോലിയെല്ലാം ശേഖരച്ചേട്ടൻ തനിച്ചു ചെയ്യേണ്ടതായിവന്നു. തുറന്നിരുന്ന സൂട്ട്കേസിൽ ദൃഷ്ടി പതിച്ചപ്പോൾ ആണും, ലളിതയ്ക്കു ഇതൊക്കെ ഓൎമ്മ വന്നതു്.

ശേഖരൻ ലളിതയുടെ നേക്കു മുഖംതിരിച്ചിട്ടു് ഒന്നു പുമച്ച കണ്ഠശുദ്ധി വരുത്തിക്കൊണ്ടു വിശ്രമസ്വരത്തിൽ പറഞ്ഞു:—"സൂക്ഷിച്ചിരിക്കണം. വിശേഷിച്ചു വല്ല ആവശ്യവുംനേരിട്ടാൽ ചേട്ടന്റെ മേൽവിലാസത്തിൽ എനിക്കു കത്തയച്ചാൽ മതി."

ഇതിനുശേഷം രണ്ടുപേരും മിണ്ടാതെ ഇരുന്നു. ഇക്കുറി താൻകൂടി പോകുന്നില്ലെന്നുള്ളതിനുള്ള കാരണം എന്താണെന്നു ശേഖരച്ചേട്ടന്റെ മനസ്സിലായിരിക്കുമെന്നു ഓർത്തിട്ടു് ലളിത ലജ്ജയിൽ മുഴുകി.

ശേഖരൻ പെട്ടെന്നു പറഞ്ഞു:—"ശരി! ഇനി പൊയ്ക്കൊള്ളുക; എനിക്കു് ഇപ്പൊഴേ സാമാനങ്ങൾ എല്ലാം ഒരുക്കിവയ്ക്കേണ്ടിയിരിക്കുന്നു. സമയം ഒട്ടധികമായി. ആഫീസിലും പോകാതെ തരമില്ല."

ലളിത തുറന്നുകിടന്നിരുന്ന സൂട്ട്കേസ്സിനുമുമ്പിൽ മുട്ടുകുത്തിഇരുന്നിട്ടു് പറഞ്ഞു:—"ചേട്ടൻ കുളിച്ചിട്ടുവരണം. ഞാൻ എല്ലാം ഒരുക്കിവയ്ക്കാം."

"അങ്ങനെ ആണെങ്കിൽ വളരെ നന്നു്" എന്നു പറഞ്ഞിട്ടു് ശേഖരൻ താക്കോൽക്കൂട്ടം ലളിതയുടെ അടുക്കലേക്കു് എറിഞ്ഞുകൊടുത്തു. അനന്തരം അവിടെനിന്നു പോകാൻ ഭാവിച്ചു; വാതുക്കൽ എത്തിയപ്പോൾ തിരിഞ്ഞുനിന്നിട്ടു് "എനിക്കു് ഏതെല്ലാം സാമാനങ്ങളാണു് ആവശ്യമുള്ളതെന്നു മറന്നുപോയിട്ടില്ലല്ലോ" എന്നു പറഞ്ഞു.

ലളിത തലതാഴ്ത്തി; സൂട്ട്കേസിലെ സാമാനങ്ങളെ പരിശോധിക്കാൻതുടങ്ങി. മറുവടി ഒന്നുംപറഞ്ഞില്ല.

ശേഖരൻ താഴെ ചെന്നു കാളി പറഞ്ഞതെല്ലാം വാസ്തവമാണോ എന്നു് അമ്മയോടു ചോദിച്ചു് മനസ്സിലാക്കി. ഗുരുചരണന്റെ കടം കൊടുത്തുതീർത്തതും വാസ്തവം; ലളിതയ്ക്കു വരാന്വേഷണം നടക്കുന്നതും വാസ്തവം.

പിന്നീട്ട് ഒന്നും ചോദിക്കാതെ അദ്ദേഹം കുളിക്കാനായിട്ടു പോയി

ഏകദേശം രണ്ടുനാഴികയ്ക്കുള്ളിൽ കുളിയും ഊണും കഴിഞ്ഞു് ആഫീസിലേക്കു പോകാനുള്ള ഉടുപ്പും ധരിച്ചു് മുകളിലത്തെ മുറിയിൽ ചെന്നപ്പോൾ, ശേഖരൻ അവാക്കായിത്തീൎന്നുപോയി.

ഈ രണ്ടു നാഴികയ്ക്കുള്ളിൽ ലളിത യാതൊന്നും ചെയ്തില്ല. അവൾ സൂട്ട്കേസ്സിൻെറ മൂടിയിൽ തലയുംവച്ചുകൊണ്ടു് മിണ്ടാതിരിക്കയായിരുന്നു. ശേഖരൻെറ പാദധ്വനികേട്ടു് അവൾ ഞെട്ടി; ശിരസ്സുയൎത്തി ഒന്നുനോക്കി; എന്നാൽ പെട്ടെന്നു തലതാഴ്ത്തിക്കളഞ്ഞു. അവളുടെ നേത്രങ്ങൾ രണ്ടും ചെമ്പരുത്തിപ്പൂപോലെ ചുവന്നിരുന്നു.

ശേഖരൻ അതുകണ്ടിട്ടും കണ്ടില്ലെന്നു ഭാവിച്ചു. അദ്ദേഹം സ്വാഭാവികഭാവത്തിൽ പറഞ്ഞു:—"ലളിതേ! ഇപ്പോൾ നിന്നെക്കൊണ്ടു് ഇതു സാധിക്കയില്ല. ഉച്ചതിരിഞ്ഞു വന്നു ഒരുക്കി വച്ചാൽ മതി." ഇത്രയും പറഞ്ഞിട്ടു് അദ്ദേഹം ആഫീസിലേക്കുപോയി. ലളിതയുടെ നേത്രാരുണിമയ്ക്കുള്ള കാരണം അദ്ദേഹത്തിനു മനസ്സിലായി. എന്നാൽ സകല സംഗതികളെപ്പററിയും നല്ലപോലെ ആലോചിക്കാതെ എന്തെങ്കിലും പറയുന്നതിനുള്ള ധൈൎയ്യം അദ്ദേഹത്തിനുണ്ടായില്ല.

അന്നു വൈകുന്നേരം അമ്മാവനു ചായയുംകൊണ്ടു ചെന്നപ്പോൾ ലളിത ചകിതയായി. ശേഖരനേയും അവിടെ കണ്ടു. അദ്ദേഹം ഗുരുചരണനോടു യാത്രചോദിപ്പാനായി വന്നിരിക്കയായിരുന്നു.

ലളിത നമ്രശിരസ്കയായി രണ്ടുകപ്പു ചായ ഒഴിച്ചു് ഗിരീൻബാബുവിൻെറയുംതൻെറഅമ്മാവൻെറയുംമുമ്പിൽ വച്ചു. അപ്പോൾ ഗിരീന്ദ്രൻ പറഞ്ഞു:—"ശേഖരബാബുചായ ഒഴിച്ചുകൊടുക്കൂ ലളിതേ."

ലളിത തലഉയർത്താതെതന്നെ മൃദുസ്വരത്തിൽ "ശേഖരേച്ചേട്ടൻ ചായ കുടിക്കയില്ല" എന്നു മറുപടി പറഞ്ഞു.

ഗിരീന്ദ്രൻ പിന്നെ ഒന്നും പറഞ്ഞില്ല ലളിതയും ചായ കുടിക്കാത്തകാര്യം അയാൾക്കു ഓർമ്മവന്നു. ശേഖരൻ ചായ കുടിക്കയില്ലെന്നു മാത്രമല്ല; വേറെ ആരെങ്കിലും കുടിക്കുന്നതും അദ്ദേഹത്തിനിഷ്ടമില്ല.

ചായ കൈയിൽപിടിച്ചുകൊണ്ടു "പയ്യൻ ബി. ഏ. ക്ലാസ്സിൽ പഠിക്കയാണു" എന്നിങ്ങനെ ഗുരുചരണൻ വരകഥ ആരംഭിച്ചു. ഒട്ടുവളരെ വർണ്ണിച്ചശേഷം അദ്ദേഹം പറഞ്ഞു:—"എന്നിട്ടും ഗിരീന്ദ്രനു പിടിച്ചില്ല. കണ്ടാൽ അത്ര സുന്ദരനല്ലെന്നുള്ളതു ശരിതന്നെ; എന്നാൽ പുരുഷന്മാരുടെ സൌന്ദര്യം ആരു നോക്കുന്നു? ഗുണമാണു് ആവശ്യം അതുണ്ടുതാനും."

എങ്ങനെയും വിവാഹം നടത്തിവച്ചാലേ അദ്ദേഹത്തിനു ജീവൻ വീഴുകയുള്ളു എന്നായിരുന്നു പറഞ്ഞതിന്റെ സാരാംശം.

ശേഖരൻ ഗിരീന്ദ്രന്റെ നേക്കുനോക്കി ചിരിച്ചുകൊണ്ടു പറഞ്ഞു:—"ഗിരീന്ദ്രബാബുവിനു് ഇഷ്ടമാകാഞ്ഞതെന്തു്? പയ്യൻ പഠിച്ചുകൊണ്ടിരിക്കുന്നു-പ്രായവും നന്നു്-ഇതൊക്കെയല്ലേ സുപാത്രലക്ഷണം?

ശേഖരൻ ചോദിച്ചതു ശരിതന്നെ—എന്നാൽ അയാൾക്കു രസിക്കാഞ്ഞതു് എന്തുകൊണ്ടെന്നും ഇനി ആരു തന്നെയായാലും അയാൾക്കു രസിക്കയില്ലെന്നും അദ്ദേഹത്തിനു മനസ്സിലായി. ഗിരീന്ദ്രൻ മറുപടി ഒന്നും പറഞ്ഞില്ല. അയാളുടെ മുഖത്തു ഒരു അരുണിമ വ്യാപിച്ചു. അതു ശേഖരൻ കാണാതിരുന്നതുമില്ല. അദ്ദേഹം എണീററിട്ടു പറഞ്ഞു;—"ചാചാജീ! ഞാൻ നാളെ അമ്മയേയും കൊണ്ടു് പശ്ചിമപ്രാന്തങ്ങളിലേക്കു പോകുന്നു. യഥാവസരം വിവരമൊക്കെ അറിയിക്കാൻ മറന്നുപോകരുതേ."

“മകനേ! എന്താണു് ഇങ്ങനെ സംസാരിക്കുന്നതു്. നിങ്ങളൊക്കെയല്ലാതെ ഞങ്ങൾക്കു വേറെ ആരുണ്ടു്? അതിനും പുറമേ ലളിതയുടെ അമ്മയില്ലാതെ ഒരു കാര്യവും നടക്കയുമില്ല. അല്ലേ മകളേ?” ഇത്രയുംപറഞ്ഞു് ചിരിച്ചുകൊണ്ടു ഗുരുചരണൻ തിരിഞ്ഞുനോക്കിയപ്പോൾ അവളെ അവിടെ എങ്ങും കാണായ്കയാൽ “എപ്പോൾ എണീററുപോയി?” എന്നുചോദിച്ചു.

“വരകഥ ആരംഭിച്ചപ്പോഴേ ഓടിപ്പോയി” എന്നു ശേഖരൻ പറഞ്ഞു.

ഗുരുചരണൻ ഗംഭീരതാപൂർവ്വം പറഞ്ഞു:—“ഓടിപ്പോകതന്നെ ചെയ്യും; ഒടുവിൽ അങ്ങനെതന്നെ—അതെനിക്കറിയാം.” ഇത്രയും പറഞ്ഞിട്ടു് ഒന്നു നിശ്വസിച്ചു. തുടന്നു:—“അവളാണു് എൻെറ ലക്ഷ്മിയും സരസ്വതിയും. ഇങ്ങനെ ഒരു ബാലികയെ ഭാഗ്യംകൊണ്ടേ ലഭിക്കയുള്ളൂ ശേഖരാ!” ഈ വാക്കുകൾ പറഞ്ഞുകൊണ്ടിരിക്കേ അദ്ദേഹത്തിൻെറ ശീർണ്ണവും കൃശവുമായ മുഖത്തു ഗംഭീരസ്നേഹത്തിൻെറ സ്നിഗ്ദ്ധവും മധുരവും ആയ ഛായ വ്യാപിച്ചു. ഗിരീന്ദ്രനും ശേഖരനും സർവ്വാത്മനാ ആ പ്രേമത്തിനെ അഭിനന്ദിക്കയുംചെയ്തു

VII

ടീപ്പാർട്ടി നടന്നുകൊണ്ടിരിക്കേ അവിടെനിന്നു കടന്നുകളഞ്ഞ ലളിത ശേഖരൻെറമുറിയിൽ പ്രവേശിച്ചു ഗ്യാസു് ലൈററിൻെറ ഉജ്ജ്വലദീപ്തിയിൽ ഒരു പെട്ടി എടുത്തുവച്ചു് അതിൽ തൻെറ ഭയ്യായുടെ ഉടുപ്പുകൾ ഭംഗിയായി അടുക്കിവച്ചുകൊണ്ടിരുന്നു. ശേഖരൻ വന്നുചേന്നപ്പോൾ അവൾ തലപൊക്കി അദ്ദേഹത്തിൻെറ ഭയവിസ്മയാകുലമായ മുഖത്തേയ്ക്കു ഒന്നുനോക്കി.

GOVERNMENT HIGH SCHOOL KOTTAYAM KERALA STATE

വ്യവഹാരത്തിൽ തോററു് സർവ്വസ്വവും കളഞ്ഞുമുടിച്ചിട്ടു് വെറും ശരീരവുമായി കോടതിയിൽനിന്നു് ഇറങ്ങിവരുന്ന ഒരുവനെ കാലത്തുകണ്ടിട്ടുള്ളവർ വൈകിട്ടു് തിരിച്ചറിവാൻ സാധിക്കാതെ വരുന്നതുപോലെ ഈ ഒരു നാഴികയ്ക്കുള്ളിൽ നേരിട്ട പരിവർത്തനഫലമായി ശേഖരനെ ലളിതയ്ക്കു തിരിച്ചറിവാൻ കഴിഞ്ഞില്ല. "സർവ്വസ്വവും തുലഞ്ഞു" എന്നതിന്റെ ചിഹ്നം അദ്ദേഹത്തിന്റെ മുഖത്തുതപ്തലോഹത്താൽ ആരോ ഉട്ടങ്കനം ചെയ്തിരിക്കുംപോലെ തോന്നി. ശേഖരൻ ശുഷ്കകണ്ഠത്തിൽ ചോദിച്ചു— "ലളിതേ! എന്തൊക്കെയാണു് കൊണ്ടുപിടിച്ചു നടക്കുന്നതു്?"

ലളിത മറുപടി ഒന്നും പറയാതെ അടുത്തുചെന്നിട്ടു് ഇരുകൈകളാലും അദ്ദേഹത്തിന്റെ ഒരു കൈപിടിച്ചുകൊണ്ടു മൃദുലസ്വരത്തിൽ ചോദിച്ചു:—"ശേഖരച്ചേട്ടാ എന്തുപററി?"

"എവിടെ? ഒന്നുമില്ല" എന്നു പറഞ്ഞിട്ടു് യത്നകൃതമായ മന്ദഹാസിതം തൂകി. ലളിതയുടെ ഹസ്തസ്പർശത്താൽ അദ്ദേഹത്തിന്റെമുഖത്തു അല്പം സജീവത പുനരാഗമിച്ചു. അദ്ദേഹം അടുത്തുള്ള ഒരു സോഫയിൽ ചെന്നു് ഇരുന്നിട്ടു പറഞ്ഞു:—"നീ എന്താണു് ചെയ്തുകൊണ്ടിരിക്കുന്നതു്?"

ലളിത:—വലിയ ഓവർകോട്ടു പെട്ടിക്കുള്ളിൽ വയ്ക്കാൻ മറന്നുപോയി. അതെടുത്തുവയ്ക്കാനായി വന്നതാണു്."

ശേഖരൻ കേട്ടുകൊണ്ടിരുന്നു. പൂർവ്വാധികം സ്വാസ്ഥ്യത്തോടുകൂടി അവൾ തുടർന്നു:—"കഴിഞ്ഞതവണ ചേട്ടനു വലിയ വിഷമം നേരിട്ടു. ഏതാനും ലാങ്ങ് കോട്ടുകൾ ഉണ്ടായിരുന്നെങ്കിലും കട്ടിയുള്ള തുണികൊണ്ടുള്ള ഒരു കോട്ടും ഇല്ലായിരുന്നു. അതുകൊണ്ടു് ഞാൻ തിരിച്ചുവന്നു് ആ കോട്ടിന്റെ അളവുകൊടുത്തു് തയ്യൽക്കാരനെക്കൊണ്ടു്

ഈ ഉടുപ്പു ഉണ്ടാക്കിച്ചു" എന്നു പറഞ്ഞിട്ടു് അവൾ ഒരു ഭാരമേറിയ കോട്ടു് എടുത്തു് അദ്ദേഹത്തിന്റെ മുമ്പിൽ വച്ചു.

ശേഖരൻ അതു് കൈയിലെടുത്തു നോക്കീട്ടു പറഞ്ഞു "എപ്പോൾ? നീ എന്നോടു പറഞ്ഞതേ ഇല്ലല്ലോ."

ലളിത ചിരിച്ചുകൊണ്ടു പറഞ്ഞു:—"നിങ്ങളൊക്കെ വലിയ ബാബുജിമാർ അല്ലേ? ഇത്ര പരുപരുത്ത തുണി കൊണ്ടുള്ള കോട്ടുണ്ടാക്കാൻ സമ്മതിക്കയില്ലെന്നു എനിക്കറിയാം. അതുകൊണ്ടു പറഞ്ഞില്ല ഞാൻതന്നെ തയ്പിച്ചു കൊണ്ടുപോന്നു."

അവൾ അതിനെ യഥാസ്ഥാനം വച്ചിട്ടു പറഞ്ഞു:—

"മുകളിൽതന്നെ വച്ചിരിക്കുന്നു തുറന്നാൽ ഉടനേ കാണാം. തണുപ്പുകാലം വരുമ്പോൾ ധരിക്കണം; മടിക്കരുതു്; മനസ്സിലായോ?"

"അങ്ങനെതന്നെ" എന്നു പറഞ്ഞിട്ടു് ശേഖരൻ നിർന്നിമേഷദൃഷ്ട്യാ കുറേനേരം അവളേത്തന്നെ നോക്കിക്കൊണ്ടിരുന്നു. പെട്ടെന്നു അദ്ദേഹം പറഞ്ഞു:—"പാടില്ല; ഇങ്ങനെ ഒരിക്കലും സംഭവിക്കാവുന്നതല്ല."

"എന്തുസംഭവിക്കാവുന്നതല്ല. ഉടുപ്പുധരിക്കുന്നതോ?"

ശേഖരൻ വേഗത്തിൽ പറഞ്ഞു:—"അല്ല! അതല്ല. വേറേ കാര്യം. ആകട്ടേ ലളിതേ! അമ്മയുടെ സാമാനങ്ങൾ എല്ലാം ഒരുക്കിവച്ചുകഴിഞ്ഞോ? നിനക്കറിയാമോ?"

ലളിത:—"അറിയാം. ഉച്ചതിരിഞ്ഞു ഞാൻതന്നെ ചെന്നു് എല്ലാം ഒരുക്കിവച്ചു."

അനന്തരം ഒന്നുകൂടി സാമാനങ്ങൾ എല്ലാം പരിശോധിച്ചിട്ടു് പെട്ടി പൂട്ടാൻ ഭാവിച്ചു.

ശേഖരൻ കുറേനേരം മിണ്ടാതെ ഇരുന്നിട്ടു് അവളേ നോക്കിക്കൊണ്ടു ചോദിച്ചു:-"ലളിതേ! അടുത്ത ആണ്ടിൽ എന്റെ അവസ്ഥ എന്തായിരിക്കും? നിനക്കറിയാമോ?"

ലളിത മനോഹരമായ നേത്രങ്ങളെ ഉന്നമിച്ചുകൊണ്ടു ചോദിച്ചു:—"എന്തുകൊണ്ടു്?"

"എന്തുകൊണ്ടെന്നോ? എനിക്കേ അറിയാവൂ" എന്നു പറഞ്ഞിട്ടു് വേഗത്തിൽ തന്റെ ഉള്ളിലെ വിചാരങ്ങളെ അടക്കി ഒരുവിധം പണിപ്പെട്ടു മുഖത്തു് ഒരു പ്രസന്നഭാവം വരുത്തിക്കൊണ്ടുപറഞ്ഞു:—"അന്യന്റെ വീട്ടിലേക്കു പോകുന്നതിനുമുമ്പായി എവിടെ എന്തൊക്കെ ഉണ്ടു്? എന്തൊക്കെ ഇല്ല? എന്നെല്ലാം എന്നെ മനസ്സിലാക്കിത്തരണം. അല്ലാത്തപക്ഷം ആവശ്യപ്പെട്ടപ്പോൾ നോക്കിയാൽ ഒന്നും കാണുകയില്ല."

ലളിത സകോപം പറഞ്ഞു:—"പോവൂ"

ശേഖരനു് ഇപ്പോൾ അല്പം ചിരിവന്നു. അദ്ദേഹം പറഞ്ഞു:—"മാറിപ്പോകുന്ന കാര്യംശരി എന്നാൽ വാസ്തവം പറയൂ; എന്റെ സ്ഥിതി എന്തായിരിക്കും? ഇച്ഛിച്ചതു മിക്കതുമായി; ഉപയോഗത്തിനുമാത്രം ഒന്നുമില്ല എന്നമട്ടിലാണു് എന്റെഅവസ്ഥ. ഈ ജോലികളെല്ലാം വേലക്കാരനെക്കൊണ്ടു പോലും സാധിക്കുന്നവയല്ല. ഇന്നു മുതല്ക്കു നോക്കാം നിന്റെ മാമാ എന്തെല്ലാം ഉണ്ടാക്കിത്തരുമെന്നു്—ഒരു ധോത്തി, ഒരു തുപ്പട്ട—പിന്നെ എന്തൊക്കെ എന്നു് കണ്ടുതന്നെ അറിയണം."

ലളിത താക്കോൽക്കൂട്ടം നിലത്തെറിഞ്ഞിട്ടു് ഓടിക്കളഞ്ഞു.

ശേഖരൻ വിളിച്ചു പറഞ്ഞു:—"നാളെ രാവിലെ ഇങ്ങോട്ടൊന്നു വരണേ"

ലളിത കേട്ടതുപോലുമില്ല. വേഗം വേഗം കോണിപ്പടി ഇറങ്ങി. വീട്ടിൽ ചെന്നപ്പോൾ, മട്ടുപ്പാവിലെ ഒരു കോണിൽ നിലാവെളിച്ചത്തിരുന്നു് കാളി ഒരു മഞ്ഞപ്പൂമാല കെട്ടുന്നതു കണ്ടു. ലളിത അവളുടെ അടുത്തുതന്നെ

ഇരുന്നിട്ട ചോദിച്ചു:—"നിലാവെളിച്ചത്തു് ഇരുന്ന എന്തു ജോലിയാണു് നീ ചെയ്യുന്നതു്?"

കാളി തലപൊക്കാതെതന്നെ പറഞ്ഞു: "മാലകെട്ടുകയാണു്. ഇന്നരാത്രി എൻെറ മകൾക്കകല്യാണമാണു്."

"നീ എന്നോടുപോലും പറഞ്ഞില്ലല്ലോ?"

നേരത്തെ തീച്ചപ്പെടുത്തിയിരുന്നില്ല. ഇന്നരാത്രി അല്ലാതെ ഈ മാസത്തിൽ ഇനി നല്ല മുഹൂത്തമില്ലെന്നു് ബാബുജി കത്തുമൂഖാന്തിരം ഇപ്പോൾ അറിയിച്ചതേയുള്ളു. പെണ്ണിനു പ്രായമായി. ഇനി കാത്തിരിക്കാൻ നിവൃത്തിയില്ല. എനിക്ക രണ്ടു ഉറപ്പിക തരുമോ? ചേച്ചീ! കുറച്ചു മധുരപലഹാരം വാങ്ങിപ്പിക്കണം.

ലളിത ചിരിച്ചുകൊണ്ടു പറഞ്ഞു:—"പണത്തിൻെറ ആവശ്യം വരുമ്പോൾ മാത്രം ചേച്ചി—അല്ലേ? എൻെറ തലയിണയ്ക്ക താഴെയിരിപ്പുണ്ടു്. പോയി എടുത്തോളു. അല്ലാ, മഞ്ഞപ്പൂകൊണ്ടാണോ കല്യാണം?"

കാളി ഗംഭീരഭാവത്തിൽപറഞ്ഞു:—"അതേ! വേറെ പൂവൊന്നും കിട്ടുന്നില്ല. ഞാൻ എത്ര എത്ര കുട്ടികളെ കല്യാണം കഴിച്ചുകൊടുത്തിരിക്കുന്നു! എനിക്കു് എല്ലാം അറിയാം." എന്നുപറഞ്ഞിട്ടു മധുരപലഹാരങ്ങൾ വാങ്ങിക്കാനായിഅവൾ കീഴ്പോട്ടേയ്ക്കു ഇറങ്ങി.

ലളിത അവിടെ ഇരുന്നു പൂ കെട്ടിത്തുടങ്ങി. അല്പനേരം കഴിഞ്ഞപ്പോൾ കാളി ഓടിവന്നിട്ടു പറഞ്ഞു:— "എല്ലാവരെയും ക്ഷണിച്ചുകഴിഞ്ഞു:—ശേഖരച്ചേട്ടനോടു മാത്രം പറഞ്ഞില്ല. ഞാൻ പോകട്ടെ അദ്ദേഹത്തിനോടു പറയാതിരുന്നാൽ ചേട്ടൻ പിണങ്ങും."

അവൾ നേരെ ശേഖരൻെറ വീട്ടിലേക്ക ഓടി.

കാളി ഒരു പക്കാഗൃഹിണി ആയിരുന്നു. എല്ലാ ജോലികളും അവൾ നല്ല ചുറുക്കോടും ശ്രദ്ധയോടും ചെയ്യുന്നു. ശേഖരച്ചേട്ടനെ ക്ഷണിച്ചിട്ടു തിരിച്ചുവന്നു് അവൾ

പറഞ്ഞു:—"അദ്ദേഹത്തിന്നു ഒരു മാലവേണമെന്നു പറയുന്നു. ചേച്ചി ഓടിച്ചെന്നു ഒരു മാലകൊടുത്തിട്ടു വരൂ. ഞാൻ അതിന്നിടയ്ക്കു എല്ലാം ഒരുക്കിവയ്ക്കാം. മുഹൂർത്തം ആകാറായി; ഇനി സമയമില്ല."

ലളിത ശിരശ്ചാലനപൂർവ്വം പറഞ്ഞു:—"എനിക്കു് പോകാൻ സാധിക്കയില്ല. കാളീ, നീ കൊണ്ടുചെന്നു കൊടുക്കും?"

"ശരി, എന്നാൽ ഞാൻ പോകാം. ആ വലിയ മാല ഇങ്ങെടുക്കൂ" എന്നു പറഞ്ഞിട്ടു് അവൾ കൈനീട്ടി മാല എടുത്തുകൊടുക്കാൻ ഭാവിച്ചപ്പോൾ, എന്തോ മനസ്സിൽ തോന്നുകയാൽ ലളിത പറഞ്ഞു:—"വേണ്ട! ഞാൻതന്നെ കൊണ്ടുപോയി കൊടുക്കാം."

കാളി ഗംഭീരസ്വരത്തിൽ പറഞ്ഞു:—"അങ്ങനെ തന്നെ. ചേച്ചി വേഗത്തിൽ പോയിട്ടു വരൂ. എനിക്കു് എന്തെല്ലാം ചെയ്തുതീർക്കേണ്ടതായിരിക്കുന്നു! തെല്ലു സാവകാശംപോലും ഇല്ല."

അവളുടെ മുഖഭാവവും സംഭാഷണരീതിയും കണ്ടിട്ടു ലളിതയ്ക്കു ചിരിവന്നു "ഓ! പടുകിഴവിയായിപ്പോയി" എന്നു പറഞ്ഞു് ചിരിച്ചുകൊണ്ടു് അവൾ മാലയുമായി അവിടെ നിന്നു ഇറങ്ങി. വാതുക്കൽ എത്തിയപ്പോൾ, ശേഖരൻ ദത്തചിത്തനായി ഒരു കത്തു് എഴുതിക്കൊണ്ടിരിക്കുന്നതു അവൾ കണ്ടു. അവൾ കതകു തുറന്നു പിന്നിൽ ചെന്നു നിന്നു; എന്നിട്ടും ശേഖരനു മനസ്സിലായില്ല. കുറേ നേരം മിണ്ടാതെ നിന്നശേഷം, ശേഖരനെ വിസ്മയാഹതനാക്കിത്തീർക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി സാവധാനം ആ മാലയെ അദ്ദേഹത്തിന്റെ ഗളത്തിൽ അർപ്പിച്ചിട്ടു് പെട്ടെന്നു പിന്നിലുള്ള കോച്ചിന്മേൽ ചെന്നു് ഇരുന്നു.

ശേഖരൻ ഒന്നു ഞെളിഞ്ഞിട്ടു 'കാളീ' എന്നുമാത്രം പറഞ്ഞു:—അനന്തരം മുഖം തിരിച്ചുനോക്കിയപ്പോൾ,

കാളിയല്ലെന്നു മനസ്സിലാക്കീട്ടു് ഗംഭീരസ്വരത്തിൽ പറഞ്ഞു:—"ഇതു് എന്തൊരു ക്രിയയാണു് ലളിതേ?"

ലളിത എണീററു. ശേഖരൻെറ മുഖഭാവം കണ്ടു് അല്പം ശങ്കിതയായിട്ടു പറഞ്ഞു:-"എന്തു്! എന്തു പററി?"

ശേഖരൻ പൂൎണ്ണമാത്രയിൽ ഗംഭീരത അവലംബിച്ചു കൊണ്ടു പറഞ്ഞു:—"അറിഞ്ഞുകൂടെ? എന്തു സംഭവിച്ചു എന്നു അറിഞ്ഞുകൂടെ? കാളിയോടു ചെന്നു ചോദിച്ചു മനസ്സിലാക്കൂ—ഇന്നു രാത്രി ഗളത്തിൽ മാല അണിയിച്ചാൽ എന്താണെന്നു്."

ഇപ്പോഠം ലളിതയ്ക്കും മനസ്സിലായി. അവളുടെ മുഖത്തു ലജ്ജാവൈവൎണ്യം വ്യാപിച്ചു. "അങ്ങനെ അല്ല—ഒരിക്കലും അല്ല—ഒരിക്കലും അല്ല" എന്നു പറഞ്ഞുകൊണ്ടു് അവഠം ഓടി മുറിക്കു വെളിയിൽ എത്തി.

ശേഖരൻ പറഞ്ഞു:—"ലളിത പോകരുതു്. കേട്ടിട്ടു പോവുക. നിന്നെക്കൊണ്ടു് ഒരു അത്യാവശ്യക്കാൎയ്യമുണ്ടു്."

ശേഖരൻെറ വിളി അവളുടെ കൎണ്ണങ്ങളിൽ തീൎച്ചയായും പതിഞ്ഞു കാണണം. എന്നാൽ അവഠം എന്തിനു ശ്രദ്ധിച്ചു? അവഠംക്കു് അപ്രതിരോധ്യമായി തോന്നിയിരിക്കണം. നേരെ തൻെറ മുറിയിൽചെന്നു് അവഠം കണ്ണു മടച്ചു കിടപ്പായി.

കഴിഞ്ഞ അഞ്ചാറു കൊല്ലങ്ങളായിട്ടു്, ശേഖരൻെറ ഘനിഷ്ഠസമ്പക്കത്താൽ ഇരുന്നാണു് അവഠം ഇത്രയും വളന്നതു്. എന്നാൽ ഇങ്ങനെ ഒരു വാക്കു് അവഠം ഒരിക്കലും കേഠംക്കുകയുണ്ടായിട്ടില്ല. ഗംഭീരപ്രകൃതിയായ ശേഖരൻ ഒരിക്കലും തന്നോടു് ഈ മാതിരി നമ്മഭാഷണം ചെയ്തിട്ടില്ലെന്നു മാത്രമല്ല, അദ്ദേഹത്തിൻെറ മുഖത്തുനിന്നു് ഇത്ര ലജ്ജാവഹമായ വാക്കു് പുറപ്പെടുമെന്നു വിചാരിക്കാൻപോലും അവഠംക്കു അസാധ്യവുമായിരുന്നു. ലജ്ജ

യാൽ സങ്കുചിതയായിട്ടു പത്തിരുപതു നിമിഷനേരം കിടന്നിട്ടു അവരം എണീററിരുന്നു. വാസ്തവത്തിൽ അവരംക്കു ശേഖരനെപ്പററി അന്തരാ ഭയമുണ്ടായിരുന്നെങ്കിലും 'അത്യാവശ്യമായ കാര്യമുണ്ടു്, എന്നു് അദ്ദേഹം പറഞ്ഞ സ്ഥിതിക്കു പോകണോ പോകണ്ടയോ എന്നു് അവരം ആലോചനതുടങ്ങി. ഇതിനിടയ്ക്കു് ആ ഗൃഹത്തിലെ ഭൃത്യരിയുടെ ശബ്ദംകേട്ടു.

"ലളിതച്ചേച്ചി എവിടെ? കൊച്ചുബാബുവിളിക്കുന്നു അല്ലം—"

ലളിത വെളിയിൽ വന്നിട്ടു് മൃദുസ്വരത്തിൽ പറഞ്ഞു:—"ഞാൻ ഇതാ വരുന്നു. നിങ്ങരം പോവുക."

ലളിത മുകളിൽചെന്നു് ജനാലയിൽക്കൂടി നോക്കി; ശേഖരൻ ഇപ്പോഴുംകത്തെഴുതിക്കൊണ്ടിരിക്കുന്നതായി അവരംകണ്ടു. കുറച്ചുനേരം അവിടെ മിണ്ടാതെ നിന്നശേഷം എന്താണു്?, എന്നു് അവരം മൃദുലസ്വരത്തിൽചോദിച്ചു:

ശേഖരൻ എഴുതിക്കൊണ്ടുതന്നെ പറഞ്ഞു:—"അടുത്തുവരൂ. പറയാം"

"വേണ്ട. അവിടെനിന്നു തന്നെ പറഞ്ഞാൽ മതി."

ശേഖരൻ അന്തരാ ചിരിച്ചുകൊണ്ടു പറഞ്ഞു:—"നീ ഇന്നു് എന്താണു് ചെയ്തതെന്നു പറയൂ."

ലളിത നീരസഭാവത്തിൽ പറഞ്ഞു:—"പോക്കു. പിന്നെയും അതുതന്നെ."

ശേഖരൻ മുഖം തിരിച്ചിട്ടു പറഞ്ഞു.—"എനിക്കു എന്തു്? എൻെറ ദോഷമല്ലല്ലോ. നീ തന്നെയല്ലേ അതു ചെയ്തതു്?"

"ഞാൻ ഒന്നും ചെയ്തില്ല. അതു എനിക്കു തിരിച്ചു തന്നേയ്ക്കുക."

"ലളിതേ! അതിന്ന തന്നെയാണും വിളിച്ചതു്: അടുത്തുവരൂ; തിരിച്ചു തന്നേയ്ക്കാം. നീ കായ്യം പകുതി ചെയ്തു തീൎത്തു; ഞാൻ അതു പൂൎത്തിയാക്കാം."

ലളിത ക്ഷണനേരം വാതുക്കൽ മിണ്ടാതെ നിന്നിട്ടു് പിന്നീടു പറഞ്ഞു:—"ഞാൻ സത്യം പറയുന്നു. ഇനി ഈ മാതിരി നേരംപോക്കു പറഞ്ഞാൽ, ഞാനിനി മുമ്പിൽ വരികയേ ഇല്ല; പറഞ്ഞേക്കാം. മാല ഇങ്ങുതരൂ."

ശേഖരൻ മേശയുടെ നേക്കു നോക്കിക്കൊണ്ടു മാല കഴററിഎടുത്തിട്ടു പറഞ്ഞു—"ഇതാ വാങ്ങിക്കൊള്ളുക."

"അവിടെനിന്നു് എറിഞ്ഞുതന്നാൽ മതി."

"അതൊക്കുകയില്ല—അടുത്തുവന്നാലേകിട്ടുകയുള്ളു."

"എന്നാൽ എനിക്കു് ആവശ്യമില്ല" എന്നു പറഞ്ഞിട്ടു് അവൾ സകോപം നടന്നു.

ശേഖരൻ ഉച്ചത്തിൽ വിളിച്ചുപറഞ്ഞു:—"എന്നാൽ ജോലി പാതിയാക്കീട്ടാണു് നീ പോകുന്നതു്."

"അങ്ങനെ ഇരുന്നോട്ടെ" എന്നുപറഞ്ഞിട്ടു അവൾ കോപത്തോടുകൂടി അവിടെനിന്നു നടകൊണ്ടു.

അവൾ നടകൊണ്ടതു ശരിതന്നെ; എന്നാൽ താഴെ ഇറങ്ങിയതേ ഇല്ല. കിഴക്കുവശത്തുള്ള മട്ടുപ്പാവിൻെറ അഗ്രത്തിൽ ഒരു അഴിയിൽ പിടിച്ചുകൊണ്ടു നിന്നതേയുള്ളു. തത്സമയം, ആകാശത്തിൽ ചന്ദ്രൻ ഉദിച്ചുപൊങ്ങിക്കൊണ്ടിരുന്നു. ശീതകാലത്തെ പാണ്ഡുരചന്ദ്രിക നാലുപാടും പരന്നു തുടങ്ങി. മുകളിൽ സ്വച്ഛനിൎമ്മലനീലാകാശം. അവൾ ശേഖരൻെറ മുറിയിലേക്കു് ഒന്നു ദൃഷ്ടിപതിപ്പിച്ചിട്ടു് മുകളിൽ ആകാശത്തിലേക്കു നോക്കിക്കൊണ്ടിരുന്നു. അവളുടെ നേത്രങ്ങൾ ജ്വലിച്ചുതുടങ്ങി. ലജ്ജയാലും അഭിമാനത്താലും ആ നേത്രങ്ങളിൽ അശ്രുക്കൾ നിറഞ്ഞു. ഇതിൻെറ ഒക്കെ അൎത്ഥം പൂൎണ്ണമായി മനസ്സി

ലാക്കാതിരിക്കാൻ അവൾ അത്ര നിർബോധശിശുവൊന്നുമല്ലായിരുന്നു. എന്നിട്ടും എന്താണു് ഇങ്ങനെ പററിയതു്? താൻ എത്രയോ തുച്ഛയും നീചയും ആയ ഒരു ജീവിയാണെന്നു് അറിയത്തക്കപ്രായം അവൾക്കു വന്നുകഴിഞ്ഞില്ലേ? കേവലം അനാഥയും നിരാശ്രയയും ആയതുകൊണ്ടു മാത്രമാണു് എല്ലാവരും തന്നെ ഇത്രയും സ്നേഹിക്കയും ലാളിക്കയും ചെയ്യുന്നതെന്നു് അവൾക്കു നല്ലപോലെ അറിയാം. ശേഖരനും അദ്ദേഹത്തിന്റെ അമ്മയും തന്നെ സ്നേഹിക്കുന്നതും അതുകൊണ്ടു തന്നെ. അവൾക്കു തന്റേതെന്നു പറയാൻ ഈ ലോകത്തിൽ ഒന്നുമില്ല. തന്റെ വാസ്തവികമായിത്വം ആരിലും നിർമ്മല്ലാത്തതുകൊണ്ടാണല്ലോ കേവലം ഒരു അന്യനായ ഗിരീന്ദ്രൻപോലും തന്റെ ഉദ്ധാരണാർത്ഥം യത്നിക്കുന്നതു്.

ലളിത കണ്ണടച്ചുകൊണ്ടു് ചിന്ത തുടന്നു. ഈ കല്ക്കത്തയിലെ ആളുകളുടെ കൂട്ടത്തിൽ തന്റെ അമ്മാവന്റെ നില ശേഖരന്റെ വീട്ടുകാരുടേതിനേക്കാൾ എത്രയോ നീചം! താൻ ആ അമ്മാവന്റെ ഭാരസ്വരൂപിണിയായ ആശ്രിതമാത്രം. അവിടെ ആ ധനികകുടുംബത്തിൽനിന്നു ശേഖരനു വിവാഹാലോചന നടന്നുകൊണ്ടിരിക്കുന്നു. ഒന്നുരണ്ടു ദിവസങ്ങൾക്കുള്ളിലോ അല്പം താമസിച്ചോ ആ വീട്ടിൽനിന്നു് ഒരു വധുവിനെ അദ്ദേഹം ഇവിടെകൊണ്ടുവന്നു പാർപ്പിക്കും. ഈ വിവാഹംവഴിക്കു് നവീനബാബുവിനു എത്ര വലിയ സംഖ്യയാണു് കിട്ടാൻപോകുന്നതെന്നു ശേഖരന്റെ അമ്മ പറഞ്ഞു താൻ അറിഞ്ഞിട്ടുമുണ്ടു്. എന്നിട്ടും ഇന്നു ശേഖരൻ ഇങ്ങനെ തന്നെ അപമാനിച്ചുകൊണ്ടിരിക്കുന്നതു് എന്തിനു്? ഈ മാതിരി കാര്യങ്ങളെ ആലോചിച്ചുകൊണ്ടു ലളിത ശൂന്യദൃഷ്ട്യാ ആകാശത്തിലേക്കു നോക്കിക്കൊണ്ടിരിക്കെ, പെട്ടെന്നു ഒന്നു ഞെട്ടി. തിരിഞ്ഞുനോക്കിയപ്പോൾ ശേഖരൻ സസ്മിതം അനങ്ങാ

തെ പിന്നിൽ വന്നുനിന്നിട്ട് കുറച്ചുമുമ്പ് അവൾ എപ്ര കാരം ആ പുഷ്പമാല്യം അദ്ദേഹത്തിൻെറ ഗളത്തിൽ അപ്പിച്ചുവോ അതുപോലെതന്നെ അതിനെ തിരിച്ചു തൻെറ കഴുത്തിൽ ഇടുന്നതുകണ്ടു. അവൾ വികൃതസ്വരത്തിൽചോദിച്ചു:—"എന്തിനാണ് ഇങ്ങനെ ചെയ്യുന്നതു"

"നീ എന്താണു ചെയ്തു?"

"ഞാൻ ഒന്നും ചെയ്തില്ല" എന്നുപറഞ്ഞിട്ട് അവൾ മാല കഴുത്തിൽനിന്ന് എടുത്തു എറിയാൻഭാവിച്ചിട്ടു പെട്ടെന്നു ശേഖരൻെറ ദൃഷ്ടിയിലേക്കു ഒന്നു നോക്കി. അവൾക്ക് അങ്ങിനെ ചെയ്യുന്നതിനുള്ള ശക്തി ഉണ്ടായില്ല. അവൾ കരഞ്ഞുകൊണ്ടു പറഞ്ഞു:—"എനിക്ക് ആരും ഇല്ല. അതുകൊണ്ടാണോ എന്നെ ഇങ്ങനെ അപമാനിക്കുന്നതു"

ശേഖരൻ ഇപ്പൊഴും പുഞ്ചിരിതൂകിക്കൊണ്ടാണിരുന്നതു. ലളിതയുടെ വാക്കുകേട്ടു അദ്ദേഹം നിർവാക്കായിത്തീന്നുപോയി. ഇതു വെറും കഥയില്ലാത്ത ബാലികയുടെ വാക്കായിരുന്നില്ല അദ്ദേഹം പറഞ്ഞു:—"ഞാൻ നിന്നെ അപമാനിക്കുന്നോ? അതോ നീ എന്നെ അപമാനിക്കുന്നോ? ഏതാണ് വാസ്തവം?"

ലളിത കണ്ണുതുടച്ചിട്ട് ഭയപൂവം പറഞ്ഞു:—"ഞാൻ എന്തു് അപമാനം ചെയ്തു?"

ശേഖരൻ ക്ഷണനേരം മിണ്ടാതിരുന്നിട്ടു് സ്വാഭാവികസ്വരത്തിൽ പറഞ്ഞു:—"അല്പം ആലോചിച്ചുനോക്കിയാൽ നിനക്കു മനസ്സിലാകും. ലളിതേ! നീ ഈയിടയ്ക്കു വലിയ കടുംകൈ . ക്കെ ചെയ്തുകൊണ്ടിരിക്കുന്നു. വിദേശയാത്രയ്ക്കു മുമ്പ ഞാൻ അതൊക്കെ നിർത്തിവച്ചു"എന്നു പറഞ്ഞിട്ടു് അദ്ദേഹം മൌനമവലംബിച്ചു

ലളിത മറുപടി ഒന്നും പറഞ്ഞില്ല. തലതാഴ്ത്തിക്കൊണ്ടു അവിടെതന്നെ നിന്നു. പരിപൂണ്ണജ്യോൽസ്നയ്ക്കു കീഴിൽ ഇങ്ങനെ രണ്ടുപേരും സ്തബ്ധഭാവത്തിൽ നിലകൊ

ണ്ട. കീഴിൽ കാളിയുടെ ഗൃഢിയാ ബാലികയുടെവിവാഹത്തിനുള്ള ശംഖധ്വനി കൂട്ടക്കൂടെ കേറാമ്പാൻണ്ടായിരുന്നു.

കുറേനേരം മൌനംപൂണ്ടിരുന്നശേഷം ശേഖരൻപറഞ്ഞു:—"ഇനി തണുപ്പത്തു നില്ക്കാതെ പോകുക; താഴത്തേയ്ക്കു പോകുക."

"പോകുന്നു എന്നു പറഞ്ഞിട്ട് ലളിത അദ്ദേഹത്തിന്റെ പാദത്തിൽ പ്രണമിച്ചു. "ഞാൻ ഇനി എന്താണു ചെയ്യേണ്ടതു്? പറഞ്ഞിട്ടു പോയാലും."

ശേഖരൻ ചിരിച്ചു. ആദ്യം അല്പമൊന്നു കുഴങ്ങി. എന്നാൽ അടുത്തനിമിഷത്തിൽ ഇരുകൈകളാലും അവളെ മാറോടുചേർത്ത് ആശ്ലേഷിച്ചിട്ട് അധരങ്ങളിൽ ഒന്നു ചുംബിച്ചിട്ടു പറഞ്ഞു:—"ലളിതേ! എനിക്കു ഒന്നും പറയാനില്ല; ഇന്നുമുതല്ക്കു നീ തന്നത്താനേ മനസ്സിലാക്കിക്കൊള്ളണം."

ലളിതയുടെ ശരീരം കണ്ടകിതമായി. അവൾ പെട്ടെന്നു പിടി വിടുവിച്ച് അല്പം മാറിനിന്നിട്ടു പറഞ്ഞു:— "ഞാൻ അറിയാതെ അവിടുത്തെ കഴുത്തിൽ മാലയിട്ടു. അതുകൊണ്ടു് അവിടുന്നു് എന്തിനാണു് ഇങ്ങനെ ചെയ്തതു്?"

ശേഖരൻ ചിരിച്ചുകൊണ്ടു ശിരശ്ചാലനപൂർവം പറഞ്ഞു:—

"അല്ല—അങ്ങനെയല്ല. ഞാൻ വളരെനാളായി ആലോചിച്ചുകൊണ്ടിരിക്കയാണു്; എന്നാൽ ഒന്നുംചെയ്യാൻ സാധിച്ചില്ല. ഇന്നു എല്ലാം താനേ ശരിയായി. നിന്നെ കൂടാതെ എനിക്കു ജീവിക്കാൻ സാധിക്കയില്ലെന്നു് ഇന്നേ എനിക്കു മനസ്സിലായുള്ളു.'

"അച്ഛൻ കേട്ടാൽ വളരെ ക്രുദ്ധിയും! അമ്മയും ദുഃഖിക്കും—ഇതു് ഒരിക്കലും സാധിക്കയില്ല."

"അച്ഛൻ കോപിക്കുമെന്നുള്ളതു വാസ്തവം;എന്നാൽ അമ്മയ്ക്കു സന്തോഷമേ ഉണ്ടാകയുള്ളു. വ്യരാനുള്ളതു വന്നു. അതൊക്കെ പോകട്ടേ. ഇനി നിനക്കു പിൻവലിയാൻ സാധിക്കയില്ല; എനിക്കും അങ്ങനെതന്നെ. താഴെച്ചെന്നു അമ്മയെ പ്രണമിച്ചിട്ടു വരൂ.

VII

മൂന്നുമാസത്തിനുശേഷം ഒരുദിവസം ഗുരുചരണൻ വിഷണ്ണഭാവത്തിൽ നവീനറായിയുടെ മുറിയിൽ പ്രവേശിച്ചിട്ടു വിരിപ്പിൽച്ചെന്നു് ഇരിക്കാൻ ഭാവിച്ചു. അപ്പോൾ ബാബു "പാടില്ല! പാടില്ല—ആ ബെഞ്ചിന്മേൽ ചെന്നിരിക്കൂ. എനിക്കു് ഈ അസമയത്തു കുളിക്കാൻ സാധിക്കയില്ല. നിങ്ങൾ ജാതിഭ്രഷ്ടനായിത്തീന്നിരിക്കുന്നു" എന്നു് ഉച്ചത്തിൽ വിളിച്ചുപറഞ്ഞു.

ഗുരുചരണൻ ദൂരത്തുള്ള ഒരു ബെഞ്ചിൽചെന്നു് നമ്രശിരസ്കനായിട്ടു് ഇരുന്നു. നാലുദിവസത്തിനുമുമ്പു് അദ്ദേഹം നിയമാനുസാരം ദീക്ഷ എടുത്തു ബ്രഹ്മസമാജത്തിൽ ചേന്നു. ഈ വാത്ത നാനാവണ്ണങ്ങളിൽ ചിത്രിതമായിട്ടു ശുദ്ധസനാതനിഹിന്ദുവായ നവീനനും കണ്ണഗോചരമായി. അദ്ദേഹത്തിൻെറ നേത്രങ്ങളിൽ തീപ്പൊരിപാറിത്തുടങ്ങി; എന്നാൽ ഗുരുചരണൻ അതേമാതിരി നമ്രശിരസ്കനായി മിണ്ടാതെ ഇരുന്നു. അദ്ദേഹം ആരോടും ചോദിക്കാതെയും പറയാതെയും ആണു് ഇതൊക്കെ ചെയ്തതു്. അതുകൊണ്ടു് വീട്ടിലും കരച്ചിലും പിഴിച്ചലും ഒക്കെ ഉണ്ടായി. നവീനറായി ഗജ്ജിച്ചു:—"വാസ്തവം തന്നെയോ? പറയൂ."

ഗുരുചരണൻ അശ്രുപൂണ്ണമായ നേത്രങ്ങൾ ഉയത്തിക്കൊണ്ടു പറഞ്ഞു:—"അതേ! വാസ്തവംതന്നെ."

"എന്തിനിങ്ങനെ ചെയ്തു? നിങ്ങൾക്കു ശമ്പളം എമ്പതു ഉറപ്പിക മാത്രം. നിങ്ങൾ........." ക്രോധാവേശംകൊണ്ടു നാവിൽനിന്നു വാക്കുകൾ പുറപ്പെട്ടില്ല.

ഗുരുചരണൻ കണ്ണുനീർ തുടച്ചിട്ട് നിരുദ്ധഗളത്തെ ശുദ്ധമാക്കിക്കൊണ്ടു പറഞ്ഞു:—"ചേട്ടാ! അറിഞ്ഞില്ല. ദുഃഖാധിക്യത്താൽ തൂങ്ങിച്ചാവണോ അതോ ബ്രാഹ്മസമാജത്തിൽചേരണോ എന്നു് അറിഞ്ഞുകൂടായിരുന്നു. ആത്മഹത്യാതിയാവുന്നതിനേക്കാൾ ബ്രാഹ്മസമാജത്തിൽചേരുന്നതാണു് നന്നെന്നു ഒടുവിൽ തീർച്ചപ്പെടുത്തി. അതുകൊണ്ടാണു് ഇങ്ങനെ സംഭവിച്ചതു"

കണ്ണുതുടച്ചുംകൊണ്ടു് ഗുരുചരണൻ വെളിയിലേയ്ക്കു പോയി.

നവീനൻ ഉച്ചത്തിൽ വിളിച്ചുപറഞ്ഞു:—"വളരെ നന്നായി തൻെറ ഗളത്തിൽ കയറിടാതെ ജാതിയുടെ ഗളത്തിൽ കയറിട്ടു. ഇല്ലേ? പോവുക! ഇനി ഞങ്ങളുടെ ഒക്കെ മുമ്പിൽ ഈ കറുത്തമുഖം കാട്ടിപ്പോകരുതു്. ഇപ്പോഴത്തെ ഉപദേഷ്ടാക്കളുടെകൂടെ താമസിച്ചുകൊള്ളണം. പെൺകുട്ടികളെ ഇനി ചെമ്മാന്മാരുടെ വീട്ടിൽകല്യാണം കഴിച്ചു കൊടുത്തുകൊള്ളുക" എന്നു പറഞ്ഞിട്ടു് മുഖം തിരിച്ചുകളഞ്ഞു

ക്രോധാവേശത്താലും അഭിമാനവിജൃംഭണത്താലും എന്തുചെയ്യേണ്ടു എന്നറിയാതെ നവീനറായി കുഴങ്ങി. ഗുരുചരണൻ തൻെറ പിടിയിൽനിന്നു നിശ്ശേഷം വിട്ടുപോയി; ഇനി അതിൽകുടുങ്ങുന്ന ലക്ഷണവും ഇല്ല. അതുകൊണ്ടുണ്ടായ നിഷ്ഫലക്രോധത്താൽ അദ്ദേഹംസംക്ഷുബ്ധനായി. അദ്ദേഹത്തിനെ ശിക്ഷിപ്പാൻഒരു മാർഗ്ഗവുംകാണായ്കയാൽ രാജനെവിളിച്ച് മട്ടുപ്പാവിലെ വിളക്കു് അണച്ചുകളയാൻ ആ ലുബ്ധൻ ആജ്ഞാപിച്ചു. ഗുരുചരണൻ

വഴികാണാൻ കഴിയാതെ വിഷമിക്കയെങ്കിലും ചെയ്യുമല്ലോ എന്നായിരുന്നു. അദ്ദേഹത്തിൻെറ ആശ്വാസം.

പ്രവാസിതയായി ബഹുദൂരെ താമസിച്ചിരുന്ന ഭുവനേശ്വരി ഈ വാൎത്ത കേട്ടപ്പോൾ കരഞ്ഞുപോയി. അവർ മകനോടു ചോദിച്ചു:—"ശേഖര! ആരാണു് ഈ ദുരുപദേശം കൊടുത്തതു്?"

ദുരുപദേഷ്ടാവു് ആരായിരുന്നു എന്നു ശേഖരനു അറിയാമായിരുന്നു; എങ്കിലും അതിനെ വെളിപ്പെടുത്താതെ അദ്ദേഹം പറഞ്ഞു;—"അമ്മേ! രണ്ടുനാലു ദിവസങ്ങൾകളളിൽ ഇനി നിങ്ങളെല്ലാരുംകൂടെ അവരെ ജാതിക്കു പുറത്തു തളളുമല്ലോ. ഇത്ര വളരെ കന്യകമാരെ അവർ എങ്ങനെ കല്യാണം കഴിച്ചുകൊടുക്കും എന്നു് എനിക്കു മനസ്സിലാകുന്നില്ല."

ഭുവനേശ്വരി തലകുലുക്കിക്കൊണ്ടു പറഞ്ഞു:—"അങ്ങനെ ഒന്നും ഉണ്ടാവുകയില്ല ശേഖരാ! അയാളെ ജാതിക്കു പുറത്താക്കിയാൽ വേറെ പലരെയും പുറത്താക്കേണ്ടിവരും. ഭഗവാൻ ആരെ ഒക്കെ ഈ സംസാരത്തിലേക്കു തളളിവിട്ടിരിക്കുന്നോ അവരുടെ എല്ലാം ഭാരം അദ്ദേഹം തന്നെ വഹിച്ചുകൊളളും."

ശേഖരൻ ഒന്നും മിണ്ടിയില്ല: ഭുവനേശ്വരി കണ്ണീർ തുടച്ചിട്ടു പറഞ്ഞു:—"ലളിതയെ കൂട്ടിക്കൊണ്ടു പോന്നിരുന്നെങ്കിൽ എന്തൊക്കെ ആയാലും അവളുടെ കാൎയ്യം ഞാൻ നോക്കിക്കൊളളുമായിരുന്നു. ഈ അഭിപ്രായത്താലായിരിക്കാം ഗുരുചരണൻ അവളെ അയക്കാതിരുന്നതു്. അവൾക്കു വാക്കുകൊടുപ്പു കഴിഞ്ഞിരിക്കുന്നു എന്നു് എനിക്കു പരമാൎത്ഥത്തിൽ അറിയാം."

ശേഖരൻ അമ്മയുടെ മുഖത്തേക്കു നോക്കി അല്പം ലജ്ജിതനായിട്ടു പറഞ്ഞു:—"അതേ അമ്മേ! വേഗം വീട്ടി

ലേക്ക തിരിക്കണം. അവാം ബ്രാഹ്മസമാജത്തിൽ ചേൎന്നി ട്ടില്ലല്ലോ. അമ്മാവൻ ചേൎന്നു, അതിനെന്തു്? വാസ്തവം പറഞ്ഞാൽ അദ്ദേഹം അവളുടെ ആരുമല്ല. അവാംക്കു് ആരുമില്ല; അതുകൊണ്ടു് അദ്ദേഹത്തിൻെറ വീട്ടിൽ പാൎക്കുന്നു എന്നേ ഉള്ളൂ."

ഭുവനേശ്വരി ആലോചിച്ചിട്ട പറഞ്ഞു:—"അതും വാസ്തവം തന്നെ. എന്നാൽ നിൻെറ അച്ഛൻെറ മനോ ഭാവം അതല്ല. അദ്ദേഹം ഒരുവിധത്തിലും സമ്മതിക്ക യില്ല അവരോട്ട സഹവസിക്കാൻപോലും അനുവദിക്കു ന്നകാൎയ്യം സന്ദിഗ്ദ്ധമാണു്."

ശേഖരൻെറ മനസ്സിലും ഈ ആശങ്ക ഉണ്ടായിരുന്നു. അദ്ദേഹം ഒന്നും മിണ്ടാതെ വേറെ ഒരിടത്തേക്ക പൊയ്ക്ക ളഞ്ഞു. ഒരു മിന്നിട്ടുപോലും വിദേശത്തു താമസിക്കുന്ന കാൎയ്യം അദ്ദേഹത്തിനു വിഷമമായിത്തോന്നി. രണ്ടു മൂന്നു ദിവസം ചിന്താഗ്രസ്തനും അപ്രസന്നമുഖനും ആയി അങ്ങു മിങ്ങും ചുററി നടന്നശേഷം ഒരു ദിവസം വൈകുന്നേരത്തു അമ്മയുടെ അരികിൽ ചെന്നിട്ട പറഞ്ഞു:—

"എനിക്ക ഈ സ്ഥലംപിടിക്കുന്നില്ല. അമ്മേ! വീട്ടി ലേക്ക മടങ്ങാം."

ഭുവനേശ്വരിയും സമ്മതിച്ചു. "ശരിതന്നെ ശേഖര! എനിക്കും ഇവിടം പിടിക്കുന്നില്ല. വീട്ടിലേക്കതിരിക്കാം."

വീട്ടിലേക്ക മടങ്ങിചെന്നപ്പോാം അമ്മയും മകനും ആദ്യമായി കണ്ടതു മട്ടുപ്പാവിലേക്ക കേറാനുള്ള വഴി മതിൽകെട്ടി അടച്ചിരിക്കുന്നതിനെ ആണു്. ഗുരുചരണ നുമായിട്ടു് യാതൊരുവിധത്തിലുള്ള സംബന്ധവും—സംഭാ ഷണംപോലും—ബാബുജിക്ക രുചിക്കാതായിരിക്കുന്നു എ ന്നുള്ളവസ്തുത അവൎക്കു് ആരോടും ചോദിക്കാതെ തന്നെ മനസ്സിലായി.

രാത്രി ശേഖരൻെറ ഭക്ഷണസമയത്തു അമ്മയും സന്നിഹിതയായിരുന്നു. ഒന്നു രണ്ടു കാര്യങ്ങൾ സംസാരിച്ചതിനുശേഷം അവർപറഞ്ഞു:—"ലളിതയെ ഗിരീന്ദ്രനു കല്യാണം കഴിച്ചുകൊടുക്കുവാൻ പോകുന്നു എന്നു തോന്നുന്നു. എനിക്കു നേരത്തേതന്നെ അറിയാം."

ശേഖരൻ മുഖം ഉയർത്താതെ പറഞ്ഞു:—"ആരു പറഞ്ഞു?"

"അവളുടെ മാമിതന്നെ. ഉച്ചയ്ക്കു നിൻെറ അച്ഛൻ ഉറങ്ങാൻപോയി. ആ അവസരം നോക്കി തനിച്ചു് അവളുടെ വീട്ടിൽചെന്നിരുന്നു. അപ്പോൾ മുതല്ക്കു് കരഞ്ഞുകരഞ്ഞു അവളുടെ മുഖമെല്ലാംവീങ്ങിപ്പോയി. ക്ഷണനേരം മിണ്ടാതിരുന്നിട്ടു ചേലാഞ്ചലത്താൽ കണ്ണീരു തുടച്ചുശേഷം അവർ തുടൎന്നു:—"ശേഖര! വിധിതന്നെ— എല്ലാം വിധിതന്നെ. തലയിൽ എഴുതിയിരിക്കുന്നതിനെ ആൎക്കെങ്കിലും തുടച്ചുകളയാൻ കഴിയുമോ? പക്ഷേ ഗിരീൻ നല്ല പയ്യനാണു്. പണവുമുണ്ടു്. ലളിതയ്ക്കു തടസ്സമൊന്നും കാണാനിടയില്ല" എന്നു പറഞ്ഞിട്ടു് അവർ മൌനമവലംബിച്ചു.

ശേഖരൻ ഉത്തരമൊന്നും പറഞ്ഞില്ല. തലതാഴ്ത്തിയിരുന്നുംകൊണ്ടു താലത്തിൽ വിളമ്പിവച്ചിരുന്ന പദാൎത്ഥങ്ങളെ ചികഞ്ഞു തുടങ്ങി. അല്പനേരംകഴിഞ്ഞു് അമ്മ എണീററപ്പോൾ അദ്ദേഹവും എണീററു മുഖം കഴുകിയിട്ടു് മെത്തയിൽ ചെന്നു കിടന്നു.

അടുത്തദിവസം സന്ധ്യയ്ക്കുശേഷം അല്പം നടക്കണമെന്നു വിചാരിച്ചു് അദ്ദേഹം വഴിയിലേക്കിറങ്ങി. ആസമയം ഗുരുചരണൻെറ വെളിയിലത്തെ 'ബൈഠഖാന'യിൽ പതിവുപോലുള്ള സഭ കൂടിയിരുന്നു; ഉത്സാഹപൂൎവ്വമായ ചിരിയും നേരമ്പോക്കും ഒക്കെ കേൾപ്പാനുണ്ടു്.

ആ കോലാഹലം കേട്ടിട്ട ശേഖരൻ അല്പമൊന്ന ആലോചിച്ചു. ഒടുവിൽ ധൈര്യമവലംബിച്ച് അങ്ങോട്ട നടന്നു ചെന്നു. അദ്ദേഹം പ്രവേശിച്ച മാത്രയിൽ ശബ്ദകോലാഹലമെല്ലാം നിലച്ചു. അദ്ദേഹത്തിൻെറ മുഖത്തേക്ക് ഒന്ന നോക്കിയപ്പോഠം എല്ലാവരുടെയും മുഖഭാവം പകൎന്നു.

ശേഖരൻ തിരിച്ചുവന്ന കാൎയ്യം ലളിതയ്ക്കു മാത്രമേ മനസ്സിലായിരുന്നുള്ളു. ഇന്നു ഗിരീന്ദ്രൻ പുറമേ വേറൊരു മാന്യൻകൂടി ഹാജരുണ്ടായിരുന്നു. അദ്ദേഹം വിസ്മിതഭാവത്തിൽ ശേഖരനെ നോക്കിത്തുടങ്ങി. ഗിരീന്ദ്രൻെറ മുഖം അത്യന്തം ഗംഭീരമായിരുന്നു. അദ്ദേഹം ഭിത്തിയിലെ വിളക്കിലേക്ക ദൃഷ്ടി പതിപ്പിച്ചുകൊണ്ടു നിശ്ചേഷ്ടം ഇരുന്നു. എല്ലാരെയുംകാഠം ഉച്ചത്തിൽ സംസാരിച്ചുകൊണ്ടിരുന്ന ഗുരുചരണൻെറ മുഖം വിവൎണ്ണമായി. ലളിത അദ്ദേഹത്തിൻെറ അടുത്തിരുന്നു ചായ പകൎന്നുകൊടുക്കയായിരുന്നു. അവഠം മുഖം അല്പം ഒന്നുയൎത്തീട്ട ഉത്തരക്ഷണത്തിൽ കുനിഞ്ഞിരുന്നുകളഞ്ഞു.

ശേഖരൻ കടന്നുചെന്നു പ്രണമിച്ചശേഷം ഒരുഅററത്തായി ഇരുന്നിട്ട ചിരിച്ചുകൊണ്ടു പറഞ്ഞു:—"ഇതെന്തു കഷ്ടം! ഞാൻ വന്നതുനിമിത്തം വിനോദമൊക്കെ നിന്നു പോയല്ലോ."

ഗുരുചരണൻ മന്ദസ്വരത്തിൽ ആശീൎവദിച്ചു; എന്നാൽ എന്തുപറയേണ്ടു എന്നറിയാതെ കുഴങ്ങി.

അദ്ദേഹത്തിൻെറ മനോഭാവം ശേഖരൻ ഗ്രഹിച്ചു. ആത്മനിയന്ത്രണത്തിനു അല്പം സമയം കൊടുക്കുന്നതിനു വേണ്ടി അദ്ദേഹം തന്നെ സംഭാഷണം ആരംഭിച്ചു. താൻ ഇന്നലെ രാവിലത്തെവണ്ടിക്കുമടങ്ങിയെത്തിയതും, അമ്മയുടെ രോഗത്തിനു ഒട്ടു ശമനം വന്നതും, പശ്ചിമദിക്കിലെ ശീതോഷ്ണസ്ഥിതിയും ഒക്കെ വൎണ്ണിച്ചു കേഠപ്പിച്ചശേഷം

ഒടുവിൽ അപരിചിതയുവാവിൻെറ മുഖത്തേക്കു ഒന്നുനോക്കീട്ടു് അദ്ദേഹം മൌനമവലംബിച്ചു.

ഇതിനിടയ്ക്കു ഗുരുചരണൻെറ ഇതികർത്തവ്യതാമൂഢതയൊക്കെ നീങ്ങിക്കഴിഞ്ഞതിനാൽ പുതിയ യുവാവിനെ പരിചയപ്പെടുത്തിക്കൊണ്ടു് ഇങ്ങനെ ആരംഭിച്ചു:—

"ഇദ്ദേഹം നമ്മുടെ ഗിരീന്ദ്രൻെറ സ്നേഹിതനാണു്. രണ്ടുപേരും ഒരേ ദിക്കുകാരരെന്നു മാത്രമല്ല സഹപാഠികളുമാണു്. നല്ല ആൾ! പരമയോഗ്യൻ—ശ്യാമബാജാറിലാണു താമസം. ഞങ്ങളുമായി പരിചയപ്പെട്ടതിനുശേഷം ചിലപ്പോഴൊക്കെ ഇവിടെ വരാറുണ്ടു്."

ശേഖരൻ തലകുലുക്കിക്കൊണ്ടു പറഞ്ഞു:—"അതെ വളരെ നല്ല ആൾതന്നെ—വളരെ യോഗ്യൻ" കുറേനേരം മിണ്ടാതിരുന്നശേഷംതുടൻ: "ചാചാജി! ആകട്ടേ, വേറെ വല്ല വിശേഷവുമുണ്ടോ?"

ഗുരുചരണൻ മറുപടി പറഞ്ഞില്ല; തലതാഴ്ത്തിക്കൊണ്ടു മിണ്ടാതിരുന്നതേയുള്ളു. ശേഖരൻ പോകാനായി എണീല്ക്കുന്നതു കണ്ടിട്ടു് അദ്ദേഹം ദീനസ്വരത്തിൽ പറഞ്ഞു:—"മകനേ! കൂടെക്കൂടെ വരണം. ഞങ്ങളെ ഉപേക്ഷിച്ചുകളയരുതേ! വർത്തമാനമെല്ലാം കേട്ടിരിക്കുമല്ലൊ."

"ഉവ്വ്'. കേട്ടുകഴിഞ്ഞു"എന്നു പറഞ്ഞുകൊണ്ടു ശേഖരൻ നിഷ്ക്രമിച്ചു.

അടുത്ത നിമിഷത്തിൽ ഗൃഹത്തിനുള്ളിൽനിന്നു ഓഷ്യയുടെ വിലാപധ്വനി കേട്ടു് വെളിയിൽ ഇരുന്ന ഗുരുചരണൻ തലതാഴ്ത്തി; ധോത്തിയുടെ അഗ്രംകൊണ്ടു കണ്ണീർ തുടച്ചുതുടങ്ങി. ഗിരീന്ദ്രൻ ആകട്ടെ, അപരാധിയെന്നപോലെ ജന്നാലയിൽക്കൂടെ വെളിയിലേക്കു നോക്കിക്കൊണ്ടു മിണ്ടാതെയും ഇരുന്നു.

അല്പനേരം കഴിഞ്ഞു് ശേഖരൻ അടുക്കളയിൽവന്നു് വരാന്തയുംകടന്നു അങ്കണത്തിലിറങ്ങിയപ്പോൾ, ഇരുട്ടിൽ കതകിൻെറ മറവിലായി ലളിത നില്ക്കുന്നതു കണ്ടു. അവളുടെ മുഖം ശേഖരൻെറ മാറിടത്തിനു സമീപംവരെ എത്തി; എന്നാൽ ക്ഷണനേരം എന്തോ ആശിച്ചിട്ടെന്നപോലെ മിണ്ടാതെ നിന്നിട്ടു് വേഗം പിൻവലിഞ്ഞു. അനന്തരം പറഞ്ഞു:—"എൻെറ കത്തിനു മറുപടി അയക്കാഞ്ഞതെന്തു്?"

"എപ്പോൾ? എനിക്കു് ഒരു കത്തും കിട്ടിയില്ല. എന്തെഴുതിയിരുന്നു?"

"പലകാര്യങ്ങളും എഴുതിയിരുന്നു. അതുപോകട്ടെ. എല്ലാം കേട്ടുകഴിഞ്ഞിരിക്കുമല്ലോ-എന്താണിനി അവിടുത്തെ ആജ്ഞ? പറഞ്ഞാലും"

ശേഖരൻ ആശ്ചര്യഭരിതമായ സ്വരത്തിൽ പറഞ്ഞു:—"എൻെറ ആജ്ഞയോ? എൻെറ ആജ്ഞകൊണ്ടു് എന്തുഫലം?" ലളിത ശങ്കിതയായിട്ടു് അദ്ദേഹത്തിൻെറ മുഖത്തേക്കു നോക്കിക്കൊണ്ടുപറഞ്ഞു: "എന്തുകൊണ്ടു്?"

ഇല്ലെങ്കിൽതന്നെ എന്തു്? "ലളിതേ! ഞാൻ ആർക്കാണു് ആജ്ഞ നൽകേണ്ടതു്?"

"എനിക്കു് അല്ലാതാർക്കു് ആജ്ഞ നൽകും?"

"നിങ്ങൾക്കു ഞാൻ എന്തിനു് ആജ്ഞ തരുന്നു? അഥവാ തന്നാൽതന്നെ നിങ്ങൾ എന്തിനു കേൾക്കുന്നു?"

ശേഖരൻെറ കണ്ഠസ്വരത്തിൽ ഗംഭീരതയും കരുണയും കലന്നിരുന്നു.

അതുകേട്ടപ്പോൾ ലളിതയുടെ ഹൃദയം കമ്പിതമായി എന്നാൽ ഒരിക്കൽക്കൂടി അടുത്തുചെന്നിട്ടു് രോദനസ്വരത്തിൽപറഞ്ഞു:—"പോവുക—ഈ സമയത്തു് ഈ പരി

ഫാസം എനിക്കു പിടിക്കുന്നില്ല. കാലുപിടിച്ചു ഞാൻ ചോദിക്കുന്നു. ഇനി എന്താണു് ചെയ്യുക? പറഞ്ഞുതന്നാലും' ഭയംകൊണ്ടു് എനിക്കു രാത്രി ഉറക്കംപോലും വരുന്നില്ല.'.

"ഭയം എന്തുകാര്യത്തിൽ?"

"നിങ്ങൾക്കൊക്കെ സുഖമായിരിക്കാം. ഭയം എന്തിനെന്നോ? അവിടുന്നു് അടുത്തുണ്ടായിരുന്നില്ല. അമ്മയും ഇല്ലായിരുന്നു. ഇതിന്നിടയ്ക്കു് അമ്മാവൻ എന്തൊക്കെയോ രചിച്ചുവച്ചു. ഇനി അമ്മ എന്നെ വീട്ടിൽ കേററിയില്ലെങ്കലോ?"

ശേഖരൻ ക്ഷണനേരം മിണ്ടാതിരുന്നിട്ടു് പറഞ്ഞു "അതു വാസ്തവംതന്നെ. നിങ്ങളെ വീട്ടിൽ കേററുന്നതിന്നു് അമ്മയ്ക്കു് ഇഷ്ടമുണ്ടായിരിക്കയില്ല. നിങ്ങളുടെ അമ്മാവൻ അന്യന്റെ അടുക്കൽനിന്നു പണം വാങ്ങിയ കഥയൊക്കെ അമ്മയ്ക്കറിയാം. അതിന്നും പുറമേ നിങ്ങളൊക്കെ ബ്രഹ്മസമാജക്കാർ—ഞങ്ങൾ ഹിന്ദുക്കളും." അന്നകാളി ഈ സമയത്തു തന്നെ "ചേച്ചി! അമ്മ വിളിക്കുന്നു." എന്നു വിളിച്ചു പറഞ്ഞു.

"ഇതാ ഞാൻ വന്നു കഴിഞ്ഞു" എന്നു വിളിച്ചുപറഞ്ഞിട്ടു് ലളിത മന്ദസ്വരത്തിൽ പ്രതിവചിച്ചു:—

"അമ്മാവൻ എന്തെങ്കിലും ആയിക്കൊള്ളട്ടേ; എന്നാൽ നിങ്ങൾ ഒക്കേ എന്താണോ അതുതന്നെ ഞാനും. നിങ്ങൾക്കു് അമ്മയെ ഉപേക്ഷിക്കാൻ കഴിവില്ലെങ്കിൽ എനിക്കും കഴിവില്ല. ഗിരീൻബാബുവിനോടു പണം വാങ്ങിയ കാര്യം ഇരിക്കട്ടേ; അതു തിരിച്ചുകൊടുത്തുകൊള്ളും. കടം വാങ്ങിയ തുക രണ്ടുദിവസം മുമ്പോ പിമ്പോ ആയാലും തിരിച്ചുകൊടുത്തേ മതിയാവുകയുള്ളൂ."

ശേഖരൻ ചോദിച്ചു:—"ഇത്ര വളരെ പണം എവിടെനിന്നു കിട്ടും?"

ലളിത നേത്രങ്ങൾ ഉന്നമിച്ച ശേഖരൻെറ മുഖത്തേയ്ക്കു ക്ഷണനേരം നോക്കിക്കൊണ്ടു പറഞ്ഞു—"അറിഞ്ഞു കൂടെ? മററു സ്ത്രീജനങ്ങൾക്കു പണം എവിടെ നിന്നു കിട്ടുമോ അവിടെനിന്നുതന്നെ എനിക്കും കിട്ടും."

ഇതേവരെ ആത്മസംയമനത്തോടുകൂടിയാണു് ശേഖരൻ സംഭാഷണം ചെയ്തുകൊണ്ടിരുന്നതെങ്കിലും ഹൃദയം ജ്വലിച്ചുകൊണ്ടാണിരുന്നതു്. അദ്ദേഹം വ്യംഗ്യപൂർണ്ണമായ സ്വരത്തിൽ പറഞ്ഞു:—"എന്നാൽ അമ്മാവൻ നിന്നെ വിററുകഴിഞ്ഞില്ലേ?"

ഇരുട്ടത്തു ശേഖരൻെറ മുഖഭാവം കണ്ടാൻ ലളിതയ്ക്കു കഴിഞ്ഞില്ല; എന്നാൽ കണ്ഠസ്വരത്തിൻെറ പരിവർത്തനത്തെ അവൾ പൂർണ്ണമായി കണ്ടു. അവളും ദൃഢമായ സ്വരത്തിൽ മറുപടി പറഞ്ഞു:-"ഇതൊക്കെ വെറും കള്ളമാണു്. എൻെറ അമ്മാവനെപ്പോലെയുള്ള നല്ല മനുഷ്യർ ഈ ലോകത്തിൽ വളരെ അപൂർവ്വമാണു്. അദ്ദേഹത്തിനെ നിങ്ങൾ അധിക്ഷേപിക്കരുതു്. അദ്ദേഹത്തിൻെറ കഷ്ടപ്പാടുകൾ നിങ്ങൾ അറിഞ്ഞിട്ടില്ല. പക്ഷെ ലോകത്തിനറിയാം." എന്നു പറഞ്ഞു അവൾ ഒരു ദീർഘനിശ്വാസംവിട്ടു അനന്തരം കടക്കണ്ണിട്ടു് ഒന്നു നോക്കിക്കൊണ്ടു തുടൎന്നു:—"അതിനും പുറമേ അദ്ദേഹം പണം വാങ്ങിയതു് എൻെറ വിവാഹം നടക്കുന്നതിനു മുമ്പായിരുന്നില്ല. എന്നെ വില്ക്കുന്നതിനുള്ള അധികാരം അദ്ദേഹത്തിനുണ്ടായിരുന്നില്ല—വിററിട്ടുമില്ല. ആ അധികാരം ഇനി നിങ്ങൾക്കുമാത്രമേ ഉള്ളു: പണം കൊടുക്കേണ്ടിവരുമെന്നു ഭയപ്പെട്ടു് എന്നെ വിററുകളയാൻ നിങ്ങൾക്കു കഴിയുമോ?"

ഇത്രയും പറഞ്ഞിട്ടു് അവൾ മറുപടിയെ പ്രതീക്ഷിക്കാതെ വേഗത്തിൽ അവിടെനിന്നു പോയി.

IX

അന്നുരാത്രി ഒട്ടവളരെ ഇരുട്ടുംവരെയും വിഫലചിത്തനെന്നപോലെ വഴിയിൽചുററിനടന്നിട്ട ശേഖരൻ വീട്ടിൽ വന്നപ്പോൾ ആലോചിക്കാൻ തുടങ്ങി:—"അന്നത്തെ ആ കൊച്ചുലളിത! ആ പൊടിപ്പെണ്ണ്! ഇത്രയും സംസാരിക്കാൻ അവൾ എവിടെനിന്നു പഠിച്ചു? നിർല്ലജ്ജയായ വായാടിയുടെ മട്ടിൽ അവൾ എന്തെല്ലാം പറഞ്ഞു? ഈ വാക്കുകൾ അവളുടെ മുഖത്തുനിന്ന് എങ്ങനെ പുറപ്പെട്ടു?"

ഇന്നു ലളിതയുടെ ഈ വാക്പ്രവാഹത്താൽ അദ്ദേഹം അത്യന്തം വിസ്മിതനും ക്രുദ്ധനും ആയിത്തീർന്നു. എന്നാൽ ശാന്തമായി ആലോചിച്ചുനോക്കിയിരുന്നെങ്കിൽ ഈ ക്രോധത്തിൻെറ യഥാർത്ഥകാരണം എന്താണെന്ന് അദ്ദേഹത്തിനു കാണാമായിരുന്നു. കോപം ലളിതയോടു അല്ലായിരുന്നെന്നും തന്നോടുതന്നെ ആയിരുന്നെന്നും അപ്പോൾ അദ്ദേഹത്തിനു മനസ്സിലായിരുന്നു.

ലളിതയെക്കൂടാതെയുള്ള ഈ ഏതാനും മാസത്തെ വിപ്രവാസകാലത്ത് അദ്ദേഹം സ്വകല്പനാജാലത്തിൽ തന്നെത്തന്നെ ആബദ്ധനാക്കിത്തീർത്തിരുന്നു. ഈ കാല്പനികസുഖദുഃഖങ്ങളുടേയും ലാഭനഷ്ടങ്ങളുടേയും കണക്കു പരിശോധിച്ചിട്ട് 'ലളിതയ്ക്കു തൻെറ ജീവിതത്തിൽ എന്തു സ്ഥാനമുണ്ട്? ഭവിഷ്യത്തുമായി അവൾക്കു എന്തുമാതിരി അച്ഛേദ്യബന്ധമാണുള്ളത്? അവളുടെ അനുപസ്ഥിതിയിൽ തൻെറ ജീവിതം എത്ര കഠിനവും കഷ്ടതരവുമായിരിക്കും?' എന്നൊക്കെ അദ്ദേഹം തിട്ടപ്പെടുത്തിവച്ചിരുന്നു. ലളിത ബാല്യംമുതല്ക്കേ അദ്ദേഹത്തിൻെറ ഗാർഹസ്ഥ്യചക്രത്തിൽ പെട്ടിരുന്നു; അതുകൊണ്ട് ആദ്യ

മൊക്കെ അവളെ അച്ഛനമ്മമാർ, സഹോദരീസഹോദര ന്മാർ മുതലായവരുടെ കൂട്ടത്തിൽ കലർത്തിയതല്ലാതെ വേർതിരിച്ചു വിശേഷദൃഷ്ട്യാ കാണ്മാൻ അയാൾക്കു കഴിഞ്ഞിരുന്നില്ല. ലളിതയെ ഒരുപക്ഷേ തനിക്കു ലഭിച്ചില്ലെന്നും വന്നേയ്ക്കാം; അച്ഛനമ്മമാർ വിവാഹത്തിനു സമ്മതിച്ചില്ലെന്നും വരാം—അഥവാ അവൾതന്നെ മറെറാരാളെ വരനാക്കിയെന്നും വന്നുകൂടായ്കയില്ല—ഈ മാതിരി ദുശ്ചിന്തകൾ ഇടയ്ക്കിടെ ധാരാപ്രവാഹമായിപ്പചലിച്ചുകൊണ്ടിരുന്നതിനാലാണ് വിദേശത്തേയ്ക്കു യാത്രയാകും മുമ്പേ തന്നെ—അന്ന് ആ രാത്രി—അദ്ദേഹം ബലാൽക്കാരമായി അവളുടെ ഗളത്തിൽ മാല്യം അർപ്പിച്ച്, അതിനു് ഒരു ഉറപ്പുവരുത്തിവച്ചതു്.

വിദേശവാസത്തിനിടയ്ക്കു് ഗുരുചരണൻ ധർമ്മപരിവർത്തനകഥ കേട്ടപ്പോൾ, ലളിതയെ ഉപേക്ഷിക്കേണ്ടിവന്നേക്കുമോ എന്നുള്ള ചിന്തയാൽ ശേഖരൻ രാപകൽ വ്യാകുലചിത്തനായി കഴിച്ചുകൂട്ടി. സുഖകരമാകട്ടേ, ദുഃഖകരമാകട്ടേ, ദുശ്ചിന്താപർവ്വമായി അദ്ദേഹം സുപരിചിതനായിരുന്നു. ഇന്നു ലളിതയുടെ ഈ സ്പഷ്ടോക്തി അദ്ദേഹത്തിന്റെ ചിന്താഗതിയെ ബലാൽക്കാരേണ പ്രതിബന്ധിച്ചിട്ട്, ആ ധാരയെ നേരെ വിപരീതമായ ഒരു ദിക്കിലേക്കു തിരിച്ചുവിട്ടു. മുമ്പൊക്കെ ലളിതയെ ഒരുപക്ഷേ ലഭിക്കാതിരുന്നേക്കാം എന്നായിരുന്നു അദ്ദേഹത്തിന്റെ പേടി. ഇപ്പോഴാകട്ടേ അവളെ പക്ഷേ ഉപേക്ഷിക്കാൻ ഇനി സാധിക്കാതേ വരുമോ എന്നായി ചിന്ത.

ശ്യാമബാജാറിലെ വിവാഹാലോചന തകർന്നുപോയി. അവർ ആദ്യം വലിയതുക കൊടുക്കാമെന്നു സമ്മതിച്ചു; എന്നാൽ പിന്നീടു് കുറേശ്ശ കാലുമാറിത്തുടങ്ങി. അതിനും പുറമെ ഭുവനേശ്വരിക്കു കുട്ടിയെ അത്ര തൃപ്തിയായുമില്ല. അതുകൊണ്ടു് ശേഖരനു കുറെ അവസരം ലഭിച്ചു. എന്നാൽ

നവീനചന്ദ്രൻ പത്തു പന്തീരായിരം ഉറുപ്പികയുടെ കാൎയ്യം മറന്നില്ല; അതുകൊണ്ടു് അദ്ദേഹം ഈ സംഗതിയിൽ നിശ്ചേഷ്ടനായിരുന്നുമില്ല.

ഇനി എന്തുചെയ്യേണ്ടു? എന്നായിരുന്നു ശേഖരന്റെ ആലോചന. അന്നു രാത്രിയിലത്തെ ആ ക്രിയ ഇത്ര ഗാംഭീരരൂപം അവലംബിക്കുമെന്നും, വാസ്തവത്തിൽ തനിക്കു വിവാഹം നടന്നു കഴിഞ്ഞിരിക്കുന്നു എന്നുള്ള അസന്ദിഗ്ദ്ധമായ വിശ്വാസത്തോടുകൂടി ലളിത ഇരിക്കുമെന്നും, അവൾ യാതൊരു കാരണവശാലും ധൎമ്മത്തിൽനിന്നു വ്യതിചലിക്കയില്ലെന്നുംമററുമുള്ള സംഗതികളെ ശേഖരൻ വിചാരിച്ചു നോക്കുകയേ ഉണ്ടായിട്ടില്ല. "വരേണ്ടതു വന്നു—ഇനി നിനക്കു പിൻവാങ്ങാൻ സാധിക്കയില്ല എനിക്കും അങ്ങനെതന്നെ." എന്നു് അദ്ദേഹം സ്വന്തമുഖം കൊണ്ടുതന്നെ പറഞ്ഞെങ്കിലും, അന്നു് ആ സമയത്തു വരുംവരാഴികകളെപ്പററി ചിന്തിക്കുന്നതിനുള്ള ശക്തിയോ അവകാശമോ അദ്ദേഹത്തിനുണ്ടായിരുന്നില്ല. അന്നു തലയ്ക്കുമുകളിൽ ചന്ദ്രൻ; നാലുപാടും ചന്ദ്രിക; കഴുത്തിൽ മാല; പ്രിയതമയുടെ വക്ഷഃസ്സ്ഥലത്തിൽനിന്നുണ്ടായപ്രഥമ സുഖാനുഭൂതിയുടെ വ്യാമോഹം; പ്രണയികൾ അധാരാമൃതമെന്നു ഘോഷിച്ചുവരുന്ന വസ്തുവിന്റെ ലാഭത്തിലുള്ള തീവ്രമായ ആശ-ഇവയ്ക്കിടയിൽ വിചാരശക്തി എവിടെ? അതിനുള്ള അവസരം എവിടെ? അന്നു സ്വാൎത്ഥത്തിന്റെയും സാംസാരികനന്മതിന്മകളുടേയും വിചാരമേ ഉണ്ടായില്ല. അൎത്ഥലോലുപനായ പിതാവിന്റെ രുദ്രമൂൎത്തി മുമ്പിൽവന്നു നിലകൊണ്ടതുമില്ല 'അമ്മയ്ക്കു ലളിതയോടു വളരെ ഇഷ്ടമാണു്; അവരുടെ സമ്മതം നിഷ്പ്രയാസം സമ്പാദിക്കാം; ജ്യേഷ്ഠൻവഴിക്കു പിതാവിന്റെ കോപത്തെയും ഒരുവിധം ശമിപ്പിക്കാം—അപ്പോൾ കാൎയ്യം നടക്കും' ഇതായിരുന്നു ശേഖരന്റെ മനോഗതി. ഇതിനും

പുറമേ ഗുരുചരണൻ അന്നു ഈ മാതിരി ഒരു വിച്ഛിത്തി കാരണം ഉണ്ടാക്കി അദ്ദേഹത്തിൻെറ ആശയ്ക്കുള്ള മാൎഗ്ഗത്തെ പ്രതിബന്ധിച്ചുകളഞ്ഞിരുന്നതുമില്ലല്ലോ.

ഇപ്പോഴോ? സ്ഥിതിഗതി ആകപ്പാടെ മാറിക്കഴിഞ്ഞിരിക്കുന്നു. ഇനി പിതാവിൻെറ സമ്മതം ലഭിക്കുന്ന കാൎയ്യം സന്ദിഗ്ദ്ധം. ഇക്കാൎയ്യത്തെപ്പററി അവരോടു പറയുന്നതു തന്നെയും ദുഷ്കരമാണു്. ശേഖരൻ സുദീൎഘമായി ഒന്നു നിശ്വസിച്ചിട്ടു് 'ഇനി എന്തു ചെയ്യേണ്ടു'? എന്ന പ്രശ്നത്തെ ഒന്നുകൂടി അസ്ഫുടസ്വരത്തിൽ ആവൎത്തിച്ചു അദ്ദേഹത്തിനു ലളിതയെ നല്ലപോലെ അറിയാം അവളെ ഈ വിധത്തിൽ ആക്കിവിട്ടതുതന്നെ അദ്ദേഹമായിരുന്നു. ധൎമ്മം എന്നു വിശ്വസിച്ചു് ഒരിക്കൽ അംഗീകരിച്ചു കഴിഞ്ഞതിനെ അവൾ സ്വപ്നത്തിൽപോലും കൈവെടിയുകയില്ല. ശേഖരൻെറ ധൎമ്മപത്നിയാണു് താൻ—എന്നുള്ള ദൃഢവിശ്വാസം അവൾക്കുണ്ടെന്നു് ഇന്നു സന്ധ്യാസമയത്തെ ഇരുട്ടത്തു അദ്ദേഹത്തിൻെറ മുഖത്തിനുനേരേ നിന്നുകൊണ്ടു് അവൾ വ്യക്തമായി പറഞ്ഞതിൽ നിന്നു് അദ്ദേഹം ഗ്രഹിച്ചുകഴിഞ്ഞു.

“ഗിരീന്ദ്രനുമായുള്ള വിവാഹാലോചന നടന്നുകൊണ്ടേ ഇരിക്കുന്നു. എന്നാൽ ആൎക്കും അവളെക്കൊണ്ടു സമ്മതിപ്പിക്കാൻ സാധിക്കയില്ല. അങ്ങനെ വരുമ്പോൾ അവൾ മിണ്ടാതിരിക്കുമോ? എല്ലാം പ്രകാശിപ്പിക്കുകയില്ലേ? ശേഖരൻെറ മുഖവും നേത്രങ്ങളും ഉത്തപ്തമായി. വാസ്തവത്തിൽ സത്യവും അങ്ങനെയാണല്ലോ. അദ്ദേഹം മാലതിരിയെ അവളുടെ കഴുത്തിൽ ഇട്ടു. എന്നു മാത്രമല്ല അവളെ മാറോടണച്ചു അധരത്തിൽ ചുംബിക്കയും ചെയ്തില്ലേ? ലളിത ഒരു പ്രാതികൂല്യവും പ്രദൎശിപ്പിച്ചില്ല—പക്ഷേ അതിലെന്തു ദോഷം? അതിൽ യാതൊരു തെററും അവൾ കണ്ടില്ല; അതുകൊണ്ടു പ്രതികൂലഭാവവും കൈ

കൊണ്ടില്ല എന്നല്ലേയുള്ളു. അങ്ങനെ ചെയ്യുന്നതിനുള്ള അധികാരം അദ്ദേഹത്തിനുണ്ടെന്നു ദൃഢമായി വിശ്വസിച്ചതിനാൽ അവൾ അതിനു അനുവദിച്ചു. ഇനി ഈ ആചരണത്തിനു പ്രതിവിധി അദ്ദേഹം ആർക്കുമുമ്പിൽ വച്ചു് എങ്ങനെ ചെയ്യും?

ഒരു കാര്യം തീർച്ചയാണു്. മാതാപിതാക്കന്മാരുടെ പൂർണ്ണസമ്മതംകൂടാതെ ലളിതയുമായുള്ള വിവാഹം നടക്കുകയില്ല; എന്നാൽ ഗിരീന്ദ്രന്റെ വിവാഹാലോചന നടക്കാതെവരുന്നതിനുള്ള കാരണം പ്രകടമായതിന്റെശേഷം വീട്ടിനകത്തും പുറത്തും ഉള്ളവരുടെ മുമ്പിൽ അദ്ദേഹം തന്റെ മുഖം എങ്ങനെ കാണിക്കും?

X

അസംഭാവ്യമായതിനാൽ ആണു് ശേഖരൻ ലളിതയുടെ അപേക്ഷയെ നിശ്ശേഷം തള്ളിക്കളഞ്ഞതു്. എന്നാൽ എവിടെ എങ്കിലുംവച്ചു് അവൾ ഉണ്ടായ സകല സംഗതികളും യദൃച്ഛയാ വെളിപ്പെടുത്തിക്കളഞ്ഞെങ്കിലോ? എന്നുള്ള ഭയം അദ്ദേഹത്തെ ഏതാനും ദിവസത്തേയ്ക്കു നിരന്തരം പീഡിപ്പിച്ചുകൊണ്ടിരുന്നു. പക്ഷേ ആരും അദ്ദേഹത്തിനോടു ഇതിനെപ്പററി ചോദിക്കയുണ്ടായില്ല. കാര്യം വെളിപ്പെട്ടു കഴിഞ്ഞോ ഇല്ലയോ എന്നുള്ളതും അദ്ദേഹത്തിനു അറിവാൻ സാധിച്ചില്ല ഇതേവരെ ആ വീട്ടിൽനിന്നും ആരുംതന്നെ ഈ വീട്ടിൽ വരികയും ഉണ്ടായില്ല,

ശേഖരന്റെ മുറിയുടെ മുൻവശത്തുള്ള മട്ടുപ്പാവിൽ നിന്നാൽ ലളിതയുടെ വീട്ടിൽ നടക്കുന്നതെല്ലാം കാണാം, ചിലപ്പൊഴൊക്കെ ലളിതയെകണ്ടുമുട്ടിയേക്കുമോ എന്നുള്ള

ഭയത്താൽ അദ്ദേഹം ആ മട്ടുപ്പാവിലേക്കു ഇറങ്ങിയതേ ഇല്ല. എന്നാൽ യാതൊരു ബാധയുംകൂടാതെ ഒരുമാസം കഴിഞ്ഞുകൂടിയപ്പോൾ ആശ്വാസസൂചകമായ ഒരു നെട്ടുവീർപ്പോടുകൂടി അദ്ദേഹം വിചാരിച്ചു:—"എന്തൊക്കെ ആയാലും സ്ത്രീജനങ്ങൾക്കു ലജ്ജയുണ്ടു്—ഈ മാതിരി കാര്യങ്ങളെ അവർ ഒരിക്കലും വെളിപ്പെടുത്തുകയില്ല. സ്ത്രീജനങ്ങളുടെ ഹൃദയം ഭഗ്നമായാലും മുഖമുദ്ര ഭഞ്ജിതമാവുകയില്ലെന്നു പലരും പറഞ്ഞു കേട്ടിട്ടുള്ളതിൽ ശേഖരനു് ഇപ്പോൾ വിശ്വാസംവന്നു. സൃഷ്ടികർത്താവു അവക്കു ദുർബലമായ ശരീരം കൊടുത്തതിനെപ്പററി അദ്ദേഹം മനസാ അഭിനന്ദിച്ചു. എന്നാൽ ഇതുകൊണ്ടൊന്നും അദ്ദേഹത്തിനു മനശ്ശാന്തി ഉണ്ടായില്ല. ഭയഹേതു ഒന്നുംഇല്ലെന്നു തീൎച്ചയായപ്പോൾമുതല്ക്കു് ഹൃദയത്തിൽ ഒരുമാതിരി അഭൂതപൂർവമായ വേദന എന്തുകൊണ്ടാണു് പുഞ്ജീകൃതമായതു്? കൂടക്കൂടെ ഹൃദയത്തിന്റെ അന്തഃസ്ഥിതമായ മർമ്മസ്ഥലംപോലും ഏതോ ഒരു നിരാശയാലും വേദനയാലും ആശങ്കയാലും ഇങ്ങനെ കമ്പിതമായിക്കൊണ്ടിരിക്കുന്നതെന്തുകൊണ്ടു? അവൾ ഇപ്പോൾ പതിഗൃഹത്തിൽ പോയിരിക്കും എന്നുള്ള വിചാരം ഉദിക്കുന്നതിനോടുകൂടി തന്നെ അദ്ദേഹത്തിന്റെ ശരീരത്തിലും മനസ്സിലും ഈ ദുഃഖാഗ്നി കത്തിക്കാളുന്നതും എന്തുകൊണ്ടു്?

മുമ്പൊക്കെ അദ്ദേഹം വൈകുന്നേരം നടക്കാൻപോകാതെ മട്ടുപ്പാവിൽ ലാത്താറുണ്ടായിരുന്നു. ഇപ്പോഴും യഥാപൂർവം ലാത്താൻതുടങ്ങി; എന്നാൽ അടുത്തവീട്ടിലെ കഥ ഒന്നും കാണാൻ കഴിഞ്ഞില്ല. ഒരു ദിവസംമാത്രം അന്നകാളി എന്തോ കാര്യമായിട്ടു് അവരുടെ മട്ടുപ്പാവിന്മേൽ വന്നു. എന്നാൽ അവൾ ശേഖരനെകാൺകയാൽ തലതാഴ്ത്തിക്കളഞ്ഞു. അവളെ ഒന്നു വിളിക്കണോ വേണ്ടയോ എന്നുശേഖരൻ ആലോചിച്ചുറയ്ക്കുംമുമ്പുതന്നെ

അവരം അവിടെനിന്ന ഓടിക്കളകയും ചെയ്തു. മട്ടപ്പാവിലേക്കുള്ള വഴി അടച്ചുകളഞ്ഞതിൻെറ അർത്ഥം ഈ കഥയില്ലാത്ത ചെറുബാലികപോലും മനസ്സിലാക്കിയിരിക്കുന്നു എന്നു അദ്ദേഹത്തിനു ഇപ്പോരം മനസ്സിലായി.

മാസം ഒന്നുകൂടി കഴിഞ്ഞു. ഒരുദിവസം ഭുവനേശ്വരി ഓരോന്നു സംസാരിച്ചുകൊണ്ടിരിക്കുന്നതിനിടയ്ക്കു് പറഞ്ഞു:—"ലളിതയെ കാണാറുണ്ടോ ശേഖരാ!"

"ഇല്ല! എന്തുകൊണ്ടാണു് ചോദിച്ചതു്?"

"ഏകദേശം രണ്ടുമാസത്തിനുശേഷം ഇന്നലെ ഞാൻ അവളെ മട്ടുപ്പാവിൽ നില്ക്കുന്നതു കണ്ടു വിളിച്ചു. പെണ്ണു് എങ്ങനെ ആയിപ്പോയിരിക്കുന്നു! നന്നേ ക്ഷീണിച്ചു മുഖമെല്ലാം ഒട്ടി—പടുകിഴവിയെപ്പോലെ ആയി! പതിന്നാലു വയസ്സുള്ള ബാലികയാണെന്നു് ആരു പറയും?" ഇത്രയും പറഞ്ഞപ്പോഴേക്കും അവരുടെ നേത്രങ്ങളിൽ അശ്രുക്കരം നിറഞ്ഞു. കൈകൊണ്ടു് അവയെ തുടച്ചുകളഞ്ഞിട്ടു നിറഞ്ഞകണ്ഠത്തിൽ പറഞ്ഞു:—"അഴുക്കുപുരണ്ട ധോത്തി; വിളുമ്പെല്ലാം കീറിപ്പറിഞ്ഞിരിക്കുന്നു. 'മകളെ നിനക്കു വേറെ ധോത്തിയൊന്നും ഇല്ലേ?' എന്നു ഞാൻചോദിച്ചു. 'ഉണ്ടു്' എന്നു അവരം പറഞ്ഞെങ്കിലും എനിക്കു വിശ്വാസമില്ല. ഒരിക്കലും അവരം അമ്മാവൻ വാങ്ങിക്കൊടുത്ത വസ്ത്രം ധരിച്ചിട്ടില്ല. ഞാനാണു കൊടുത്തുവന്നതു്. ആറേഴുമാസമായി ഞാൻ കൊടുക്കാറുമില്ല" തുടരാൻ അവൎക്കു കഴിഞ്ഞില്ല. ചേലയുടെ വിളുമ്പുകൊണ്ടു കണ്ണുനീർ തുടച്ചു തുടങ്ങി. വാസ്തവത്തിൽ അവർ ലളിതയെ സ്വപുത്രിയെപ്പോലെ സ്നേഹിച്ചിരുന്നു.

ശേഖരൻ മറെറാരിടത്തേക്കു നോക്കിക്കൊണ്ടു മിണ്ടാതെ ഇരുന്നു. ഒട്ടുവളരെ നേരം കഴിഞ്ഞു് അമ്മ തുടൎന്നു:— "ഒരിക്കലും അവരം എന്നോടല്ലാതെ മററാരോടും ഒരു

വസ്തുവും ചോദിച്ചിട്ടില്ല. അസമയത്തു വിശപ്പുവന്നാൽ വാതുറന്നു് വീട്ടിലാരോടും അവൾ ഒരു വാക്കുപോലും ഉരിയാടുകയില്ല. ഞാനാണു് അവൾക്കു ആഹാരം കൊടുത്തുവന്നതു്. അവൾ എപ്പോഴും എൻെറ അടുക്കൽതന്നെ ചുററി നടന്നുവന്നു. വിശപ്പുണ്ടെന്നു അവളുടെ മുഖം കണ്ടാൽ എനിക്കു മനസ്സിലാവും. അപ്പോൾതന്നെ വിളമ്പിക്കൊടുക്കയും ചെയ്യാറുണ്ടായിരുന്നു. അതൊക്കെഎനിക്കിപ്പോൾ ഓമ്മവരുന്നു. അവൾ വിശന്നുവിശന്നു് ആരോടും ഒന്നും ചോദിക്കാതെ നടക്കയായിരിക്കണം. ആരും അവളുടെ സ്ഥിതി മനസ്സിലാക്കീട്ടില്ല. അവൾ എന്നെ അമ്മ! അമ്മ! എന്നു വിളിക്കമാത്രമല്ല സ്വന്ത അമ്മയെപ്പോലെ സ്നേഹിക്കയും ശുശ്രൂഷിക്കയും ചെയ്തുകൊണ്ടും ഇരുന്നു."

ശേഖരൻ ധൈര്യമവലംബിച്ചു് അമ്മയുടെ മുഖത്തേക്കു് ഒന്നു നോക്കാൻ കഴിഞ്ഞില്ല; അദ്ദേഹം നോക്കിക്കൊണ്ടിരുന്ന ദിക്കിൽനിന്നു ദൃഷ്ടി എടുക്കാതെതന്നെ പറഞ്ഞു:—"അമ്മേ! അങ്ങനെ ആണെങ്കിൽ അവളെ വിളിച്ചുവരുത്തി അവൾക്കു് എന്തൊക്കെ ആണു് ആവശ്യം എന്നു ചോദിക്കരുതോ?"

"എങ്ങനെ? പോകാനും വരാനും ഉള്ള വഴികൂടെ അടച്ചുകളഞ്ഞില്ലേ? ഞാൻ എന്തുമുഖത്തോടുകൂടിഅവൾക്കു കൊണ്ടുചെന്നു കൊടുക്കും? ലാലാജി വലിയ ദുഃഖത്തിൽപെട്ടു് ഒരു അപരാധം ചെയ്തുപോയെങ്കിൽ വല്ല പ്രായശ്ചിത്തമോ മററോ ചെയ്തു് അദ്ദേഹത്തിനെ ഉദ്ധരിക്കേണ്ടതല്ലേ സ്വജനങ്ങളായ നമ്മുടെ കത്തവ്യം? അങ്ങനെചെയ്യാതെ നാം പടിയടച്ചു പിണ്ഡവും വച്ചു. ഇക്കൂട്ടരുടെ മരട്ടിനു വശപ്പെടുകയാൽ പാവം ജാതിഭ്രഷ്ടനായി. അതാണു വാസ്തവം. ആവശ്യം എപ്പോഴും ആവശ്യം തന്നെ. മനസ്സിൽഘൃണവന്നുകൂടിയാൽ മനുഷ്യൻ എന്തും

ചെയ്യാൻ ശക്തനായിത്തിരും. എന്നാൽ ലാലാജി ചെയ്തതു നന്നായെന്നാണു് എനിക്കു തോന്നുന്നതു്. ആ ഗിരീന്ദ്രൻ നമ്മളെ ഒക്കെക്കാൾ അദ്ദേഹത്തിനു ഉപകരിച്ചു. അവനു ലളിതയെ കല്യാണംകഴിച്ചുകൊടുത്താൽ അവൾ സുഖമായി ഇരുന്നുകൊള്ളുമെന്നു് എനിക്കറിയാം. അടുത്തമാസത്തിൽ വിവാഹം നടക്കുമെന്നാണു് കേട്ടതു്."

പെട്ടെന്നു ശേഖരൻ അമ്മയുടെനേക്കു മുഖംതിരിച്ചിട്ടു ചോദിച്ചു:—"അടുത്തമാസത്തിൽ എന്തു നടക്കും?

"കല്യാണം നടക്കുമെന്നാണു് ഞാൻ കേട്ടതു്." ശേഖരൻ പിന്നെ ഒന്നും ചോദിച്ചില്ല.

അമ്മ കുറേനേരം മിണ്ടാതിരുന്നിട്ടു് പിന്നെയും പറയാൻ തുടങ്ങി:—"അമ്മാവനു് ഇയ്യിടയ്ക്കു ശരീരസുഖമില്ലെന്നു ലളിതയുടെ മുഖത്തുനിന്നുതന്നെ ഞാൻ അറിഞ്ഞു. അതു ശരിയാണു്. അദ്ദേഹത്തിന്റെ മനസ്സിനു് ഒരു സുഖവും ഇല്ല. അതിനുംപുറമേ വീട്ടിൽ എന്നും നിലവിളിയും മുറവിളിയുംതന്നെ. എല്ലാം കൊണ്ടും ഒരു നിമിഷനേരത്തേക്കുപോലും പാവത്തിനു ഗൃഹത്തിൽ ഒരു ശാന്തിയും ഇല്ല."

ശേഖരൻ കേട്ടുകൊണ്ടേ ഇരുന്നു; ഒരക്ഷരം മിണ്ടിയില്ല. കുറച്ചുനേരം കഴിഞ്ഞു് അവർ എണീററുപോയപ്പോൾ അദ്ദേഹം തന്റെ കിടക്കയിൽ ചെന്നു കിടന്നിട്ടു ലളിതയേപ്പററി ചിന്തിച്ചുതുടങ്ങി.

ശേഖരന്റെ വിടിരുന്ന തെരുവീഥിക്കു്, രണ്ടു വണ്ടികൾക്കു നിഷ്പ്രയാസം പോകത്തക്ക വിസ്താരമുണ്ടായിരുന്നില്ല. ഒരുവണ്ടി ഒരു അരികുചേന്നു നിന്നില്ലെങ്കിൽ മറേറ വണ്ടിക്കു പാശ്വത്തിൽകൂടി കടന്നുപോകാൻ വിഷമമായിരുന്നു. എട്ടുപത്തു ദിവസങ്ങൾ കഴിഞ്ഞു് ഒരുദിവസം ശേഖരന്റെ ആഫീസുവണ്ടി ഗുരുചരണന്റെ വീട്ടിനു

മുമ്പിൽ വന്നപ്പോഠം നിരുദ്ധോഗതിയായി. അദ്ദേഹം ആഫീസിൽനിന്നു തിരിച്ചുവരികയായിരുന്നു. താഴെഇറങ്ങിചോദിച്ചപ്പോഠം ഡാക്ടർ വന്നിരിക്കുന്നതായി അറിഞ്ഞു.

ഗുരുചരണൻെറ സുഖക്കേടിനെപ്പററി ഏതാനും ദിവസങ്ങഠംക്കു മുമ്പു് അദ്ദേഹം അമ്മ പറഞ്ഞു് അറിഞ്ഞിരുന്നല്ലോ. ആയതുകൊണ്ടു് നേരെ വീട്ടിലേക്കു പോകാതെ അദ്ദേഹം ഗുരുചരണൻ കിടക്കുന്ന മുറിയിലേക്കു നടന്നു. അവിടെ ചെന്നപ്പോഠം കാൎയ്യം വാസ്തവമാണെന്നു ബോദ്ധ്യമായി. ഗുരുചരണൻ നിൎജ്ജീവനെന്നപോലെ കിടന്നിരുന്നു. ഒരു പാൎശ്വത്തിൽ ലളിതയും ഗിരീന്ദ്രനും ശുഷ്കമുഖങ്ങളോടുകൂടി ഇരിക്കുന്നതും മുമ്പിൽ ഒരു കസാലയിൽ ഇരുന്നു് ഡാക്ടർ രോഗിയെ പരിശോധിക്കുന്നതും ആണു് അദ്ദേഹം കണ്ടതു്.

ഡാക്ടർ ആ നഗരാംശത്തിലുള്ള ആളായിരുന്നതിനാൽ ശേഖരനെ അറിയുമായിരുന്നു. രോഗിയെ പരിശോധിച്ചു് മരുന്നുകഠംക്കു വ്യവസ്ഥചെയ്തശേഷം അദ്ദേഹം ശേഖരനോടുകൂടി വെളിയിൽ ചെന്നു ഇരുന്നു. ഗിരീന്ദ്രൻ പിന്നാലെ ചെന്നു പണം കൊടുത്തപ്പോഠം, "രോഗിക്കിപ്പോഠം സുഖക്കേടു് വൎദ്ധിച്ചുകഴിഞ്ഞില്ല. ഇപ്പോഠംതന്നെ സ്ഥലംമാറി താമസിച്ചാൽ ശമനം കിട്ടിയേക്കും" എന്നു ഡാക്ടർ ഉപദേശിച്ചു.

ഡാക്ടർ പോയശേഷം രണ്ടുപേരും വീണ്ടും ഗുരുചരണൻെറ അടുക്കൽ ചെന്നുനിന്നു. ലളിത ആംഗ്യത്താൽ ഗിരീന്ദ്രനെ ഒരു കോണിലേക്കുവിളിച്ചു് പതുക്കെപതുക്കെ എന്തൊക്കെയോ പറയാൻതുടങ്ങി. ശേഖരൻമുമ്പിൽകിടന്നിരുന്ന കസാലയിൻ ഉപവേശിച്ചിട്ടു സന്നഭാവേന ഗുരുചരണനേ നോക്കിക്കൊണ്ടിരുന്നു. ഗുരുചരണൻ ആദ്യമേതന്നെ ഒരു വശത്തോട്ടു ചരിഞ്ഞു് ഉറങ്ങുകയായി

രുന്നതിനാൽ അദ്ദേഹം രണ്ടുപ്രാവശ്യം അടുക്കൽ ചെന്ന തും അറിഞ്ഞില്ല.

കുറേനേരം ചുമ്മാതിരുന്നശേഷം ശേഖരൻ എണീററു് അവിടെനിന്നു് ഇറങ്ങിപ്പോയി അപ്പൊഴും ലളിതയും ഗിരീന്ദ്രനും യഥാപൂർവം പതുക്കെ പതുക്കെ സംസാരിച്ചുകൊണ്ടിരുന്നു. അദ്ദേഹത്തിനോടു് ഇരിക്കാൻ പറയുകയാകട്ടെ ഒരു വാക്കെങ്കിലും സംസാരിക്കയാകട്ടെ രണ്ടുപേരും ചെയ്തിട്ടില്ല.

ലളിത തന്നെ ആ കഠോരബന്ധത്തിൽനിന്നു് എന്നെന്നേക്കുമായി നിശ്ശേഷം വിമുക്തനാക്കിയിരിക്കുന്നു എന്നു് ഇപ്പോൾ അദ്ദേഹത്തിനു നിശ്ചിതരൂപത്തിൽമനസ്സിലായി. ഇനി അദ്ദേഹത്തിനു നിർഭയം ശ്വസിക്കാം. ഒരു ശങ്കയ്ക്കും അവകാശമില്ല. അവൾ അദ്ദേഹത്തിനെ കുടുക്കിലാക്കുമെന്ന വിചാരമേ വേണ്ട. ഗിരീന്ദ്രൻ ആ ഗൃഹത്തിലെ പരമബന്ധുവായിത്തീർന്നിരിക്കുന്നു എന്നും എല്ലാവരുടേയും ആശയും വിശ്വാസവും, വിശേഷിച്ചും, ലളിതയുടെ ഭാവിയിലെ ആശ്രയസ്ഥാനവും, അദ്ദേഹത്തിലാണെന്നും അദ്ദേഹം സ്വന്തക്കണ്ണുകൾ കൊണ്ടുതന്നെ കണ്ടിരിക്കുന്നു. ഈ വിപദ്ദശയിലും ലളിത അദ്ദേഹത്തിന്റെ അടുക്കൽ ആലോചിക്കാൻ പോലും തുനികയുണ്ടായില്ലല്ലോ. ഈ സംഗതികളെപ്പററി അദ്ദേഹം സ്വഗൃഹത്തിൽ ചെന്നശേഷം ആയിരം പ്രാവശ്യം ആലോചിച്ചു.

അദ്ദേഹം സഹസാ 'ആവൂ' എന്നു പറഞ്ഞുകൊണ്ടു് ചാരുകസാലയിൽ ചെന്നു് നമ്രശിരസ്കനായി ഇരുന്നു. ലളിത തന്നെ കണ്ടു് കേവലം അപരിചിതഭാവത്തിൽ ശിരസ്സിലെ മൂടുപടം വലിച്ചിട്ടു മുഖം മറച്ചുകളഞ്ഞതും തന്റെ നേത്രങ്ങൾക്കു മുമ്പിൽ വച്ചുതന്നെ ഗിരീന്ദ്രനെ വിളിച്ചു് എന്തൊക്കെയോ ആലോചിച്ചതും, അദ്ദേഹം

ഓൎത്തു. ഗിരീന്ദ്രനോടുകൂടി നാടകം കാണാൻ പോകുന്നതു നന്നല്ലെന്നു് അവളെ അന്നൊരിക്കൽ വിലക്കിയതു വലിയ നേരമ്പോക്കായി ഇപ്പോൾ അദ്ദേഹത്തിനു തോന്നി.

ഇങ്ങനെ ഒക്കെ ഇരുന്നാലും അവൾ ഒരു പക്ഷേ ഈ വിധം ചെയ്തതു തന്നോടുള്ള ഗുപ്തസംബന്ധത്തെ ഓൎത്തു ലജ്ജിച്ചിട്ടായിരിക്കുമോ? എന്നാൽ അങ്ങനെ ആണെന്നു വരികിൽ ഇത്രയും നാൾക്കിടയിൽ എന്തെങ്കിലും കാരണമുണ്ടാക്കി തന്നോടു വല്ലതും ഒരു വാക്കു ചോദിക്കാൻ ശ്രമിക്കാതിരിക്കുമായിരുന്നോ?

പെട്ടെന്നു് വാതലിനു വെളിയിൽ അമ്മയുടെ ശബ്ദം കേൾക്കുമാറായി. അവർ ഉച്ചത്തിൽ വിളിച്ചു ചോദിച്ചു:- "നീ എവിടെ ഇരിക്കുന്നു? ഇതേവരെ കൈയും മുഖവും കഴുകിയില്ലയോ? സന്ധ്യ ആകാറായല്ലോ."

ശേഖരൻ പെട്ടെന്നു എണീററു; എന്നാൽ അമ്മയ്ക്കു കാണാൻ കഴിയാത്തവണ്ണം മുഖം തിരിച്ചുകൊണ്ടാണു് കീഴ്പ്പോട്ടിറങ്ങിയതു്.

കുറേ നാളായിട്ടു പലമാതിരി കാൎയ്യങ്ങൾ ബഹുവിധരൂപംധരിച്ചു് രാപകൽ അദ്ദേഹത്തിൻെറ മനസ്സിൽ വന്നുംപോയും ഇരിക്കുന്നു; എന്നാൽ വാസ്തവത്തിൽ അപരാധം ആരുടെതാണു് എന്നൊരു സംഗതിമാത്രം അദ്ദേഹത്തിൻെറ ആലോചനയ്ക്കു വിഷയമായതേ ഇല്ല. ഇന്നേവരെ അദ്ദേഹം ഒരു ആശാജനകമായ വാക്കു് അവളോടു പറകയോ പറയുന്നതിനു അവൾക്കു അവസരം കൊടുക്കുകയോ ചെയ്തിട്ടില്ല; ശിശുപോലെ നിശ്ചേഷ്ടനായി ഇരുന്നുകൊണ്ടു സകലവിധ അപരാധങ്ങളും ലളിതയുടെ തലയിൽ ചുമത്തിയശേഷം അതിനേപ്പററി ചിന്തിച്ചു് അദ്ദേഹം മനസ്സുപുണ്ണാക്കി; സ്വന്ത ഈൎഷ്യയാൽ, സ്വന്തകോപ

ത്താൽ, സ്വന്തം അഭിമാനത്താൽ, താൻതന്നെ വരുത്തി വച്ചതായ അപമാനത്താൽ, തന്നെത്തന്നെ ദഹിപ്പിച്ചു കൊണ്ടിരുന്നു. പ്രായേണ ലോകത്തിലെ സകല പുരുഷന്മാരും സ്ത്രീകളെപ്പററി ഈ വിധത്തിൽ വിചാരിച്ചു ഈ വിധത്തിൽ വെന്തുനീറിക്കൊണ്ടേ ഇരിക്കുന്നു.

ഇങ്ങനെ തപിച്ചു തപിച്ച് ദിവസങ്ങൾ ഏഴു കഴിഞ്ഞു. ഇന്നും സന്ധ്യയ്ക്കു് അദ്ദേഹം തൻെറ മുറിയിൽ അതേ ഹൃദയാഗ്നിയെത്തന്നെ ജ്വലിപ്പിച്ചുകൊണ്ടിരുന്നു. പെട്ടെന്നു വാതുക്കൽ ഒരു ശബ്ദംകേട്ടു മുഖം ഉയർത്തിനോക്കിയപ്പോൾ, അദ്ദേഹത്തിൻെറ ഹൃദയം ഒന്നു കുതിച്ചു. കാളിയെ കൈയ്ക്കു പിടിച്ചുകൊണ്ടു ലളിത മുറിക്കുള്ളിൽ കടന്നു്, താഴെ വിരിച്ചിരുന്ന കമ്പിളിയിൽഇരുന്നു. കാളി പറഞ്ഞു:—"ശേഖരച്ചേട്ടാ, ഞങ്ങൾ രണ്ടുപേരും ചേട്ടനെ പ്രണാമം ചെയ്യാനായിട്ടാണു് വന്നതു്. നാളെ ഞങ്ങൾ പോകുന്നു."

ശേഖരൻെറ നാവിൽ നിന്നു വാക്കുകളൊന്നും പുറപ്പെട്ടില്ല. അദ്ദേഹം ഏകത്ര ദത്തദൃഷ്ടിയായി ഇരുന്നു.

കാളി തുടന്നു:—"അവിടത്തെ ചരണങ്ങളിൽഞങ്ങൾ അനേകം അപരാധങ്ങൾ ചെയ്തിരിക്കാം. അവയെല്ലാം മറന്നുകളയണം."

ഇതിൽ ഒരു വാക്കുപോലും കാളിയുടെ സ്വന്തമല്ലെന്നു ശേഖരനു മനസ്സിലായി; അദ്ദേഹം ചോദിച്ചു:— "നാളെ നിങ്ങൾ എങ്ങോട്ടു പോകുന്നു?"

"പടിഞ്ഞാറൻ ദിക്കിലേക്കു. അച്ഛനേയുംകൊണ്ടു് ഞങ്ങൾ മുംഗിരിലേക്കുപോകുന്നു. അവിടെയാണു് ഗിരീൻ ബാബുവിൻെറ വീടു്. അച്ഛനു സുഖക്കേടു മാറിയശേഷം ഒരു പക്ഷേ ഞങ്ങൾ തിരിച്ചു വന്നേക്കും. ഇവിടെ താമ

സിച്ചാൽ സുഖക്കേട് ഒരിക്കലും വിട്ടുമാറുകയില്ലെന്നു ഡാക്ടർ പറയുന്നു."

ശേഖരൻ ചോദിച്ചു:—"സുഖക്കേട് ഇപ്പോൾ എങ്ങനെ ഇരിക്കുന്നു?"

"അല്പം ഭേദമുണ്ടു്" എന്നു പറഞ്ഞിട്ടു കാളി ചേലാഞ്ചലത്തിനുള്ളിൽ നിന്നു് ഏതാനും സാരികൾ എടുത്തു കാണിച്ചു കൊണ്ടു പറഞ്ഞു:—"ഇവയൊക്കെ അമ്മ തന്നതാണു്."

ലളിത ഇതേവരെ മിണ്ടാതെ ഇരുന്നു. എണീററു മേശപ്പുറത്തു് ഒരു താക്കോൽ വച്ചിട്ടു പറഞ്ഞു:—"അലമാരിയുടെ താക്കോൽ ഇത്രയും നാളായിട്ടു് എന്റെ പക്കലായിരുന്നു." (ചെറു ചിരിയോടുകൂടി) എന്നാൽ അതിൽ ഉരുപ്പിക ഒന്നുമില്ല. എല്ലാം ചെലവായിപ്പോയ്." ശേഖരൻ മിണ്ടിയില്ല.

കാളിപറഞ്ഞു:—വരു ചേച്ചി! നേരം ഇരുട്ടിത്തുടങ്ങി.

ലളിത വല്ലതും പറയാൻ തുടങ്ങും മുമ്പായിട്ടുതന്നെ ശേഖരൻ പറഞ്ഞു:—"കാളീ! താഴെച്ചെന്നു് അല്പം മുറുക്കാൻ എടുത്തുകൊണ്ടു വരു."

ലളിത അവളുടെ കൈ അമർത്തിക്കൊണ്ടു പറഞ്ഞു: "നീ ഇവിടെ ഇരിക്കു്, കാളി! ഞാൻ എടുത്തുകൊണ്ടു വരാം."

ഇത്രയും പറഞ്ഞിട്ടു് അവൾ വേഗത്തിൽ അവിടെ നിന്നിറങ്ങി. ഒരു ഞൊടിക്കുള്ളിൽ താംബൂലവും ആയി തിരിച്ചുവന്നിട്ടു് അതിനെ കാളിയുടെ കൈയിൽ വച്ചു. കാളി അതിനെ ശേഖരനും കൊടുത്തു.

താംബൂലം കൈയിൽ വാങ്ങീട്ടു് ശേഖരൻ നിസ്തബ്ധനായി ഇരുന്നു പോയി.

ഞാൻ പോകുന്നു ശേഖരചേട്ടാ' എന്നു പറഞ്ഞിട്ടു് കാളി അദ്ദേഹത്തിന്റെ പാദത്തിൽ നമസ്കരിച്ചു. ലളിത നിന്നിടത്തു തന്നെ നിന്നു പ്രണമിച്ചശേഷം രണ്ടുപേരും അവിടെനിന്നു പോയി.

ശേഖരൻ തന്റെ നന്മതിന്മകളേയും ആത്മസമ്മാനത്തേയും വച്ചുംകൊണ്ടു് നിസ്തബ്ദനായി പാണ്ഡുരമുഖത്തോടുകൂടി അവിടെത്തന്നെ ഇരുന്നു. ലളിത ആകട്ടെ, വന്നു പറയാനുണ്ടായിരുന്നതു പറഞ്ഞിട്ടു് എന്നേക്കമായി വിടവാങ്ങി പോകയും ചെയ്തു. അവൾ കാളിയേയും കൂട്ടി കൊണ്ടു വന്നതിന്റെ അൎത്ഥം ശേഖരനു മനസ്സിലായി. ഒരു കാൎയ്യവും പറയാൻ ഇടകൊടുക്കരുതെന്നുള്ള മനഃപൂൎവ്വവിചാരത്തോടുകൂടിയാണു് അവൾ അങ്ങനെ ചെയ്തതു്. അയാളുടെ സൎവ്വശരീരവും എങ്ങനെയെന്നു പറയാൻ പ്രയാസം, മനംമറിച്ചു; തലകറങ്ങി; ഒടുവിൽ അദ്ദേഹംഎണീററു കട്ടിലിൽ ചെന്നു കിടന്നു; കണ്ണടച്ചു്. ഉറക്കവുംതുടങ്ങി

XI

ഗുരുചരണന്റെ ശിഥിലമായ ശരീരം മുംഗീറിലെ കാററും വെള്ളവും ഏററിട്ടും നന്നായില്ല. ഒരു കൊല്ലം കഴിഞ്ഞുകൂടിയശേഷം അദ്ദേഹം തന്റെ സകല ദുഃഖഭാരവും ഇറക്കി വച്ചു് എന്നെന്നേക്കമായി ഇഹലോകവാസം വെടിഞ്ഞു. ഗിരീന്ദ്രൻ വാസ്തവത്തിൽ അദ്ദേഹത്തിനെ സ്നേഹിച്ചിരുന്നു എന്നു മാത്രമല്ല; അവസാനംവരെ യഥാസാദ്ധ്യം അദ്ദേഹത്തിന്റെ സുഖത്തിനുവേണ്ടി പ്രയത്നിക്കയും ചെയ്തു. പക്ഷേ ഫലമൊന്നും ഉണ്ടായില്ല.

മരിക്കുന്നതിനുമുമ്പായി ഗുരുചരണൻ ഗിരീന്ദ്രന്റെ കൈപിടിച്ചുകൊണ്ടു് അശ്രുപൂൎണ്ണമായ കണ്ഠത്തിൽ പറ

ഞ്ഞു:—"നിങ്ങൾ ഇനി ഒരിക്കലും ഈ കുടുംബത്തിന് അന്യനായി ഇരിക്കരുത്. നിങ്ങൾ സ്വയമേവ തുടങ്ങി വച്ച ഈ ഗംഭീരബന്ധുത്വം അത്യന്തം ആത്മീയമായ ഒരു ഭാവമായി പരിവത്തനം ചെയ്യാൻ ഭഗവാൻ കടാക്ഷി ക്കട്ടെ." അദ്ദേഹത്തിൻെറ കണ്ണുകൊണ്ടു് അതു കണ്ടിട്ടു പോകാൻ സാധിച്ചില്ല. രോഗത്തിൻെറ ആധിക്യത്താൽ അതിന്നു് അവസരം ലഭിച്ചില്ല. എന്നാൽ ഗിരീന്ദ്രൻആ സമയത്തു സാനന്ദം സവ്വാന്തഃകരണങ്ങളാലും ചെയ്ത വാഗ്ദാനത്തെ അദ്ദേഹം നിറവേററിയെന്നു പരലോക ത്തിൽ ഇരുന്നുകൊണ്ടു ഗുരുചരണനു കണ്ടാൻ കഴിഞ്ഞി രിക്കണം.

ഗുരുചരണനു കല്ക്കത്തായിലുണ്ടായിരുന്ന ഗൃഹത്തിലെ വാടകക്കാരിൽനിന്നു ഭുവനേശ്വരി ഇടയ്ക്കിടയ്ക്കു. വിവര ങ്ങൾ അറിഞ്ഞുകൊണ്ടിരുന്നു. അദ്ദേഹം മരിച്ചുപോയ വിവരവും അവർ അറിഞ്ഞു.

ഇതിനുശേഷം ഒരു ഭയങ്കരമായ ദുഘ്ടനകൂടി ഉണ്ടാ യി. നവീനറായി പെട്ടെന്നു മരണം പ്രാപിച്ചു ഭുവനേ ശ്വരി സങ്കടസമുദ്രത്തിൽ മുഴകി, സവ്വഗൃഹഭാരവും മൂത്ത വധുവിനെ ഏല്പിച്ചിട്ടു് കാശിക്കു പൊയ്ക്കളഞ്ഞു. പോകു മ്പോൾ അവർ പറഞ്ഞിരുന്നു:—"അടുത്ത വഷ്ത്തിൽ എല്ലാം ശരിയാകുമ്പോൾ ഞാൻവന്നു ശേഖരൻെറ കല്യാ ണം നടത്തിട്ടു പോകാം.

വിവാഹകാര്യമെല്ലാം നവീനറായിതന്നെ തീച്ചപ്പെ ടുത്തി വച്ചിരുന്നു; ഇതേവരെ നടത്താൻ സാധിച്ചി ല്ലെന്നേ ഉള്ളു. ഇപ്പോൾ പെട്ടെന്നു് അദ്ദേഹം മരണം പ്രാപിച്ചതുകൊണ്ടു് ഒരു കൊല്ലത്തേക്കു് ഒരുക്കങ്ങളെല്ലാം നിത്തിവയ്ക്കേണ്ടതായി വന്നുകൂടി കന്യാപക്ഷക്കാക്ക് ഇനി താമസിക്കാൻ തരമില്ലായ്കയാൽ അവർ ഇന്നലെ

വന്ന ശേഖരന് ആശീർവാദം നൽകീട്ടുപോയി. ഈ മാസത്തിൽതന്നെ വിവാഹം നടത്തണം. അതിലേക്കു തന്റെ അമ്മയെ വിളിച്ചുംകൊണ്ടു വരുന്നതിനു ശേഖരൻ ഇന്നു തന്നെ കാശിക്കു പുറപ്പെടുന്നതിനും തയ്യാറായി. അലമാരിയിൽനിന്നു സാമാനങ്ങളെല്ലാം എടുത്തു പെട്ടിയിലാക്കി. എന്നാൽ വളരെ നാളുകൾക്കുശേഷം ഇന്നു വീണ്ടും ലളിതയുടെ ഓർമ്മവന്നു. ആ ജോലി എല്ലാം അവളാണല്ലോ മുമ്പു ചെയ്യാറുണ്ടായിരുന്നതു്.

മൂന്നുവർഷങ്ങളിൽ കൂടുതലായിരിക്കുന്നു; അവരെല്ലാം ഇവിടെനിന്നു പോകയുംചെയ്തു. ഇതിനിടയ്ക്കു് അവരുടെ ഒരു വാർത്തയും അദ്ദേഹത്തിനു ലഭിച്ചിരുന്നില്ല; അതിനായി അദ്ദേഹം ശ്രമിച്ചും ഇല്ല. ഒരുപക്ഷേ അദ്ദേഹത്തിനു് ഇപ്പോൾ അതിനെപ്പററിയുള്ള വ്യാകുലതഎല്ലാം നീങ്ങിയിരിക്കണം ലളിതയുടെ പേരിൽ ക്രമേണ ഏതാണ്ടൊരു ഘൃണയും ഉണ്ടായിത്തുടങ്ങിയിരിക്കാം. എന്നാൽ പെട്ടെന്നു് അവളുടെ കാര്യം ഓർമ്മയിൽ വന്നപ്പോൾ, അവളെപ്പററി എന്തെങ്കിലും സമാചാരം കിട്ടിയാൽ കൊള്ളാമെന്നൊരു മോഹം അദ്ദേഹത്തിന്റെ ഹൃദയത്തിൽ ഉദിച്ചു. "അവർക്കെല്ലാം സുഖമായിരിക്കണം; ഗിരീന്ദ്രന്റെ കൈയിൽ പണമുണ്ടല്ലോ." എന്നുള്ള വിചാരം മനസ്സിൽ സമുദിതമായെങ്കിലും, അയാളുടെ വിവാഹം എന്നുനടന്നു? അയാളോടു് അവളുടെ പെരുമാററമെങ്ങനെ? എന്നൊക്കെ അറിവാനുള്ള മോഹം പിന്നെയും അവശേഷിച്ചു.

ഗുരുചരണന്റെ വീട്ടിൽ വാടകക്കാർ ആരുമില്ലാതായിട്ടു് ഇപ്പോൾ രണ്ടുമാസമായി; വീടു തുറന്നുതന്നെ കിടക്കുന്നു. ചാരുവിന്റെ വീട്ടുകാരോടു ചോദിച്ചാലോ എന്നു ശേഖരൻ ആലോചിച്ചു. എന്തുകൊണ്ടെന്നാൽ അവർക്കു ഗിരീന്ദ്രന്റെ സമാചാരം അറിയാമായിരിക്കുമല്ലോ.

ക്ഷണനേരം പെട്ടി ശരിയായി വയ്ക്കുന്ന ജോലി നിർത്തി വച്ചിട്ട് അദ്ദേഹം ശൂന്യദൃഷ്ട്യാ ജനാലയിൽക്കൂടി വെളിയിലേക്കു നോക്കി ആലോചിച്ചുകൊണ്ടിരുന്നു. ഇതിനിടയ്ക്കു പഴയ മഹരി വന്നിട്ടു പറഞ്ഞു:—"കൊച്ചുബാബു! കാളിയുടെ അമ്മ വിളിക്കുന്നു"

ശേഖരൻമുഖംതിരിച്ചു അത്യന്താശ്ചര്യപൂർവ്വം അവളെ നോക്കിക്കൊണ്ടു പറഞ്ഞു:—"കാളിയുടെ അമ്മയോ?"

ദാസി ഗുരുചരണന്റെ വീട്ടിലേക്കു ചൂണ്ടിക്കാണിച്ചുകൊണ്ടു പറഞ്ഞു:—"നമ്മുടെ കാളിയുടെ അമ്മ!—അവരെല്ലാം ഇന്നലെ രാത്രിയിൽ തിരിച്ചുവന്നു."

"പോവുക—ഞാൻ ഇതാ വരുന്നു" എന്നു പറഞ്ഞിട്ട് അദ്ദേഹം താഴെ ഇറങ്ങി.

പകൽ അവസാനിക്കാറായി. ശേഖരൻ വീട്ടിനുള്ളിൽ പ്രവേശിച്ചമാത്രയിൽ ആ വീട്ടുകാർ മാറത്തിടിച്ചു നിലവിളിക്കുന്ന ശബ്ദം കേൾക്കുമാറായി. വിധവാവേഷധാരിണിയായ ഗുരുചരണപത്നിയുടെ അടുക്കൽചെന്നു് നിലത്തുതന്നെ ഇരുന്നിട്ട് അദ്ദേഹം ധോത്തിയുടെ അഗ്രത്താൽ കണ്ണു തുടച്ചുതുടങ്ങി. ഗുരുചരണന്റെ മരണത്താൽ മാത്രമല്ല—തന്റെ പിതാവിന്റെ മൃത്യുനിമിത്തമുണ്ടായ ശോകത്താലും അദ്ദേഹം അഭിഭൂതനായി.

സന്ധ്യയ്ക്കുശേഷം ലളിത വന്നു വിളക്കു കത്തിച്ചു. കഴുത്തിൽ ചേലാഞ്ചലം ഇട്ടുകൊണ്ടു് അവൾ ദൂരത്തു നിന്നുതന്നെ ശേഖരനെ പ്രണമിച്ചു. അനന്തരം കുറേ നേരം അവിടെ നിന്നതിനുശേഷം അവിടെനിന്നു പൊയ്ക്കളഞ്ഞു.

ശേഖരനു പതിനേഴവയസ്സായ പരസ്ത്രീയുടെ മുഖത്തു നോക്കാനോ അവളോടു സംഭാഷണം ചെയ്യാനോ കഴിഞ്ഞില്ല; എന്നാലും അവൾ മുമ്പിലത്തേക്കാൾ വളർ

വെന്നും പൂർവ്വാധികം ക്ഷീണിച്ചുപോയിരിക്കുന്നു എന്നും കടക്കണ്ണുകൊണ്ടു നോക്കി മനസ്സിലാക്കി.

വളരെ കാൎച്ചിലും മുറവിളിയും കഴിഞ്ഞതിനുശേഷം ഗുരുചരണന്റെ വിധവ എന്തൊക്കെയോ പറഞ്ഞു. "അവർ ആ വീട്ട് വിററുംവച്ചു മുംഗേറിൽ ഉള്ള തന്റെ ജാമാതാവിന്റെ ഗൃഹത്തിൽ പാൎക്കാൻ നിശ്ചയിച്ചിരിക്കെയാണു്. അതാണ് അദ്ദേഹത്തിന്റെ ഇഷ്ടം. ശേഖരന്റെ പിതാവിനും ആ വീട്ട് വാങ്ങിയാൽ കൊള്ളാമെന്നു് ആഗ്രഹമുണ്ടായിരുന്നല്ലോ. ഇപ്പോൾ ശേഖരൻതന്നെ അതിനെ ശരിയായ വിലയ്ക്കുവാങ്ങി സ്വന്ത വീട്ടിനോടു ചേൎത്താൽ നന്നായിരിക്കും. അവൎക്കും അതുകൊണ്ടു സന്തോഷമേ ഉണ്ടാവുകയുള്ളൂ. എന്തുകൊണ്ടെന്നാൽ ഭാവിയിൽ വല്ലപ്പോഴും ഇങ്ങോട്ടു വരേണ്ടതായി വന്നാൽ ഒന്നു രണ്ടു ദിവസം അവൎക്ക് അതിൽ പാൎത്തിട്ടുപോകാമല്ലോ. വേറെ ആരെങ്കിലും വിലയ്ക്കു വാങ്ങുന്നപക്ഷം അതിനു സാധിക്കാതെവരും. ആയതുകൊണ്ടാണു് ഇങ്ങനെ പറയുന്നതു്." ഇതായിരുന്നു അവർപറഞ്ഞതിന്റെ സാരാംശം.

അമ്മയോടു ചോദിച്ചിട്ട് അതിനുവേണ്ടി യഥാസാധ്യം ശ്രമിക്കാമെന്നു ശേഖരൻ മറുപടിയും പറഞ്ഞു അതിനു ശേഷം അവർ കണ്ണുനീർതുടച്ചുംകൊണ്ടു ചോദിച്ചു:—

"ചേച്ചി ഇതിനിടയ്ക്കു് ഇങ്ങോട്ടെങ്ങും വരികയില്ലേ? ശേഖരാ."

"ഇന്നു രാത്രിതന്നെ അവരെ വിളിച്ചുകൊണ്ടുവരാനായി താൻ പുറപ്പെടുന്നു" എന്നു ശേഖരൻ മറുപടിപറഞ്ഞു. അനന്തരം ഓരോ സമാചാരങ്ങളെപ്പററി അവർ ചോദിച്ചു: "ശേഖരന്റെ വിവാഹംഎന്നാണു്? എവിടെയാണ് പട്ടണപ്രവേശം? എത്രആയിരം ഉറുപ്പികയാണു് സ്ത്രീധനം? ആഭരണങ്ങൾ എത്ര? ചേട്ടൻ എങ്ങനെ മരിച്ചു? ചേച്ചി എന്തുചെയ്തു?" ഇത്യാദി.

ശേഖരൻ അവിടെനിന്നു തിരിച്ചപ്പോഠം, ചന്ദ്രിക സവ്വത്ര വ്യാപിച്ചുകഴിഞ്ഞു. ഈ സമയത്തു ഗിരീന്ദ്രൻ മുകളിൽനിന്നിറങ്ങി തൻെറ സഹോദരിയുടെ ഗൃഹത്തിലേക്കു പോകാൻ ഭാവിച്ചു. ഗുരുചരണവിധവ അയാളെ കണ്ടിട്ടു് ശേഖരനോടു പറഞ്ഞു:—"എൻെറ മരുമകനോടു സംസാരിച്ചിട്ടില്ലേ ശേഖര? ഇത്ര നല്ല ഒരു പയ്യൻ ഈ ലോകത്തിൽ ദുർല്ലഭമാണു്"

ശേഖരൻ പറഞ്ഞു:—ഈ സംഗതിയിൽ എനിക്കു തെല്ലുപോലും സംശയമില്ല. ഞങ്ങഠം തമ്മിൽ സംസാരിച്ചിട്ടുമുണ്ടു്." ഇത്രയും പറഞ്ഞിട്ടു് അദ്ദേഹം വേഗത്തിൽ വെളിയിലേക്കു പോന്നു. എന്നാൽ വെളിയിലത്തെ മുറിയിൽ വന്നപ്പോഴേക്കും പെട്ടെന്നു നിന്നുപോയി!

ഇരുട്ടത്തു വാതലിൻെറ മറവിൽ ലളിതയും നിന്നിരുന്നു അവഠം പറഞ്ഞു:—"അമ്മയെ ഇന്നുതന്നെ വിളിച്ചുകൊണ്ടുവരുന്നോ?"

"ഉവ്വ്."

"അവർ വളരെ പരിഭ്രമിച്ചുപോയോ?"

"അതേ—വെറും ഭ്രാന്തിയെപ്പോലെ ആയി"

"അവിടുത്തെ ശരീരസ്ഥിതി?"

"എനിക്കു സുഖക്കേടൊന്നുമില്ല" എന്നു പറഞ്ഞിട്ടു് ശേഖരൻ വേഗത്തിൽ അവിടെനിന്നു പോയി.

വെളിയിൽ ഇറങ്ങിയപ്പൊഴെക്കും അദ്ദേഹത്തിൻെറ ശരീരം ആപാദചൂഡം ലജ്ജയാലും ഘൃണയാലും കമ്പിതമായി. ലളിതയുടെ അടുക്കൽ ക്ഷണമാത്രം നിന്നതുകൊണ്ടു തൻെറ ശരീരം അപവിത്രമായിത്തീന്നതുപോലെ അയാഠംക്കു തോന്നി. വീട്ടിൽചെന്നു് ഒരുവിധത്തിൽ പെട്ടിയെല്ലാം നിറച്ചിട്ടു് അതിനെ പൂട്ടിവെച്ചു. വണ്ടിക്കു്

ഇനിയും താമസമുണ്ടെന്നു കാണുകയാൽ അദ്ദേഹം കട്ടിലിൽചെന്നു കിടന്നു. ലളിതയുടെ വിഷാക്തമായ സ്മൃതിയെ ഭസ്മസാല്ക്കരിക്കുന്നുണ്ടെന്നുള്ള പ്രതിജ്ഞയോടുകൂടി അദ്ദേഹം തന്റെ ഹൃദയത്തിലെ രന്ധ്രങ്ങൾതോറും ഘൃണാദാവാനലനെ ഉജ്ജ്വലിപ്പിക്കാൻ ശ്രമിച്ചു; ആ ജ്വാലയുടെയാതനയ്ക്കിടയിൽ അകഥ്യമായ വാക്കുകളെക്കൊണ്ടു് അദ്ദേഹം അവളെ മനസാ തിരസ്കരിച്ചു. അവൾ ഒരു കുലടയാണെന്നുകൂടി പറവാൻ മടിച്ചില്ല. കുട്ടിയുടെ വിവാഹം ആനന്ദത്തിനുള്ള അവസരത്തിലല്ലായിരുന്നതിനാലാണു് വിശേഷിച്ചു ആരെയും അറിപ്പിക്കാതിരുന്നതെന്നും എല്ലാവക്കും കത്തയക്കണമെന്നു ലളിത പറയാതിരുന്നില്ലെന്നും ഗുരുചരണവിധവ അദ്ദേഹത്തിനോടാണല്ലോ പറഞ്ഞതു്. ലളിതയുടെ ഈ മൌർഖ്യം അഥവാ ധിക്കാരം കുറേ കടന്നുപോയില്ലേ?

XII

ശേഖരൻ അമ്മയേയുംകൊണ്ടു തിരിച്ചുവന്നപ്പോൾ വിവാഹത്തിനു പത്തുപന്ത്രണ്ടു ദിവസമേ ശേഷിച്ചിരുന്നുള്ളു.

മൂന്നാലുദിവസങ്ങൾകഴിഞ്ഞു് ഒരു ദിവസംരാവിലെ ലളിത ശേഖരന്റെ അമ്മയുടെ അടുക്കൽ ഇരുന്നു് ഒരു കുട്ടയിൽ എന്തൊ ഒരുക്കിവച്ചുകൊണ്ടിരുന്നു. അതറിയാതെ ഏതോ കാൎയ്യവശാൽ 'അമ്മേ, എന്നു വിളിച്ചുകൊണ്ടു് അകത്തുകടന്ന ശേഖരൻ പെട്ടെന്നു സ്തംഭിച്ചു നിന്നുപോയി. ലളിത മുഖം താഴ്ത്തിക്കൊണ്ടു ജോലിചെയ്യാനും തുടങ്ങി. "എന്താണു് മകനേ?" എന്നു അമ്മ ചോദിച്ചു. ഇതിന്നിടയ്ക്കു് പറവാൻവന്ന കാൎയ്യം ശേഖരൻ

മറന്നുകഴിഞ്ഞു. അതിനാൽ "ഒന്നുമില്ല—പിന്നെപ്പറയാം" എന്നു പറഞ്ഞുകൊണ്ടു് അദ്ദേഹം അവിടെനിന്നു പോന്നു. ലളിതയുടെ മുഖം അദ്ദേഹം കണ്ടില്ല; എന്നാൽ രണ്ടു കൈകളും ദൃഷ്ടിയിൽപെട്ടു. കൈകൾ നന്നേ ശോഷിച്ചിരുന്നു; ഒന്നുരണ്ടു കുപ്പിവളകൾമാത്രം അണിഞ്ഞിട്ടുണ്ടു്. അല്ലാതൊന്നുമില്ല. ശേഖരൻ മനസാ ക്രുദ്ധനായിട്ടു ചിന്തിക്കാൻതുടങ്ങി—"ഇതും ഒരുമാതിരി കപടസൂത്രമായിരിക്കും" ഗിരീന്ദ്രൻ നല്ല പണക്കാരനല്ലേ? അതുകൊണ്ടു് അയാളുടെ പത്നിയുടെ കൈയിൽ സ്വർണ്ണാഭരണങ്ങൾ ഇല്ലാതെവരാൻ യാതൊരുകാരണവും അദ്ദേഹം നോക്കീട്ടു കണ്ടില്ല. അന്നു വൈകുന്നേരം പെട്ടിയുംകൊണ്ടു അദ്ദേഹം കീഴ്പോട്ടു് ഇറങ്ങിയ അവസരത്തിൽ ലളിത കോണിപ്പടിയിൽകൂടി മേല്പോട്ടു കയറിച്ചെന്നു. എന്നാൽ ശേഖരന്റെ അടുത്തെത്തിയപ്പോഴേക്കും സങ്കോചത്താൽ അഭിഭൂതയാവുകയാൽ മൃദുലസ്വരത്തിൽപറഞ്ഞു:—

"എനിക്കു ഒരുകാര്യം പറയാനുണ്ടു്."

ശേഖരൻ ക്ഷണനേരം അനങ്ങാതെ ഇരുന്നിട്ടു വിസ്മയപൂർവ്വം ചോദിച്ചു:—"ആരോടു്? എന്നോടോ?"

ലളിത പൂർവ്വവൽ മൃദുകണ്ഠത്തിൽ പറഞ്ഞു:— "അതേ!"

"എന്നോടു നിങ്ങൾക്കു് എന്തു പറയാനിരിക്കുന്നു?" എന്നു പറഞ്ഞിട്ടു് അദ്ദേഹം പൂർവ്വാധികം വേഗത്തിൽ കീഴ്പോട്ടേയ്ക്കു ഇറങ്ങിപ്പോയി.

ലളിത അവിടെത്തന്നെ കുറേനേരം സ്തംഭിച്ചു നിന്നശേഷം നെടുവീർപ്പു വിട്ടുംകൊണ്ടു മന്ദമന്ദം നടന്നു.

അടുത്തദിവസം ശേഖരൻ തന്റെ വെളിയിലത്തെ മുറിയിൽഇരുന്നു അന്നത്തെ വർത്തമാനപത്രം വായിക്കയായിരുന്നു. തത്സമയം ഗിരീന്ദ്രൻ തന്റെ മുറിയിലേക്കുകടന്നു

വരുന്നതു കണ്ടു് അദ്ദേഹം വിസ്മയിച്ചു. ഗിരീന്ദ്രൻ നമസ്കരിച്ചിട്ടു് ഒരു കസാല നീക്കി അതിൽ ഇരുന്നു. ശേഖരൻ പ്രതിനമസ്കാരം ചെയ്തശേഷം വർത്തമാനക്കടലാസു് ഒരു വശത്തു വച്ചുംകൊണ്ടു ജിജ്ഞാസാദൃഷ്ട്യാ അദ്ദേഹത്തിനെ നോക്കിക്കൊണ്ടിരുന്നു. രണ്ടുപേരും തമ്മിൽ കണ്ടു പരിചയം ഉണ്ടു്; പക്ഷെ പരസ്പരം സംസാരിച്ചിട്ടില്ല. അതിനു ഇതേവരെ ഇരുക്കൂട്ടരും ആഗ്രഹം പ്രകടിപ്പിക്കയും ഉണ്ടായിട്ടില്ല.

ഗിരീന്ദ്രൻ സംഭാഷണം ആരംഭിച്ചു. "ഒരു അത്യാവശ്യകാര്യം സംബന്ധിച്ചു നിങ്ങളെ ഉപദ്രവിക്കേണ്ടിവന്നു. എന്റെ അമ്മായിഅമ്മയുടെ അഭിപ്രായം നിങ്ങൾ കേട്ടിരിക്കുമല്ലോ. അവരുടെ വീടും പുരയിടവും നിങ്ങൾക്കു വിററാൽ കൊള്ളാമെന്നാണു് അവരുടെ ആഗ്രഹം. ആ സംഗതിയിൽ വല്ല ഒതുക്കവുമുണ്ടായാൽ ഈ മാസത്തിൽ തന്നെ മുംഗേറിലേക്കു പോകാം. അതു ചോദിച്ചറിയാനായി അവർ എന്നെ അയച്ചിരിക്കയാണു്."

ഗിരീന്ദ്രനെ കണ്ടപ്പോൾതന്നെ ശേഖരന്റെ ഹൃദയത്തിനുള്ളിൽ ഒരുകൊടുംകാററും പിശറും ഒക്കെ ആരംഭിച്ചുകഴിഞ്ഞു. അയാളുടെ വാക്കുകൾ അദ്ദേഹത്തിനു രസിച്ചതേ ഇല്ല. അതിനാൽ അപ്രസന്നമുഖത്തോടുകൂടി മറുപടി പറഞ്ഞു: —"അതു ശരി തന്നെ. എന്നാൽ അച്ഛൻ മരിച്ചുപോയതിനാൽ ഇനി ചേട്ടനാണു് ഗൃഹനായകൻ അദ്ദേഹത്തിനോടാണു ചോദിക്കേണ്ടതു്."

ഗിരീന്ദ്രൻ പുഞ്ചിരിതൂകിക്കൊണ്ടു പറഞ്ഞു:—"അതു ഞങ്ങൾക്കെല്ലാം അറിയാം. അദ്ദേഹത്തിനോടു നിങ്ങൾ തന്നെ പറഞ്ഞാൽ കൊള്ളാം."

"നിങ്ങൾതന്നെ പറയുക. അവരുടെഒക്കെ അഭിഭാവകൻ ഇപ്പോൾ നിങ്ങളാണല്ലോ."

"ഞാൻ പറയേണ്ടത്ത്യാവശ്യമുണ്ടെങ്കിൽ ഞാൻതന്നെ പറയാം. പക്ഷേ നിങ്ങഠം വിചാരിച്ചാൽ നിഷ്പ്രയാസം സാധിക്കുമെന്നു് ഇന്നലെ സഹോദരി പറഞ്ഞതുകൊണ്ടു ഞാൻ വന്നുവെന്നേയുള്ളൂ."

ശേഖരൻ ഇതേവരെ വലിയ തലയിണയിൽ ചാരി ഇരിക്കയായിരുന്നു. ഇപ്പോഠം നിവൎന്നിട്ടു "ആരുപറഞ്ഞു" എന്നു ചോദിച്ചു.

"സഹോദരി—ലളിതാദേവി—"

ശേഖരൻ ആശ്ചൎയ്യത്താൽ ഹതബുദ്ധിയായിത്തീൎന്നു പോയി. ഇതേവരെ ഗിരീന്ദ്രൻ എന്തെല്ലാം പറഞ്ഞിരുന്നോ-അതിൽ ഒരു വാക്കുപോലും അദ്ദേഹത്തിന്റെ ശ്രവണപുടത്തിൽ പതിഞ്ഞിരുന്നില്ല. കുറേനേരം വിഹ്വല ദൃഷ്ട്യാ ഗിരീന്ദ്രനെ നോക്കിക്കൊണ്ടിരുന്നിട്ടു് അദ്ദേഹം പെട്ടെന്നു ചോദിച്ചു:—"ഗിരീന്ദ്രാ! എനിക്കു മാപ്പുതരണം! ലളിതയെയല്ലേ നിങ്ങഠം വിവാഹം കഴിച്ചതു്.?"

ഗിരീന്ദ്രൻ നാവുകടിച്ചുകൊണ്ടു പറഞ്ഞു:—"അല്ല! അല്ല. അവരുടെ വീട്ടിലുള്ള എല്ലാരേയും നിങ്ങഠം അറിയുമല്ലോ! കാളിയെയാണു് ഞാൻ കല്യാണം കഴിച്ചതു്."

"അങ്ങനെ അല്ലായിരുന്നല്ലോ ഉദ്ദേശിച്ചിരുന്നതു്."

ഗിരീന്ദ്രൻ ലളിതയുടെ മുഖത്തുനിന്നു വാസ്തവമെല്ലാം അറിഞ്ഞിരുന്നു അദ്ദേഹം പറഞ്ഞു:—"അല്ല—അതു വാസ്തവംതന്നെ ഗുരുചരണബാബു മരിക്കുന്ന അവസരത്തിൽ എന്നോടു മറെറാരേടത്തുനിന്നും കല്യാണം കഴിക്കരുതെന്നു് ആജ്ഞാപിച്ചിരുന്നു ഞാൻ വാഗ്ദാനവുംചെയ്തുപോയി: എന്നാൽ അദ്ദേഹത്തിന്റെ മരണശേഷം സഹോദരിതന്നെ എന്നോടു കാൎയ്യങ്ങഠം എല്ലാം തുറന്നു പറഞ്ഞു. അവരുടെ വിവാഹം നേരത്തെ നടന്നുകഴിഞ്ഞുവെന്നും പതി ഇപ്പോഴും ജീവിച്ചിരിപ്പുണ്ടെന്നും ഇൗ

വസ്തുത മററാരും ഗ്രഹിച്ചിട്ടില്ലെന്നും അവർ പറഞ്ഞതിനെ ഞാൻ വിശ്വസിച്ചു. മററാരും ഈ വാക്ക വിശ്വസിക്കയില്ലായിരിക്കാം. എന്നാൽ എനിക്ക് അവർ പറയുന്ന ഒരു വാക്കും അവിശ്വസിക്കാൻ സാധിക്കയില്ല. സ്ത്രീകൾക്ക് ഒരിക്കൽ കല്യാണം കഴിഞ്ഞാൽ പിന്നെ രണ്ടാം വിവാഹം സാധുവല്ലല്ലോ. അല്ല ഇതെന്താണ്?........."

ശേഖരൻെറ രണ്ടു കണ്ണുകളിലും ബാഷ്പം നിറഞ്ഞു; ഗിരീന്ദ്രൻെറ മുമ്പിൽവച്ചുതന്നെ അതിൻെറ ധാര പ്രവഹിച്ചുതുടങ്ങി. ഒരു പുരുഷൻെറ മുമ്പിൽവച്ചു മറെറാരു പുരുഷൻ ഇങ്ങനെ തൻെറ മനോദൌർബല്യത്തെ പ്രകടിപ്പിക്കുന്നതു് ലജ്ജാവഹമാണെന്നുപോലും അദ്ദേഹം ഓർത്തില്ല.

ഗിരീന്ദ്രൻ മിണ്ടാതെ അദ്ദേഹത്തിനെ നോക്കിക്കൊണ്ടിരുന്നു. അയാൾക്ക മുമ്പുതന്നെ സന്ദേഹമുണ്ടായിരുന്നു. ലളിതയുടെ പതി ആരെന്നു് ഇന്നു് അയാൾക്ക മനസ്സിലായി. ശേഖരൻകണ്ണീർതുടച്ചിട്ടു് നിറഞ്ഞ കണ്ഠത്തിൽ പറഞ്ഞു:—"എന്നാൽ നിങ്ങൾ ലളിതയെ അല്ലേ സ്നേഹിച്ചിരുന്നതു്?"

ഗിരീന്ദ്രൻെറ മുഖത്തു പ്രച്ഛന്നവേദനയുടെ ഗംഭീരച്ഛായ വ്യാപിച്ചു; എന്നാൽ ഉത്തരക്ഷണത്തിൽ അദ്ദേഹം പുഞ്ചിരിതൂകാൻ തുടങ്ങി. മന്ദം മന്ദം പറഞ്ഞു:—ഈ ചോദ്യത്തിനു മറുപടി പറയുന്നതു് അനാവശ്യമാണു്. അതിനും പുറമേ എത്രയൊക്കെ പ്രേമമുണ്ടായിരുന്നാലും അറിഞ്ഞുംകൊണ്ടു് വിവാഹിതയായ ഒരു സ്ത്രീയെ ആരെങ്കിലും കല്യാണംകഴിക്കുമോ? വിശേഷിച്ചും വലിയവരെ സംബന്ധിച്ചു് എനിക്കു് ഈ മാതിരി ചച്ച ഇഷ്ടമല്ല." അതിനുശേഷം അദ്ദേഹം പുഞ്ചിരിതൂകിക്കൊണ്ടു എണീററിട്ടുപറഞ്ഞു:—"ഞാൻ ഇപ്പോൾ പോകുന്നു. മറെറാരവസരത്തിൽ കാണാം."

അദ്ദേഹം നമസ്കരിച്ചിട്ട് അവിടെനിന്നു നിഷ്ക്രമിച്ചു.

ഗിരീന്ദ്രനോട് ശേഖരന് ആദ്യംമുതല്ക്കേ വിദ്വേഷമുണ്ടായിരുന്നു. ഈയിടയ്ക്ക് ആ വിദ്വേഷം ഘോരഘൃണയായി രൂപാന്തരപ്പെടുകയും ചെയ്തു. എന്നാൽ ഇന്നാകട്ടെ, അയാൾ അവിടെനിന്നു പോയ ഉടനേതന്നെ, അദ്ദേഹം എണീററ് ആ ബ്രാഹ്മയുവാവു നിന്നിരുന്ന തറയെ ശിരസ്സുകൊണ്ടു പല കുറി സ്പൃശിച്ചു. ഒരു മനുഷ്യന് ആരുമാരും അറിയാതെ ഇത്ര വലുതായ ഒരു സ്വാർത്ഥത്യാഗം ചെയ്യാൻ കഴിയുമെന്നും അതികഠിനവും സുദുഷ്കരവുമായ ഒരു വാഗ്ദാനത്തെ ഇങ്ങനെ പ്രസന്നഭാവത്തിൽ നിറവേററാൻ ഒരുവനു സാധിക്കുമെന്നും ശേഖരൻ ഇന്ന് ഇദം പ്രഥമമായിട്ടാണ് കണ്ടതു്.

ഉച്ചതിരിഞ്ഞു ഭുവനേശ്വരി തൻെറ മുറിയിൽ നിലത്തുള്ള കമ്പിളിയിൽതന്നെ ഇരുന്നുകൊണ്ടു ലളിതയുടെ സഹായത്തോടുകൂടി പുതിയ വസ്ത്രങ്ങളുടെ കൂമ്പാരത്തെ ഒതുക്കിവച്ചുകൊണ്ടിരുന്നു. ശേഖരൻ ഉള്ളിലേക്കു കടന്നു ചെന്ന് അമ്മ ഇരുന്ന വിരിപ്പിൽതന്നെ ഉപവേശിച്ചു. ഇന്ന് അദ്ദേഹം ലളിതയെക്കണ്ടിട്ടും അവിടെനിന്നു ഓടിക്കളഞ്ഞില്ല. അമ്മ അദ്ദേഹത്തിനെക്കണ്ടു്:—"എന്താണു മകനെ?" എന്നു ചോദിച്ചു.

ശേഖരൻ മറുപടി ഒന്നും പറഞ്ഞില്ല. മിണ്ടാതെ വസ്ത്രങ്ങളുടെ കൂമ്പാരത്തെ നോക്കിക്കൊണ്ടിരുന്നു. അല്പ നേരം കഴിഞ്ഞു ചോദിച്ചു: "ഇതൊക്കെ എന്താണമ്മേ?"

"കോടിമുണ്ടുകൾ ആർക്കെല്ലാം കൊടുക്കണമെന്നുനോക്കി എണ്ണിവയ്ക്കുകയാണ്. ഇതു മതിയാകുമെന്നുതോന്നുന്നില്ല—അല്ലേ മകളേ?

ലളിത തലകുലുക്കി.

ശേഖരൻ ചിരിച്ചുകൊണ്ടുപറഞ്ഞു:—"ഞാൻ കല്യാണംകഴിക്കുന്നില്ലെങ്കിലോ?"

ഭുവനേശ്വരി ചിരിച്ചു. "നീ കല്യാണംകഴിക്കുമേ. എന്റെ മകനു അതിനുതക്ക കുറവൊന്നുംവന്നിട്ടില്ലല്ലോ"

ശേഖരൻ ചിരിച്ചുകൊണ്ടു പറഞ്ഞു:—"അമ്മേ! പക്ഷേ അങ്ങനെതന്നെ വരുന്നകും."

അമ്മ ഗംഭീരസ്വരത്തിൽ, "നീ എന്തൊക്കെയാണു് പറഞ്ഞുകൊണ്ടിരിക്കുന്നതു്? ഈ മാതിരി അശുഭവാക്കുകളൊന്നും നാവിന്മേൽ ഉദിക്കരുതു്."

ശേഖരൻ:—"ഇത്രയുംനാൾ നാവിൽ ഉദിച്ചില്ല—ഇനി പറയാതിരുന്നാൽ മഹാപാതകമാണമ്മേ!"

ഭുവനേശ്വരിക്കു കാരണമൊന്നും മനസ്സിലായില്ല. ശങ്കിതഭാവത്തോടുകൂടി അവർ മകന്റെ മുഖത്തേക്കു നോക്കി.

ശേഖര:—"അമ്മ ഈ മകന്റെ അനേകം അപരാധങ്ങൾ ക്ഷമിച്ചുകൊണ്ടേ ഇരിക്കുന്നു; ഈ ഒരു അപരാധത്തിനുകൂടി മാപ്പുതരണം: വാസ്തവത്തിൽ ഞാൻ ഈ വിവാഹം നടത്താൻ ശക്തനല്ല."

പുത്രന്റെ വാക്കും മുഖഭാവവുംകണ്ടിട്ടു ഭുവനേശ്വരി വാസ്തവത്തിൽ ഉദ്വിഗ്നയായി; എന്നാൽ ആ ഭാവത്തെ അടക്കിക്കൊണ്ടു പറഞ്ഞു:—"ശരി—വേണ്ട! നടത്തേണ്ട· നീ പോ ഇവിടെനിന്നു്: എന്നെ വിഷമിപ്പിക്കാതിരി: ശേഖര! എനിക്കു ജോലിത്തിരക്കുണ്ടു."

"ശേഖരൻ വളരെ പണിപ്പെട്ടിട്ടും ചിരിക്കാൻസാധിക്കായ്കയാൽ ശുഷ്കസ്വരത്തിൽ പറഞ്ഞു:—

"അങ്ങനെ അല്ല—അമ്മേ! ഞാൻ സത്യമാണു പറയുന്നതു്—ഈ വിവാഹം സാദ്ധ്യമല്ല:"

"എന്തുകൊണ്ടു്?—ഇതു കുട്ടിക്കളിയാണോ?"

"കുട്ടിക്കളിയല്ല. അതുകൊണ്ടുതന്നെയാണു് ഞാൻ പറയുന്നതു്."

ഭുവനേശ്വരി അത്യന്തം സംഭീതയായി: അവർ കോപപൂർവ്വം പറഞ്ഞു:—"എന്തുപററി? എന്നോടുപറയുക. ഞാൻകൂടി അറിയട്ടെ. ഈ മാതിരി കിറുക്കുകളൊന്നും എനിക്കു പിടിക്കുന്നില്ല കേട്ടോ."

ശേഖരൻ മൃദുകണ്ഠത്തിൽ പറഞ്ഞു:—"ഇന്നി ഒരവസരത്തിൽ പറയാം: അമ്മ! ഇന്നിഒരുദിവസം പറയാം."

"ഇന്നി ഒരിക്കലോ?" അവർ മുണ്ടുകളെ ഒരിടത്തേക്കു തള്ളിമാററിയിട്ടു പറഞ്ഞു:—"എന്നാൽ നീ ഇന്നുതന്നെ എന്നെ കാശിയിലേക്കു അയയ്ക്കു്; ഈ മാതിരി ഗൃഹത്തിൽ ഒരു രാത്രിപോലും എനിക്കു ജീവിക്കാൻ സാദ്ധ്യമല്ല."

ശേഖരൻ തലതാഴ്ത്തിക്കൊണ്ടു് ഇരുന്നു. ഭുവനേശ്വരി പൂർവ്വാധികം അസ്ഥിരയായിട്ടു പറഞ്ഞുതുടങ്ങി:—"ലളിതയും എന്നോടുകൂടിവരുന്നു. നോക്കട്ടെ—ഇവൾക്കുവേണ്ടി വല്ലതും ബന്തോവസ്തുചെയ്യാമോ എന്നു നോക്കട്ടെ."

ഇപ്പോൾ ശേഖരൻ തലപൊക്കി. അദ്ദേഹം ചിരിച്ചുകൊണ്ടുപറഞ്ഞു:—"അവളെ കൂട്ടിക്കൊണ്ടു പോകുക. അവളെസംബന്ധിച്ച ബന്ദോവസ്തുക്കൾ അമ്മയല്ലാതെ ആരുചെയ്യും? അമ്മയുടെ ആജ്ഞയേക്കാൾ വലുതായിട്ടു് അവൾക്കു മറെറന്താണുള്ളതു്?"

മകൻെറ മുഖത്തുഹാസരുചി പരന്നതുകണ്ടു് അല്പം അശാന്തയായിത്തീരുകയാൽ അവർ ലളിതയുടെ നേക്കു തിരിഞ്ഞിട്ടുപറഞ്ഞു:—"കേൾക്കു മകളേ! ഇവൻെറ വാക്കു കേൾക്കു. എനിക്കു ഇഷ്ടമുള്ളദിക്കിൽ നിന്നെ കൊണ്ടു

പോകാമെന്നാണ് അവൻ മനസ്സിലാക്കിയിരിക്കുന്നതു്. നിൻെറ അമ്മായിയോടു് ചോദിക്കപോലും വേണ്ടത്രെ."

ലളിത മറുപടി ഒന്നും പറഞ്ഞില്ല. ശേഖരൻെറ വാക്കുകളുടെ മട്ടുകണ്ടിട്ടു് അവരം അത്യന്തം സങ്കുചിതയായി ഭവിച്ചു.

ശേഖരൻ ഒടുവിൽതുറന്നുതന്നെ പറഞ്ഞു:—"അവരോടു ചോദിക്കണമെങ്കിൽ ചോദിച്ചുകൊള്ളുക. അതു് അമ്മയുടെ ഇഷ്ടം! എന്നാൽ അമ്മ പറയുമ്പോലെതന്നെ കാര്യം നടക്കും. അതു് എനിക്കു് അറിയാം. ഇതു നിങ്ങളുടെ മരുമകളാണമ്മെ!" ഇത്രയും പറഞ്ഞിട്ടു ശേഖരൻ തലകുനിച്ചു നില്പായി.

ഭുവനേശ്വരി ആശ്ചര്യത്താൽ സ്തംഭിച്ചു പോയി. അമ്മയുടെ മുമ്പിൽവച്ചോ മകൻെറ ഈ മാതിരി പരിഹാസോക്തി? അദ്ദേഹത്തിൻെറ മുഖത്തേക്കു നോക്കിക്കൊണ്ടു് അവർ പറഞ്ഞു:—"എന്തുപറഞ്ഞു? ഇവരം എൻെറ ആരു്?"

ശേഖരൻ മുഖം ഉയർത്താതെതന്നെ മറുപടി പറഞ്ഞു:—"ഞാൻ പറഞ്ഞില്ലേ? ഇന്നല്ല—നാലു വർഷങ്ങരം കുമുമ്പേ നടന്നതാണു്. വാസ്തവത്തിൽ നിങ്ങരം അവളുടെ അമ്മതന്നെ. എനിക്കു് ഇപ്പോരം പറയാൻ സാധിക്കയില്ല. അവളോടു ചോദിക്കൂ, അവരം പറയും" എന്നു പറഞ്ഞിട്ടു് അദ്ദേഹം ലളിതയുടെനേർക്കു് ഒന്നു നോക്കിയപ്പോരം അവരം അഞ്ചലത്തെ ഗളത്തിൽ വലിച്ചിട്ടിട്ടു് അമ്മയെ പ്രണമിക്കാൻ ഭാവിക്കുന്നതായി കണ്ടു. അദ്ദേഹവും ഉടനെ എണീററു് അവളുടെ പാർശ്വത്തിൽ നിലകൊണ്ടു. രണ്ടുപേരും ചേന്നു് അമ്മയുടെ പാദങ്ങളിൽ ശിരസ്സുവച്ചു പ്രണമിച്ചു. അതിനുശേഷം ശേഖരൻ ഒന്നും പറയാതെ അവിടെനിന്നു് ഇറങ്ങിപ്പൊയ്ക്കളഞ്ഞു.

ഭുവനേശ്വരിയുടെ ഇരുനേത്രങ്ങളിൽനിന്നും ആനന്ദാശ്രുപ്രവഹിച്ചു. അവക്കു ലളിതയോടു പരമാത്ഥത്തിൽ വലുതായ വാത്സല്യമുണ്ടായിരുന്നു. അവർ പെട്ടിതുറന്നു് തന്റെ ആഭരണങ്ങളെല്ലാം വെളിയിൽ എടുത്തുകൊണ്ടു വന്നിട്ടു് അവളെ അണിയിച്ചുതുടങ്ങി. അതിന്നിടയ്ക്കു് ഉണ്ടായ സംഭവങ്ങളെ ഓരോന്നായി ചോദിച്ചറികയും ചെയ്തു. എല്ലാം കേട്ടുതീന്നപ്പോൾ, അവർ പറഞ്ഞു:— "ഇതുകൊണ്ടായിരിക്കാം ഗിരീന്ദ്രൻ കാളിയെ കല്യാണം കഴിച്ചതു് അല്ലേ?"

ലളിത പറഞ്ഞു:—"അതേ അമ്മേ; അതുകൊണ്ടു തന്നെ. ഗിരീൻബാബുവിനെപ്പോലുള്ള ആളുകൾ ഈ ലോകത്തിൽ വളരെ ദുർല്ലഭമാണു്. ഞാൻ വിവാഹിതയാണു് എന്നു പറഞ്ഞ മാത്രയിൽതന്നെ അദ്ദേഹം വിശ്വസിച്ചു. പതി എന്നെ സ്വീകരിച്ചാലും ശരി, ഇല്ലെങ്കിലും ശരി—ഇജ്ജന്മം അദ്ദേഹംതന്നെ എന്റെ പതി അതിന്നിളക്കമില്ലെന്നു ഞാൻ നിശ്ചയിച്ചു."

ഭുവനേശ്വരി ലളിതയെ മാറോടണച്ചുകൊണ്ടു പറഞ്ഞു. "അതു ശരിതന്നെ! മകളേ നീ സുമംഗലിയായി ദീഘകാലം ജീവിച്ചിരിക്കാൻ ആശീർവദിക്കുന്നു. മകളെ ഇവിടെ അല്പം ഇരിക്കു്. കല്യാണത്തിനുള്ള വധു മാറിപ്പോയിരിക്കുന്നു എന്നുഅവനാശനെ അറിയിച്ചിട്ടുവരാം" എന്നു പറഞ്ഞിട്ടു അവർ ചിരിച്ചുംകൊണ്ടു മൂത്തമകന്റെ മുറിയിലേക്കു പോയി.

ശ്രീമദ്ഭഗവദ്ഗീത

(കമനീയമായ ചിത്രത്തോടുകൂടിയതു്)

(വ്യാഖ്യാതാ, വിദ്യാഭൂഷണൻ, വി. വി. ശർമ്മ)

മൂലശ്ലോകങ്ങൾ, അന്വയം, അന്വയാർത്ഥം, പരിഭാഷ, ജ്ഞാനകർമ്മസമുച്ചയം എന്ന ഭാഷാഭാഷ്യം, പാഠഭേദം, കുറിപ്പുകൾ, മതഭേദങ്ങൾ മുതലായവയടങ്ങിയ ഭാഷാവ്യാഖ്യാനത്തോടുകൂടിയതു്. ശങ്കരഭാഷ്യം, രാമാനുജഭാഷ്യം, മധ്വഭാഷ്യം, ആനന്ദഗിരീയം, ശ്രീധരീയം, വിവരണം ഗീതാരഹസ്യം മുതലായ പ്രാചീനങ്ങളും അർവ്വാചീനങ്ങളുമായ വ്യാഖ്യാനഗ്രന്ഥങ്ങളെ ആശ്രയിച്ചു സ്വതന്ത്രമായി രചിക്കപ്പെട്ട വ്യാഖ്യാനം. വില 4 ക.

ഗീതഗോവിന്ദം ശൃംഗാരകാവ്യം

(പന്ത്രണ്ടു സർഗ്ഗാത്മകം)

വ്യാഖ്യാതാ, വിദ്യാഭൂഷണൻ, വി. വി. ശർമ്മ.

രാമപുരത്തുവാര്യരുടെ "ഭാഷാഷ്ടപദി" എന്ന പഴയ ഭാഷാകൃതിയോടുകൂടിയതു്.

മൂലശ്ലോകങ്ങളും, ഗീതപ്രബന്ധങ്ങളും, അവയുടെ അന്വയം അർത്ഥം താൽപര്യം കുറിപ്പുകൾ പാഠങ്ങൾ മുതലായവയടങ്ങിയ "രാധാകൃഷ്ണവിലാസം" എന്ന ഭാഷാവ്യാഖ്യാനവും അടങ്ങിയതു്. വില 2 ക. 8 ണ.

റെഡ്യാർപ്രസ്സ് & ബുക്കഡിപ്പോ,
തിരുവനന്തപുരം.

കുലശേഖരകൃതമായ

ശ്രീമുകുന്ദമാല

വ്യാഖ്യാതാ, വിദ്യാഭൂഷണൻ, വി. വി. ശർമ്മ.

പരമഭാഗവതോത്തമനും ശ്രീവൈഷ്ണവ ആഴ്വാന്മാരിൽ സുപ്രസിദ്ധനും ആയ കുലശേഖരാഴ്വാരുടെ ശ്രീമുകുന്ദപരമായ സ്തോത്രഗ്രന്ഥം. ഈ ഗ്രന്ഥം എല്ലാവരും മുഖപാഠമായി പഠിക്കുകയുണ്ട്. മൂലശ്ലോകങ്ങളും അന്വയം അർത്ഥം കൂട്ടർത്ഥം താത്പര്യം മുതലായവയും അടങ്ങിയതു്. വില 6 ണ.

ശ്രീമദ്ഭഗവദ്ഗീത

(പാക്കററ് ഡയറിസൈസ്)

വ്യാഖ്യാതാ, വിദ്യാഭൂഷണൻ, വി. വി. ശർമ്മ.

മൂലശ്ലോകങ്ങളും; ജ്ഞാനകർമ്മസമുച്ചയം എന്നഭാഷാഭാഷ്യവും അടങ്ങിയതു്. ഈ ഭാഷാഭാഷ്യം സർവ്വമതസാധാരണമായുള്ളതാകുന്നു. വളരെ ലളിതവും ആക്ലും ഗീതയിൽ പ്രതിപാദിക്കുന്ന വിഷയങ്ങൾ എളുപ്പം ഗ്രഹിക്കത്തക്കവിധത്തിൽ ലഘുവും ആകുന്നു. ഒന്നാംതരം ഗ്ലേസ്ഡ്പേപ്പറിൽ. വില 2 ക.

റെഡ്യാർപ്രസ്സ് & ബുക്ക്ഡിപ്പോ,
തിരുവനന്തപുരം.

മറവിൽ

(ചെറുകഥാസമാഹാരം)

ശ്രീ: പി. കേശവദേവ്.

1 രാഘവന്റെ അമ്മ
2 കർട്ടന്റെ പിറകിൽ
3 പി. സി. യുടെ പ്രേമകഥ
4 അഹിംസാസേന
5 ഇരുളിൽ
6 ?

വില ക. ൧.

GOVERNMENT HIGH & TR. UNIT SCHOOL KOTTAYAM KERALA STATE

ശ്രീ: ഇ. എം. കോവൂരിന്റെ നാലു പ്രസിദ്ധീകരണങ്ങൾ.

1 സ്പന്ദിക്കുന്ന മണ്ണു് വില ക. 1 ണ. 4
2 അശോകത്തണലിൽ ,, ക. 1 ണ. 4.
3 ഞാൻകണ്ട ഇ. വി. — അച്ചടിയിൽ
4 കൂത്തമ്പലം — — അച്ചടിയിൽ

റെഡ്യാർ പ്രസ്സ് & ബുക്കുഡിപ്പോ

തിരുവനന്തപുരം.